# Trichur Archdiocesan Bulletin

ഒക്ടോബർ 2019
വാല്യം: 87 ലക്കം: 10
ESTD:1934



ലൂക്കാ 10: 25–37 (നല്ല സമരിയാക്കാരന്റെ ഉപമ)

ARCHDIOCESE OF TRICHUR
Estd. 1887

TAB

2019 സെപ്തംബർ 8 നു
കൂദാശയും
പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട
പുലക്കാട്ടുകര
കർമ്മലനാഥാ ഇടവക
ദൈവാലയവും
അൾത്താരയും







Trichur Archdiocesan Bulletin TAB

**ഒക്ടോബർ 2019**

ലക്കം: 10 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press


*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| മാർപ്പാപ്പയുടെ സന്ദേശം | 14 |
| സർക്കുലർ | 21 |
| കച്ചേരിക്കാര്യം | 28 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 30 |
| സഹായമെത്രാന്റെ പരിപാടികൾ | 31 |
| നാളാഗമം | 32 |
| സാമ്പത്തിക കാര്യാലയം | 36 |
| വൈദികർ | 37 |
| പറോക്ക് | 39 |
| സന്യസ്തർ | 41 |
| വിശ്വാസപരിശീലനം | 47 |
| സ്ഥാപനങ്ങൾ | 54 |
| സംഘടനകൾ | 76 |

1987/ 2019
13.09.2019 P-2

# അസാധാരണ പ്രേഷിത മാസം ഇടയലേഖനം



മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീസഹോദരന്മാരേ, പ്രിയ മക്കളേ,


പ്രേഷിതരുടെ മദ്ധ്യസ്ഥയും മാതൃകയുമായ പരി. ജപമാല രാജ്ഞിക്ക് പ്രതിഷ്ഠിതമായ ഒക്ടോബർ മാസം പ്രേഷിത മാസമായിട്ടാണ് സാർവ്വത്രികസഭ ആചരിക്കുന്നത്. 2019 ഒക്ടോബർ മാസത്തെ 'അസാധാരണ പ്രേഷിത മാസ'മായി (Extra-ordinary Mission Month) പരി. പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. 2017 ഒക്ടോബർ 22നാണ് മാർപ്പാപ്പ ഇക്കാര്യം വിളംബരം ചെയ്തത്. 2019 ജൂൺ 9ന് നൽകിയ മിഷൻ സന്ദേശത്തിലൂടെ ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് മാർപ്പാപ്പ പ്രതിപാദിക്കുന്നുണ്ട്. "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" (Baptized and Sent: The Church of Christ on Mission in the World) എന്ന പ്രബോധനമാണ് ഫ്രാൻസിസ് പാപ്പ ഈ മാസത്തിന്റെ വിചിന്തനവിഷയമായി


**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത
മെത്രാപ്പോലീത്ത

നൽകിയിട്ടുള്ളത്. 1919 നവംബർ 30ന് ബനഡിക്ട് 15-ാം പാപ്പ പ്രസിദ്ധീകരിച്ച 'മാക്സിമും ഇല്ലൂദ' (Maximum Illud) എന്ന പ്രേഷിത ദൗത്യത്തെ കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരം അസാധാരണ മിഷൻ മാസത്തിനുള്ള ആഹ്വാനം ഫ്രാൻസിസ് മാർപ്പാപ്പ നടത്തി യിട്ടുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭയിലുണ്ടായ പ്രേഷിത മുന്നേറ്റത്തിന് മേൽപറഞ്ഞ ചാക്രികലേഖനം പ്രേരകമാ യിട്ടുണ്ട്.

മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിന് സ്നേഹപിതാവിനാൽ അയക്കപ്പെട്ട പ്രേഷിതനായിട്ടാണ് ഈശോ ഭൂമിയിൽ അവതീർണനായത് (യോഹ. 3:16). തന്റെ പീഡാ സഹനത്തിലൂടെയും മരണത്തി ലൂടെയും ഉത്ഥാനത്തിലൂടെയും നമുക്ക് നേടിത്തന്ന രക്ഷ തുടരുന്നതിനായി ഈശോ സഭ സ്ഥാപിക്കുകയും രക്ഷയുടെ മാർഗ്ഗങ്ങളായ തിരുവചനവും കൂദാശകളും നൽകുകയും ചെയ്തു. 'ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനും വിശ്വാസിക്കുന്നവരെ സ്നാനപ്പെടു ത്താനും' (മത്താ. 28:19-20; മർക്കോ. 16:15) 'ലോകത്തിന്റെ അതിർത്തി കൾവരെ പരിശുദ്ധാത്മശക്തി യാൽ സാക്ഷ്യം വഹിക്കാനും' (അപ്പ 1:8) ഈശോ തന്റെ അനു യായികളോട് ആവശ്യപ്പെട്ടു. വത്തിക്കാൻ സൂനഹദോസ് പഠിപ്പി ക്കുന്നതുപോലെ സഭയും സഭാതനയരും സ്വഭാവത്താലേ പ്രേഷി തരാണ് (AG 2). പിതാവായ ദൈവം പുത്രനായ ഈശോയെ അയച്ചതുപോലെ ഈശോ നമ്മെ ഓരോരുത്തരെയും മിഷനറിമാ രായി അയക്കുന്നു (യോഹ. 20:21).

ഈ കാലഘട്ടത്തിലെ സഭയെ കുറിച്ച് പൊതുവെയുള്ള പരാതി പ്രേഷിതസഭ (Missionary Church) ആകുന്നതിനുപകരം നിലനില്പ്പിനായി തത്രപ്പെടുന്ന (Maintenance Church) സഭയായി മാറുന്നു എന്നുള്ളതാണ്. ഏതാനും കർമ്മാ നുഷ്ഠാനുങ്ങളും ബാഹ്യമായ ആഘോഷങ്ങളും മനോഹരമായ പള്ളികളും സ്വാധീനമുള്ള സ്ഥാപനങ്ങളും സംവിധാനങ്ങളും ഉള്ള പ്രസ്ഥാനമായി സഭ മാറിക്കൊണ്ടിരിക്കുന്നു എന്ന ആരോ പണം പലയിടത്തുനിന്നും



കേൾക്കുന്നു. എന്നാൽ ഈശോയുടെ അനുയായികൾ നിർവഹിക്കേണ്ട ഏറ്റവും വലിയ ദൗത്യം സുവിശേഷം പ്രസംഗിക്കുക (മാർക്കോ 16: 15; 2 തിമോ. 4:2) എന്നതാണ്. 'സുവിശേഷത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു: 'സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരേയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്' (EG 14). അതുകൊണ്ട് 'നമുക്ക് നിസ്സംഗതയോടെ പള്ളികെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല' (EG 15). നവസുവിശേഷ വത്കരണത്തിന്റെ മൂന്നു മേഖലകളിൽ നാം ഊന്നൽ കൊടുക്കണമെന്ന് പാപ്പ പറയുന്നു: (1) ഇന്ന് നാം ചെയ്തു കൊണ്ടിരിക്കുന്ന സാധാരണ അജപാലന ശുശ്രൂഷാ മണ്ഡലം. (2) മാമ്മോദീസ സ്വീകരിച്ചിട്ടുണ്ടെങ്കിലും തദനുസൃതം ജീവിക്കാത്തവരായ വ്യക്തികൾക്ക് വേണ്ടിയുള്ള ശുശ്രൂഷ. (3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. ഇന്ന് നാം കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് ഒന്നാമത്തെ മണ്ഡലത്തിൽ മാത്രമാണ്. പ്രാന്തപ്രദേശങ്ങളിലേക്ക് (peripheries) ഇറങ്ങിച്ചെന്ന് ക്രൈസ്തവവിശ്വാസം ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെയും വിശ്വാസം ഉപേക്ഷിച്ചവരുടെയും ഇടയിലുള്ള പ്രേഷിതദൗത്യത്തിന് ഊന്നൽ കൊടുക്കുവാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു.

'സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ' എന്ന രേഖയിൽ അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലു കാര്യങ്ങളെ കുറിച്ച് ഫ്രാൻസിസ് പാപ്പ പറയുന്നുണ്ട്: 1. വി. കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കി കൊണ്ടുള്ള ക്രൈസ്തവജീവിത സാക്ഷ്യം 3. വിശുദ്ധ ഗ്രന്ഥം, മതബോധനം, ആധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ

അധിഷ്ഠിതമായ വൈദിക-സന്യസ്ത-അത്മായ മേഖലകളി ലുള്ള പ്രേഷിത രൂപീകരണം 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തു സ്നേഹം പ്രകടമാക്കുന്ന നിസ്വാർ ത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

പ്രേഷിതപ്രവർത്തനം കുറഞ്ഞ് സ്ഥാപനവത്കരണത്തി ലേക്ക് സഭ തിരിയുന്നു ണ്ടെങ്കിൽ അത് ജീർണ്ണതയുടെ ലക്ഷണങ്ങളാണെന്ന് നാം തിരിച്ചറിയണം. സഭയുടെ പ്രേഷിത തീക്ഷ്ണത വീണ്ടെടുക്കുവാനുള്ള സുവർണ്ണാ വസര മാണ് 2019 ഒക്ടോബറിലെ ഈ അസാധാരണ പ്രേഷിതമാസം. ഇന്ത്യ മുഴുവനും പ്രേഷിത പ്രവർത്തനത്തിന് സീറോ മലബാർ സഭയ്ക്ക് അവസരം തുറന്ന് കിട്ടിയതും ഷംഷാബാദ് രൂപത യുടെ സ്ഥാപനവും രാമനാഥപുരം രൂപത തമിഴ്നാട്ടിലെ വിവിധ ജില്ലകളിലേക്ക് വ്യാപിപ്പിക്ക പ്പെട്ടതും നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ പ്രേഷിത മുന്നേറ്റത്തിനുള്ള നൂതന അവസരമാണ്.

അസാധാരണ പ്രേഷിത മാസത്തിൽ ദൈവജനത്തിന്റെ മിഷനറി പ്രതിബദ്ധതയെ ഉണർ ത്തുവാൻ ഉതകുന്ന പരിപാടികൾ കെ.സി.ബി. സിയുടേയും സീറോമലബാർ സിനഡിന്റേയും നിർദ്ദേശങ്ങളുടെ വെളി ച്ചത്തിൽ അതിരൂപത-ഇടവക-കുടുംബ തലങ്ങളിലും സമർപ്പിത-കുടുംബ കൂട്ടായ്മ- സംഘാനാതലങ്ങളിലും നാം ആവിഷ്ക്കരിക്കുന്നുണ്ട്. താഴെ പറയുന്ന കർമ്മപരിപാടികളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രാവർത്തികമാക്കുവാൻ നിങ്ങളുടെ സഹ കരണം ഞാൻ അഭ്യർത്ഥിക്കുന്നു.

1. അതിരൂപതയുടെ പ്രേഷിത ഔത്സുക്യം വർദ്ധിപ്പിക്കുന്നതിനും ക്രിയാത്മകമാക്കു ന്നതിനുമായി 'സുവിശേഷവത്കരണ വിഭാഗം' (Department for Evangelization) നാം പുതുതായി 2020 മുതൽ ആരം ഭിക്കുകയാണ്. അതി രൂപതാ കാര്യാലയത്തിൽ പ്രത്യേക ഓഫീസും സംവിധാ നങ്ങളും ഇതിനുണ്ടായിരിക്കും. അതിരൂപതയ്ക്ക് അകത്തും പുറത്തുമുള്ള മിഷൻ പ്രവർ ത്തനങ്ങളെ ഇനി മുതൽ ഈ സംവിധാനമായിരിക്കും ഏകോപിപ്പിക്കുക.
2. അസാധാരണ പ്രേഷിതമാസ ത്തോടനുബന്ധിച്ച് നടപ്പി ലാക്കാൻ കെ.സി.ബി.സി. യും സീറോ മലബാർ സിനഡിന്റെ സുവിശേഷവ ത്ക്കരണ കമ്മീഷനും നൽകിയിട്ടുള്ള നിർദ്ദേ ശങ്ങൾ ഈ ഇടയലേഖനത്തോ ടൊപ്പം അനുബന്ധമായി നൽകുന്നു. അവ കഴിയുന്ന വിധത്തിൽ പ്രാവർത്തിക മാക്കാൻ ബന്ധപ്പെട്ടവർ ശ്രമി ക്കേണ്ടതാണ്.

3. നമ്മുടെ ദൈവാലയങ്ങളിലും കുടുംബങ്ങളിലും ഈ ഒക്ടോ ബർ മാസത്തിൽ ചൊല്ലുന്ന ജപമാലകൾ മിഷനറിമാർക്കും മിഷൻ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രത്യേകം നിയോഗം വച്ച് സമർപ്പിക്കുവാൻ താത്പര്യ പ്പെടുന്നു.
4. മിഷൻ ഞായറാഴ്ച എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ മിഷൻ പുനരർപ്പണ പ്രതിജ്ഞ യെടുത്ത് ഓരോ ക്രൈസ്തവന്റേയും പ്രേഷിതദൗത്യത്തെ കുറിച്ച് ബോധവത്കരണം നടത്തേണ്ടതാണ്.
5. ഒക്ടോബർ മാസത്തിൽ നാം മിഷൻ ഞായർ കവർ പിരിവ് നടത്തുന്നത് മൂന്ന് ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ്. (a) സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുക. (മാർപ്പാപ്പയുടെ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി വഴിയാണ് ഈ സംഖ്യ നാം നൽകുന്നത്). (b) സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുക. (c) നമ്മുടെ അതിരൂപത യുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുക. നമ്മുടെ അതിരൂപതയുടേതായ മിഷൻ പ്രവർത്തനം പ്രധാനമായും ഇപ്പോൾ ഉദ്ദേശിക്കുന്നത് (i) ഷംഷാബാദ് രൂപതയിൽ നാം ഏറ്റെടുത്തിരിക്കുന്ന വിശാഖപട്ടണം മിഷനുവേണ്ടിയും (ii) രാമനാഥപുരം രൂപതയിലെ പ്രത്യേക മിഷനുവേണ്ടിയും (iii) രൂപതയിലെ മറ്റു മിഷൻ പ്രവർ ത്തനങ്ങൾക്കും വേണ്ടിയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ മിഷൻ ഞായർ കവർ പിരിവ് കൂടുതൽ ഊർജ്ജിത മാക്കാൻ ആഹ്വാനം ചെയ്യുന്നു.
6. പ്രേഷിതമാസത്തിൽ ദൈവാ ലയങ്ങളിലും കുടുംബങ്ങളിലും മാർപ്പാപ്പ നൽകിയ പ്രത്യേക പ്രാർത്ഥന ചൊല്ലുക. കുർബാ നയിലെ സമൂഹപ്രാർത്ഥ നയിൽ മിഷനുമായി ബന്ധപ്പെട്ട ഒരു കാറോസൂസ ചൊല്ലുന്നത് ഉചിതമാണ്.
7. മിഷനെ കുറിച്ച് കുടുംബകൂട്ടാ യ്മ– സംഘടനാതലങ്ങളിൽ ചർച്ചകൾ നടത്തി ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
8. പ്രേഷിതലക്ഷ്യത്തോടെ ഒരു വീട് മിഷൻ പ്രദേശത്തെ മറ്റൊരു വീടിന് ഒരു ബൈബിൾ നൽകുക; ഒരു ഇടവക ഒരു മിഷൻ കേന്ദ്രം ദത്തെടുക്കുക; ഒരു സംഘടന ഒരു മിഷൻ സ്ഥലം സന്ദർശിക്കുക; മിഷ നറിമാർക്ക് ഇടവകയിൽ അനുഭവം പങ്കുവയ്ക്കുവാൻ അവസരമൊരുക്കുക തുടങ്ങിയ പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
9. കഴിഞ്ഞ വർഷം ക്രിസ്തുമസ്സി നോടനുബന്ധിച്ച് നല്കിയ

കാരുണ്യനിധിയെ കുറിച്ചുള്ള സന്ദേശത്തിൽ സൂചിപ്പിച്ചതു പോലെ വി. ഗ്രന്ഥം ആവശ്യ പ്പെടുന്നതുപോലെ ദശാംശം നൽകുക എന്നത് നമ്മുടെ ക്രിസ്തീയ ജീവിത കർമ്മപരി പാടിയാക്കുവാൻ എല്ലാവരും ശ്രമിക്കണം. ദശാംശസംഖ്യയുടെ പകുതി മിഷൻ പ്രവർത്ത നങ്ങൾക്കായി മാറ്റിവയ്ക്കു വാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

10. ഓരോ ക്രൈസ്തവനും താന നുഭവിച്ച ഈശോയെ കുറിച്ചും സഭയെ കുറിച്ചും ഉത്തമ ക്രൈസ്തവ ചൈതന്യ ത്തോടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ തയ്യാറാ കണം. അതിനായി (1) മിഷനുവേണ്ടി പ്രാർത്ഥിക്കുക (2) മിഷൻ ദൈവവിളികൾ പ്രോത്സാ ഹിപ്പിക്കുക (3) അത്മായ പ്രേഷിതത്വം പ്രോത്സാഹിപ്പിക്കുക (4) നവമാധ്യമങ്ങൾ അടക്കമുള്ള മാധ്യമ–സാമൂഹിക–സാംസ്കാരിക മേഖലകളെ പ്രേഷിത വേദിയ്ക്കായി ഉപയുക്തമാക്കുക (5) മിഷനെ സാമ്പത്തികമായും മറ്റും സഹായിക്കുക തുടങ്ങിയവ നമ്മുടെ കർമ്മ പരിപാടികൾ ആക്കണം. കാരുണ്യ വർഷത്തിൽ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തതുപോലെ കാരുണ്യത്തിന്റെ മിഷനറി മാരാകാൻ (Missionaries of Mercy) നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നമുക്ക് പരിശ്രമിക്കാം. യേശുവിനെ മറ്റുള്ളവർക്ക് നൽകാനുള്ള ഒരു മാർഗ്ഗം കാരുണ്യപ്രവർത്തികളാണെന്ന് (മത്താ. 25:40) നാം തിരിച്ചറിയണം.

പരി. കന്യകാമറിയമാണ് മിഷൻ പ്രവർത്തനത്തിന്റെ മാതൃ കയും മധ്യസ്ഥയും. തനിക്ക് ലഭിച്ച ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ച് (ലൂക്ക. 2:19,51), പരിശുദ്ധാത്മകൃപയാൽ മജ്ജയും മാംസവും നൽകി (ലൂക്ക. 2:38; യോഹ. 1:14) അവൾ യേശുവിനെ മറ്റുള്ളവർക്കു നൽകി. തനിക്ക് ലഭിച്ച യേശുവിന്റെ കാരുണ്യത്തെ മറ്റുള്ളവർക്ക് നൽകാൻ അവൾ തിടുക്കത്തിൽ പോയി (ലൂക്ക. 1:39). കുരിശിന്റെ പിന്നാലെ നടന്നു നീങ്ങിയ അവൾ ശ്ലീഹന്മാർക്ക് അമ്മയായി (യോഹ. 19:26–27; അപ്പ. 1:14). ഈ ജപമാലമാസ ത്തിൽ പരി. അമ്മയുടെ മധ്യസ്ഥം തേടി നമുക്ക് ഉത്തമ മിഷനറി മാരാകാം. വി. കൊച്ചുത്രേസ്യാ യെപ്പോലെ പാപികളുടെ മാനസാ ന്തരത്തിനും മിഷൻ പ്രവർത്ത നങ്ങളുടെ വിജയത്തിനും വേണ്ടി പ്രാർത്ഥിച്ചും സാക്ഷ്യം വഹിച്ചും നമുക്ക് ഉത്തമ മിഷനറിമാരാകാം. മിഷൻ ദൈവവിളികൾ പ്രോത്സാ ഹിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം.

നിങ്ങൾക്കേവർക്കും ജപമാല രാജ്ഞിയുടെ തിരുനാളിന്റെയും പ്രേഷിതമാസത്തിന്റെയും മംഗളങ്ങൾ നേരുന്നു. പരി. ജപമാല രാജ്ഞിയുടെ മധ്യസ്ഥതയിൽ പിതാവിനാൽ മനുഷ്യരക്ഷ യ്ക്കായി

അയയ്ക്കപ്പെട്ട ഈശോ നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 2019 സെപ്റ്റംബർ 29–ാം തിയ്യതി ഞായറാഴ്ച്ച വി. കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കണം.

## അനുബന്ധം 1

### പ്രേഷിതമാസത്തിൽ നടപ്പിലാക്കാൻ കെ.സി.ബി.സി. നിർദ്ദേശിക്കുന്ന കർമ്മപരിപാടികൾ

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.
2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ–ഫൊറോനാ–ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.
3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരുക്കുകയും അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.
5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.
6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.
7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പി.ഒ.സി. യിൽ നടന്നുവരുന്ന വിറ്റ്നസസ്

ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.
10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.
11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.
12. 'അസാധാരണ പ്രേഷിതമാസത്തിന്റെ' (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.
13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.
14. വൈദിക–സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.
15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.
16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.
17. അല്മായ പ്രേഷിത സംരംഭങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.

18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മ കമായും കാര്യക്ഷമമായും നടത്തുക.

## അനുബന്ധം 2

## പ്രേഷിതമാസത്തിൽ നടപ്പിലാക്കാൻ സിറോ മലബാർ സിനഡിന്റെ സുവിശേഷവത്ക്കരണ കമ്മീഷൻ നിർദ്ദേശിക്കുന്ന കർമ്മപരിപാടികൾ

1. ഒക്ടോബർ മാസം മുഴുവനും എല്ലാ കുടുംബങ്ങളിലും സമർപ്പിത സമൂഹങ്ങളിലും ഇടവകകളിലും മാർപ്പാപ്പ നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലുക. ഈ പ്രാർത്ഥനയുടെ മലയാള പരിഭാഷ കമ്മീഷന്റെ വെബ്സൈറ്റിലും രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും വെബ്സൈറ്റുകളിലും ലഭ്യമാക്കുന്നതാണ്. ചെറുപുഷ്പം മിഷൻ ലീഗിന്റെ സഹായം ഇതിന് ലഭ്യമാണ്. (അ നുബന്ധം 3 കാണുക)
2. ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ സമൂഹമാധ്യമങ്ങളിലും വെബ്സൈറ്റു കളിലും ഫിയാത്ത് മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കു ന്നതാണ്.
3. ജനതകളുടെ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം നിർദ്ദേശിച്ചിരിക്കുന്ന വിശുദ്ധ ഗ്രന്ഥ വായനകൾ അടിസ്ഥാനമാക്കി ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും വചനവ്യാഖ്യാനവും അനുബന്ധ വിചിന്തനങ്ങളും ദിവ്യകാരുണ്യ മിഷനറി സഭയുടെ (MCBS) ലൈഫ് ഡേ (lifeday.in) എന്ന ഓൺലൈൻ മാധ്യമത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്.
4. ജപമാല മാസമായി ആചരിക്കുന്ന ഒക്ടോബറിൽ ദൈവാലയ ങ്ങളിലെ ഒരു ദിവസത്തെ പരി. കുർബാനയും ആരാധനയും ജപമാലയും മിഷനുവേണ്ടി സമർപ്പിക്കുക.
5. രൂപതകളും സമർപ്പിത സമൂഹങ്ങളും അത്മായ പ്രേഷിതരും നടത്തുന്ന ധ്യാനകേന്ദ്രങ്ങളിൽ മിഷനെ കുറിച്ചുള്ള അവബോധം നൽകുന്ന ഒരു മിഷൻ ധ്യാനമെങ്കിലും സംഘടിപ്പിക്കുക. ഫിയാത്ത് മിഷന്റെയും ക്രിസ്റ്റീൻ ടീമിന്റെയും സഹകരണവും സഹായവും ഇക്കാര്യത്തിന് ലഭ്യമാണ്. ഇതിന് സാധിക്കുന്നില്ലെങ്കിൽ, സാധാരണ നടത്തപ്പെടുന്ന ധ്യാനങ്ങളിൽ ഒരു പ്രഭാഷണം എങ്കിലും മിഷനെ കുറിച്ചുള്ളതാക്കുക.
6. മിഷൻ ഞായർ കൂടുതൽ തീഷ്ണതയോടെ ആഘോഷിക്കുക. ആ ദിവസമോ അല്ലെങ്കിൽ ഒക്ടോബർ മാസത്തിലെ മറ്റേതെങ്കിലും ഞായറാഴ്ചയോ, ഒരു മിഷനറി വൈദികന്റെ അനുഭവം ജനങ്ങളുമായി പങ്കുവയ്ക്കാനുള്ള അവസരമൊരുക്കുക.

7. ഒക്ടോബർ മാസത്തിലെ അവസാന ഞായറാഴ്ചയോ, ജപമാല സമാപനത്തോട് അനുബന്ധിച്ചോ ഒരു മിഷൻ റാലി സംഘടിപ്പിക്കുക.
8. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഏതെങ്കിലും ഒരു ദിവസം മിഷൻ എക്സിബിഷൻ സംഘടിപ്പിക്കുക. അതിനുവേണ്ടിയുള്ള സഹായവും പോസ്റ്ററുകളും രൂപതാ കേന്ദ്രങ്ങളിലും സമർപ്പിത സമൂഹങ്ങളുടെ കേന്ദ്രഭവനങ്ങളിലും വെബ്സൈറ്റുകളിലും ഫിയാത്ത് മിഷന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്.
9. ഒക്ടോബർ മാസത്തെയോ നവംബർ മാസത്തെയോ കുടുംബ കൂട്ടായ്മകളിലെ വിചിന്തന വിഷയം മിഷനെ കുറിച്ചുള്ളതാക്കുക. ഇതിന് സഹായകരമായ ലഘുലേഖ സീറോ മലബാർ സഭയുടെ പ്രേഷിത മുന്നണിയായ MST സമൂഹത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്.
10. ഇടവകതലത്തിലും രൂപതാതലത്തിലും സമർപ്പിത സമൂഹത്തിലും മിഷൻ കോൺഫ്രൻസുകൾ സംഘടിപ്പിക്കുക. സഭയുടെ കേന്ദ്ര കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വച്ച് എല്ലാ രൂപതകളിലും നിന്നും സമർപ്പിത സമൂഹങ്ങളിൽ നിന്നും ഉള്ള പ്രതിനിധികൾക്കായി നവംബർ മാസത്തിൽ ഒരു മിഷൻ കോൺഫ്രൻസ് സംഘടിപ്പിക്കുന്നതാണ്.

## അനുബന്ധം 3

## പ്രേഷിതമാസത്തിൽ ഇടവകകളിലും സ്ഥാപനങ്ങളിലും ചൊല്ലുന്നതിനായി മാർപ്പാപ്പയുടെ നിർദ്ദേശപ്രകാരം നൽകപ്പെട്ട പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ അങ്ങയുടെ ഏകജാതനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു ഉത്ഥാനശേഷം 'പോകുവിൻ, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' എന്ന് ശിഷ്യരോട് കല്പിച്ചുവല്ലോ. അതുവഴി ജ്ഞാനസ്നാനത്തിലൂടെ ഞങ്ങളോരോരുത്തരും സഭയുടെ പ്രേഷിത പ്രവൃത്തിയിൽ പങ്കാളികളായിരിക്കുന്നുവെന്ന് ഞങ്ങളറിയുന്നു.

സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതിൽ ധീരതയും തീക്ഷ്ണതയുമുള്ളവരായിരിക്കാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വഴി ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങനെ സഭയെ ഏല്പിച്ചിട്ടുള്ളതും ഇനിയും പൂർണമായി നിറവേറിയിട്ടില്ലാത്തതുമായ ഈ പ്രേഷിതദൗത്യം ലോകത്തിനു ജീവനും പ്രകാശവും നല്കുവാൻ കനിയണമേ.

യേശുക്രിസ്തുവിന്റെ രക്ഷാകരമായ സ്നേഹവും കാരുണ്യവും എല്ലാ ജനതകളും അനുഭവിക്കാൻ ഇടവരുത്തുന്നതിന് ഞങ്ങളെ സഹായിക്കണമേ. അങ്ങയോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഈ പ്രാർത്ഥന കേട്ടരുളണമേ, ആമ്മേൻ



Ref. 3221/K-5/KCBC/OL/DS
23 August 2019

# ലോകമിഷൻ ദിനം–2019

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീസഹോദരന്മാരേ,

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30–ന് പുറപ്പെടുവിച്ച "മാക്സിമും ഇല്ലൂദ്" ("ഏറ്റവും വലിയ ആ കാര്യം") എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനരുജ്ജീവിപ്പിക്കാൻ മുഴുവൻ സഭയോടും ഞാൻ ആവശ്യപ്പെട്ടിരുന്നു. ആ ലേഖനത്തിന്റെ ദീർഘവീക്ഷണമുള്ളതും പ്രവാചകപരവുമായ പ്രേഷിതത്വദർശനം ഒരിക്കൽ കൂടി സഭയുടെ പ്രേഷിതത്വസമർപ്പണം നവീകരിക്കുന്നതിന്റെ പ്രാധാന്യം എന്നെ ബോധ്യപ്പെടുത്തി. അതോടൊപ്പം മരിച്ച് ഉത്ഥാനം ചെയ്ത യേശു

ക്രിസ്തു നല്കുന്ന രക്ഷ ലോകത്തിനു നല്കുന്നതിന്റെയും സഭയുടെ സുവിശേഷപ്രവർത്തനത്തിന് പുതിയ സുവിശേഷാത്മക പ്രചോദനം നല്കുന്നതിന്റെയും പ്രാധാന്യവും എനിക്കു വ്യക്തമായി.

ഈ സന്ദേശത്തിന്റെ തലവാചകം ഒക്ടോബറിലെ മിഷണറി മാസസന്ദേശത്തിന്റേതു തന്നെയാണ്. ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ. ഈ മിഷനറി മാസാചരണം ഒന്നാമതായി യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതത്വപരമായ മാനം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കും. മാമ്മോദീസയിൽ നമുക്കു സൗജന്യമായി നല്കപ്പെട്ട വിശ്വാസമാണത്. ദൈവവുമായുള്ള നമ്മുടെ പുത്രസഹജമായ ബന്ധം കേവലം സ്വകാര്യബന്ധമല്ല; എപ്പോഴും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോടുള്ള സമ്പർക്കത്തിലൂടെ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം പുതിയ ജീവനിലേക്കു ജനിക്കുന്നു. ഈ ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല (നമ്മൾ മതപരിവർത്തനം അഭ്യസിക്കുന്നവരല്ല); പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. അതാണ് പ്രേഷിതത്വത്തിന്റെ അർത്ഥം. ഈ ദാനം നമുക്കു സൗജന്യമായി കിട്ടി. ആരെയും ഒഴിവാക്കാതെ സൗജന്യമായി നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു (cf. മത്താ 10:8). രക്ഷയുടെ സാർവത്രിക കൂദാശയായ സഭയുടെ ശുശ്രൂഷ വഴി എല്ലാ ജനതകളും സത്യം അറിയുകയും തന്റെ കാരുണ്യം അനുഭവിക്കുകയും ചെയ്ത് രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (cf. 1 തിമോ 2:4; ലൂമെൻ ജെൻസിയും 48).

സഭ ലോകത്തിൽ മിഷനറിയാണ്. എല്ലാ വസ്തുക്കളെയും സുവിശേഷവെളിച്ചത്തിൽ കാണുവാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ശക്തരാക്കുന്നു. നാം പങ്കുവയ്ക്കുന്ന ദൈവിക ജീവന്റെ ശാശ്വത ചക്രവാളങ്ങളെ പ്രത്യാശ നമുക്ക് തുറന്നു തരുന്നു. കൂദാശകളിലും സഹോദര സ്നേഹത്തിലും നാം മുൻകൂട്ടി രുചിച്ചറിഞ്ഞ പരസ്നേഹം ലോകത്തിന്റെ അതിരുകൾ വരെ മുന്നേറാൻ നമ്മെ നിർബന്ധിക്കുന്നു (cf.

മിക്കാ 5:4; മത്താ 28:19; അപ്പ 8, റോമാ 10:18). ഏറ്റവും അകലെയുള്ള അതിർത്തിവരെ മുന്നേറാൻ സ്വയം നിർബന്ധിക്കുന്ന ഒരു സഭയ്ക്ക് സുസ്ഥിരവും തുടർച്ചയുള്ളതുമായ മിഷണറി മാനസാന്തരം ആവശ്യമാണ്. അപരിമിതമായ ഈ തുറവി, കാരുണ്യത്തിലുള്ള ഈ മുന്നേറ്റം, യഥാർത്ഥത്തിൽ സാധ്യവും യഥാർത്ഥവുമാണെന്ന് എത്രയോ വിശുദ്ധന്മാരും വിശ്വാസികളായ എത്രയോ സ്ത്രീപുരുഷന്മാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്! അത് സ്നേഹത്താൽ നയിക്കപ്പെടുന്നു. അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം ദാനമാണ്, ബലിയാണ്, സൗജന്യമാണ് (cf. 2 കോറി 5:14–21)! ദൈവത്തെപ്പറ്റി പ്രസംഗിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മനുഷ്യനായിരിക്കണം (cf. Maximum Illud).

ഈ പ്രേഷിത കല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കുന്നു. ഞാൻ എപ്പോഴും ഒരു മിഷൻ ആണ്. നീ എപ്പോഴും ഒരു മിഷൻ ആണ്. മാമ്മോദീസാ മുങ്ങിയ ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറത്തേക്കു വരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് കൊടുക്കുന്നു; ജീവൻ നല്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നമ്മിൽ ഓരോരുത്തനും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്. മാതാപിതാക്കൾക്ക് നുണകൊണ്ടും വിദ്വേഷംകൊണ്ടും അവിശ്വസ്തതകൊണ്ടും തങ്ങളുടെ സ്നേഹത്തെ ഒറ്റിക്കൊടുക്കാൻ കഴിയുമെങ്കിലും ദൈവം ഒരിക്കലും താൻ നല്കിയ ജീവന്റെ ദാനം തിരിച്ചെടുക്കുന്നില്ല. നിത്യത മുതൽ തന്റെ മക്കളിൽ ഓരോ വ്യക്തിയും തന്റെ ദൈവികവും ശാശ്വതവുമായ ജീവനിൽ പങ്കുചേരണമെന്ന് അവിടന്ന് നിശ്ചയിച്ചിട്ടുണ്ട് (cf. എഫേ 1:3–6).

ഈ ജീവൻ മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടു. മാമ്മോദീസ നമുക്ക് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു. മാമ്മോദീസ നമുക്ക് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള പുനർജനനം നല്കുകയും സഭയാകുന്ന ക്രിസ്തുശരീരത്തിന്റെ അവയവങ്ങളാക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ മാമ്മോദീസ യഥാർത്ഥത്തിൽ രക്ഷയ്ക്ക് അത്യാവശ്യമാണ്. കാരണം, നാം എപ്പോഴും എല്ലായിടത്തും പിതാവിന്റെ ഭവനത്തിലെ പുത്രീപുത്രന്മാരാണെന്നും ഒരിക്കലും അനാഥനോ അപരിചിതരോ അടിമകളോ അല്ലെന്നും അത് ഉറപ്പു നല്കുന്നു.

ഒരു കൗദാശിക യാഥാർത്ഥ്യമായി ക്രൈസ്തവനിലുള്ളതും പരിശുദ്ധ കുർബാനയിൽ പൂർത്തീകരണം കണ്ടെത്തുന്നതുമായ മാമ്മോദീസ മാനസാന്തരവും രക്ഷയും തേടുന്ന ഓരോ വ്യക്തിയിലും വിളിയും ലക്ഷ്യവുമായി നിലകൊള്ളുന്നു. എന്തെന്നാൽ, മാമ്മോദീസ ദൈവിക ദാനത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അത് ഓരോ വ്യക്തിയെയും ദൈവപുത്രനിൽ പുത്രനോ പുത്രിയോ ആക്കുന്നു. നമ്മൾ നമ്മുടെ സ്വാഭാവിക മാതാപിതാക്കളുടെ സന്തതികളാണ്. എന്നാൽ മാമ്മോദീസായിൽ നാം എല്ലാ പിതൃത്വത്തിന്റെയും യഥാർത്ഥ മാതൃത്വത്തിന്റെയും ഉറവിടത്തെ സ്വീകരിക്കുന്നു: സഭ അമ്മയായിട്ട് ഇല്ലാത്ത ഒരുവനും ദൈവം പിതാവായിരിക്കുകയില്ല (cf. Saint Cyprian, De Cath. Eccl.,6) നമ്മുടെ മിഷൻ അതുകൊണ്ട് ദൈവത്തിന്റെ പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും വേരുറച്ചതാണ്. ഉത്ഥിതനായ ക്രിസ്തു ഈസ്റ്ററിൽ നല്കിയ കല്പന മാമ്മോദീസായിൽ ഉൾച്ചേർന്നിരിക്കുന്നു: പിതാവ് എന്നെ അയച്ചതുപോലെ ഞാൻ പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയയ്ക്കുന്നു – ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിത്തന്നെ ( യോഹ 20,19–23; മത്താ 28:16–20). ഈ മിഷൻ ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ തനിമയുടെ ഭാഗമാണ്. പിതാവിന്റെ ദത്തുപുത്രരാകാനുള്ള തങ്ങളുടെ വിളി മനസ്സിലാക്കാൻ എല്ലാ മനുഷ്യരെയും പ്രാപ്തരാക്കാനുള്ള കടമ ഇതു നമുക്കു നല്കുന്നു. അവരുടെ വ്യക്തിപരമായ മഹത്ത്വം മനസ്സിലാക്കാനും ഗർഭാവസ്ഥ മുതൽ സ്വാഭാവിക മരണംവരെ ഓരോ മനുഷ്യജീവനുമുള്ള ആന്തരിക യോഗ്യത വിലമതിക്കാനും ഇതു നമ്മെ കടപ്പെടുത്തുന്നു. ഇന്നത്തെ അനിയന്ത്രിതമായ സെക്കുലറിസം നമ്മുടെ ചരിത്രത്തിൽ ദൈവത്തിന്റെ സജീവ പിതൃത്വത്തെ അക്രമപരമായുള്ള സാംസ്കാരിക പരിത്യജിക്കൽ ആയിത്തീരുമ്പോൾ യഥാർത്ഥ മാനുഷിക സാഹോദര്യത്തിന് തടസ്സമായിത്തീരുന്നു. ഓരോ വ്യക്തിയുടെയും ജീവനോടുള്ള പരസ്പര ബഹുമാനത്തിന്റെ പ്രകാശനം കണ്ടെത്തുന്നത് യഥാർത്ഥ മാനുഷിക സാഹോദര്യത്തിലാണല്ലോ. യേശുക്രിസ്തു പകർന്നുതന്ന ദൈവത്തെക്കൂടാതെ മനുഷ്യജാതിയിൽ സാഹോദര്യ സ്വീകാര്യതയും ഫലപ്രദമായ ഐക്യവും അസാധ്യമാക്കുംവിധം ഓരോ വ്യത്യസ്തതയും നാശകരമായ ഒരു ഭീഷണിയായി ചുരുങ്ങുന്നു.

ദേശീയതാവാദത്തിന്റെയും വംശവാദത്തിന്റെയും എല്ലാ രൂപങ്ങളെയും അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതിന് ബനഡിക്ട് 15–ാമൻ മാർപാപ്പായെ യേശുക്രിസ്തുവിൽ ദൈവം നല്കിയ ദാനത്തിന്റെ സാർവത്രികത പ്രേരിപ്പിച്ചു. കോളനി വാഴ്ചക്കാരുടെ സാമ്പത്തികവും സൈനികവുമായ താത്പര്യങ്ങളോട് സുവിശേഷപ്രഘോഷണത്തെ കൂട്ടി

ച്ചേർക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യാനും അത് അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാക്സിമും ഇല്ലൂദ് എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ മാർപാപ്പാ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ സാർവത്രിക മിഷൻ ഒരുവന്റെ രാജ്യത്തിലെയും വംശീയ ഗ്രൂപ്പിലെയും അംഗത്വത്തെക്കുറിച്ചുള്ള പരവർജ്ജനപരമായ ആശയങ്ങൾ മാറ്റിവയ്ക്കണമെന്നതാണ് ആ കാര്യം. സംസ്കാരത്തെയും സമൂഹത്തെയും യേശുക്രിസ്തുവിന്റെ രക്ഷാകരമായ നവീനതയിലേക്കു തുറക്കുന്നതിന് വംശപരമോ സഭാപരമോ ആയ ഏതു തരത്തിലുമുള്ള ഉൾവലിവ് ഉപേക്ഷിക്കണം. തങ്ങളുടെ മാമ്മോദീസായുടെ ശക്തികൊണ്ട് വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശികസഭയും ഉപേക്ഷിക്കാനുള്ള വിളിയോട് ഉദാരതയോടെ ഉത്തരം പറയുന്ന സ്ത്രീപുരുഷന്മാരെ യേശുക്രിസ്തുവിന്റെ കൂദാശകളോ അവിടത്തെ വിശുദ്ധ സഭയോ ഇനിയും രൂപാന്തരപ്പെടുത്താത്ത, രാജ്യങ്ങളിലേക്ക് ലോകത്തേക്ക് അയയ്ക്കപ്പെടാൻ ഇന്നും ദൈവവചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ജീവൻ ആഘോഷിച്ചുകൊണ്ടും അവർ മാനസാന്തരത്തിനായി ക്ഷണിക്കുന്നു, മാമ്മോദീസാ മുക്കുകയും ക്രൈസ്തവ രക്ഷ നല്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തോടും അവർ അയയ്ക്കപ്പെട്ടിരിക്കുന്ന സംസ്കാരങ്ങളോടും മതങ്ങളോടും ജനതകളോടും സംഭാഷണത്തിൽ ഏർപ്പെട്ടുമാണ് അങ്ങനെ ചെയ്യുന്നത്. മിസ്സിയോ ആദ് ജെന്തെസ് (വിജാതീയരിലേക്കുള്ള മിഷൻ പ്രവർത്തനം) സഭയ്ക്ക് എപ്പോഴും ആവശ്യമാണ്. എല്ലാ ക്രൈസ്തവരിലും തുടർമാനസാന്തര പ്രക്രിയയ്ക്ക് മൗലികമായ വിധത്തിൽ അതു സംഭാവന ചെയ്യുന്നു. യേശുവിന്റെ ഈസ്റ്റർ സംഭവത്തിലുള്ള വിശ്വാസം, മാമ്മോദീസയിൽ സ്വീകരിച്ച സഭാപരമായ ദൗത്യം, തന്നിൽ നിന്നു തന്നെയും തന്റെ ഭവനത്തിൽ നിന്നും ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ അകല്ച്ച, പാപത്തിൽ നിന്നുള്ള രക്ഷ, വ്യക്തിപരവും സാമൂഹികവുമായ തിന്മയിൽ നിന്നു വിമോചനം എന്നിവയ്ക്കെല്ലാം ഭൂമിയുടെ അതിർത്തികൾ വരെ എത്തിച്ചേരുന്ന മിഷൻ ആവശ്യമാണ്.

ശതവത്സരാഘോഷവും ആമസോണിലെ സഭകളെ സംബന്ധിച്ച പ്രത്യേക സിനഡും ദൈവപരിപാലനയിൽ ഒന്നിച്ചു സംഭവിക്കുന്നു. യേശു നമ്മെ ഏല്പിച്ചതും പരിശുദ്ധാത്മാവിന്റെ ദാനത്തോടു കൂടിയതുമായ മിഷൻ ആ പ്രദേശങ്ങൾക്കും അവയുടെ ജനങ്ങൾക്കും എങ്ങനെ കാലോചിതവും അത്യാവശ്യവുമാണെന്ന് ഊന്നിപ്പറയാൻ ഇത് എന്നെ അനുവദിക്കുന്നു.

ഒരു സംസ്കാരവും അതിൽത്തന്നെ അടച്ചുപൂട്ടിയിരിക്കാതിരിക്കാനും

ഒരു ജനതയും വിശ്വാസത്തിന്റെ സാർവത്രിക ഐക്യത്തിൽ നിന്ന് വിച്ഛേദിക്കപ്പെടാതിരിക്കാനുമായി സഭയുടെ കവാടങ്ങളെ മലർക്കെ തുറന്നിടുന്നത് ഒരു പുത്തൻ പെന്തക്കൊസ്തയാണ്. ആത്മനിമഗ്നതയിലും (Self-indulgence) വംശീയവും മതാത്മകവുമായ സ്വത്വബോധത്തിലും ആരും കുടുങ്ങിപ്പോകരുത്. സ്ത്രീപുരുഷന്മാരുടെ മഹത്ത്വത്തോടുള്ള ബഹുമാനത്തിൽ വളരാൻ, എല്ലാവർക്കും യഥാർത്ഥ ജീവൻ നല്കുന്ന ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് കൂടുതൽ ആഴത്തിൽ മാനസാന്തരപ്പെടാൻ, ആഹ്വാനം ചെയ്തുകൊണ്ട് യേശുവിന്റെ ഈസ്റ്റർ സംഭവം ലോകങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടുങ്ങിയ പരിധികൾ തകർത്തു മുന്നേറുന്നു.

ബ്രസീലിൽ അപ്പരേസീദയിൽ (Aparecida) 2007–ൽ നടന്ന ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേളനത്തിന്റെ ആരംഭത്തിൽ ബനഡിക്ട് 16–ാമൻ മാർപാപ്പാ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ അനുസ്മരിക്കുന്നു. താഴെപ്പറയുന്ന ആ വാക്കുകൾ ആവർത്തിക്കാനും എന്റേതാക്കാനും ഞാൻ ആഗ്രഹിക്കുന്നു: "ലത്തീൻ അമേരിക്കയിലെയും കരീബിയനിലെയും രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവവിശ്വാസം പുൽകൽ എന്താണർത്ഥമാക്കിയത്? തങ്ങളുടെ പൂർവികർ തിരിച്ചറിയാതെ തന്നെ തങ്ങളുടെ സമ്പന്നമായ മതപാരമ്പര്യങ്ങളിൽ അന്വേഷിച്ചുകൊണ്ടിരുന്ന അജ്ഞാത ദൈവമായ ക്രിസ്തുവിനെ അറിയുകയും സ്വാഗതം ചെയ്യുകയും ചെയ്യുക എന്നതാണത്. അവർ നിശ്ശബ്ദരായി ആഗ്രഹിച്ചുകൊണ്ടിരുന്ന രക്ഷകൻ ക്രിസ്തു ആണ്. മാമ്മോദീസയുടെ ജലത്തിൽ ദത്തുവഴി അവരെ ദൈവമക്കളാക്കിയ ദൈവിക ജീവൻ അവർ സ്വീകരിച്ചുവെന്നും അതിന് അർത്ഥമുണ്ട്. കൂടാതെ, മനുഷ്യാവതാരം ചെയ്ത വചനം തങ്ങളുടെ സംസ്കാരങ്ങളിൽ പാകിയിരുന്ന അനേകം വിത്തുകളെ വികസിപ്പിച്ചുകൊണ്ടും ആ സംസ്കാരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടും, അങ്ങനെ സുവിശേഷപാതകളിലൂടെ തങ്ങളെ നയിച്ചുകൊണ്ടും തങ്ങളുടെ സംസ്കാരങ്ങളെ ഫലദായകമാക്കാൻ വന്ന പരിശുദ്ധാത്മാവിനെ അവർ സ്വീകരിച്ചു. ദൈവവചനം യേശുക്രിസ്തുവിൽ മാംസമായിത്തീർന്നുകൊണ്ട് ചരിത്രവും സംസ്കാരവുമായിത്തീരുകയും ചെയ്തു. ക്രിസ്തുവിൽ നിന്നും സാർവത്രിക സഭയിൽ നിന്നും വേർപ്പെടുത്തിക്കൊണ്ട് കൊളംബസിനു മുൻപുള്ള മതങ്ങൾക്ക് പുനർശ്വാസം നല്കുകയെന്ന അപ്രായോഗിക സങ്കല്പം മുന്നോട്ടുള്ള ഒരു ചുവടുവയ്പായിരിക്കുകയില്ല. തീർച്ചയായും അത് ഒരു പിന്നോട്ടടിക്കലാകും. യഥാർത്ഥത്തിൽ ഭൂതകാലത്ത് ഉറപ്പിക്കപ്പെട്ട ചരിത്രത്തിലെ ഒരു ഘട്ടത്തിലേക്കുള്ള പിൻവാങ്ങലായിരിക്കും അത് (Address at the Inaugural Session 13 May 2007. Insegnamenti III, I (2007) 855–856).


സഭയുടെ മിഷൻ നാം നമ്മുടെ അമ്മയായ മറിയത്തെ ഏല്പിക്കുന്നു. പരിശുദ്ധ കന്യക മനുഷ്യാവതാരത്തിന്റെ നിമിഷംമുതൽ തന്റെ തീർത്ഥാടനം തുടങ്ങി. അവൾ യേശുവിന്റെ മിഷനിൽ പൂർണമായി ഉൾപ്പെട്ടിരുന്നു. കുരിശിൻചുവട്ടിൽ തന്റേതായിത്തീർന്ന മിഷൻ ആണ് അത്. ആത്മാവിലും വിശ്വാസത്തിലും ദൈവത്തിന്റെ പുതിയ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നതിൽ സഹകരിക്കുന്ന മിഷൻ ആണത്.

മാക്സിമും ഇല്ലൂദ് ഒരു മിഷണറി ഉറവിടമായി പണ്ടേ നിർദേശിച്ചിട്ടുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞുകൊണ്ട് ഇത് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ സഭയുടെ സാർവത്രികതയ്ക്ക് സേവനം ചെയ്യുന്നു. മാർപാപ്പായ്ക്ക് മിഷണറി സമർപ്പണത്തിൽ നല്കുന്ന പിന്തുണയുടെ ആഗോള നെറ്റുവർക്കായിട്ട് അതു പ്രവർത്തിക്കുന്നു. ലോകത്തെങ്ങുമുള്ള ക്രിസ്ത്യാനികളിൽ നിന്നുള്ള പ്രാർത്ഥന, പ്രേഷിത ചൈതന്യം, പരസ്നേഹപരമായ ദാനങ്ങൾ എന്നിവകൊണ്ടാണ് പിന്തുണ നല്കുന്നത്. വ്യക്തിസഭകളുടെ സുവിശേഷവത്കരണ പരിശ്രമങ്ങളിലും (വിശ്വാസ പ്രചാരത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക വൈദിക പരിശീലനത്തിലും (വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ പൊന്തിഫിക്കൽ സൊസൈറ്റി) കുട്ടികളിൽ മിഷനറിബോധം ഉണർത്തുന്നതിലും (പൊന്തിഫിക്കൽ സൊസൈറ്റി ഓഫ് മിഷണറി ചൈൽഡ് ഹുഡ്) ക്രൈസ്തവ വിശ്വാസത്തിന്റെ മിഷനറിമാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും (പൊന്തിഫിക്കൽ മിഷനറി യൂണിയൻ) അവ മാർപാപ്പായെ സഹായിക്കുന്നു. ഈ സൊസൈറ്റികൾക്കുള്ള എന്റെ പിന്തുണ ഞാൻ നവീകരിക്കുന്നു. 2019 ഒക്ടോബറിലെ  അസാധാരണ മിഷൻമാസാചരണം അവയുടെ മിഷനറി നവീകരണത്തിന് സഹായകമാകുമെന്നും അങ്ങനെ അവ എന്റെ ശുശ്രൂഷയെ കൂടുതൽ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മിഷനിമാരായ സ്ത്രീപുരുഷന്മാർക്കും, മാമ്മോദീസായുടെ ശക്തിയാൽ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിൽ പങ്കുചേരുന്നവർക്കും എന്റെ ഹൃദയംഗമമായ ആശീർവാദം ഞാൻ അയയ്ക്കുന്നു.

വത്തിക്കാനിൽ നിന്ന്, 9 ജൂൺ 2019
പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**



Ref. 3222/K-5/KCBC/OL/DS
23 August 2019

# വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെ.സി.ബി.സി പുറപ്പെടുവിക്കുന്ന

# സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

മറിയം ത്രേസ്യ എന്ന ഒരു വിശുദ്ധയെക്കൂടി സമ്മാനിച്ചുകൊണ്ട് 2019 ഒക്ടോബർ 13-നു കേരളസഭ തിരുസഭയുടെ ചരിത്രത്തിൽ ഒരിക്കൽക്കൂടി സ്ഥാനം പിടിക്കുമ്പോൾ സന്തോഷിക്കാനും അഭിമാനിക്കാനും നമുക്കു വക ലഭിക്കുന്നു. ഒരു വിശുദ്ധനോ വിശുദ്ധയോ ആയി ജീവിക്കുകയെന്നാൽ എല്ലാ ജീവിതാനുഭവങ്ങളെയും, പ്രത്യേകിച്ചു സഹനങ്ങളെയും പരീക്ഷണങ്ങളെയും പരാജയങ്ങളെയും വിശ്വാസത്തിന്റെ കൃപയിലൂടെ സ്വീകരിച്ചു സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നതാണ്.

ദൈവിക പുണ്യങ്ങൾ വീരോചിതമായി ജീവിച്ചു എന്ന് സുദീർഘവും ശ്രമകരവും ശാസ്ത്രീയവുമായ പഠനങ്ങളിലൂടെ സ്ഥിരീകരിച്ചതിനു ശേഷമാണു തിരുസഭ മറിയം ത്രേസ്യയെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നത്. ഈ പ്രക്രിയ ആരംഭിച്ചതു വിശ്വാസികൾ തന്നെയാണ്. തിന്മ

യിൽ നിന്നകന്നു ദൈവിക പുണ്യങ്ങളഭ്യസിക്കുകയും വിശുദ്ധജീവിതം നയിച്ച് കുടുംബങ്ങളിൽ കരുണാർദ്രസ്നേഹം പകരുകയും പുണ്യവതി എന്ന് അറിയപ്പെടുകയും ചെയ്തിരുന്ന മദർ മറിയം ത്രേസ്യയുടെ മരണാനന്തരം അനേകർ മദ്ധ്യസ്ഥസഹായം യാചിച്ചു പ്രാർത്ഥിച്ചിരുന്നു. അനുഗ്രഹം ലഭിച്ചവർ പരസ്പരം വിവരം കൈമാറുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുകയുണ്ടായി. നീണ്ട 24 വർഷം മറിയം ത്രേസ്യയുടെ ആദ്ധ്യാത്മിക പിതാവും മദർ സ്ഥാപിച്ച ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സഹസ്ഥാപകനും ധന്യൻ എന്ന പദവി ലഭിച്ചവനും ആയ ഫാ. ജോസഫ് വിതയത്തിൽ തന്റെ മരണത്തിന് ഏഴു വർഷം മുമ്പ്, 1957–ൽ, മദറിനെ സംബന്ധിച്ച എല്ലാ രേഖകളും തൃശൂർ രൂപതാ മെത്രാനു (മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിനു) കൈമാറി.

1973–ൽ നാമകരണ നടപടിക്ക് ആരംഭം കുറിച്ചതോടെ ദൈവദാസി എന്ന ആദ്യപദവിക്ക് മദർ അർഹയായി. രൂപതാതലപഠനത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ട ഹിസ്റ്റോറിക്കൽ കമ്മീഷൻ, ട്രൈബ്യൂണൽ അംഗങ്ങൾ എന്നിവർ മദർ ജീവിച്ച സാഹചര്യം, ജീവിതശൈലി, സുകൃതങ്ങൾ, എഴുത്തുകൾ, ഉപദേശങ്ങൾ എന്നിവയും മദറുമായി അടുത്ത ബന്ധം പുലർത്തിയ വ്യക്തികളുടെ സാക്ഷ്യങ്ങളും ഗൗരവമായി പഠിച്ചു വിശകലനം ചെയ്തു രൂപരേഖകൾ തയ്യാറാക്കി റോമിലേക്ക് അയച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ജോർജ്ജ് നെടുങ്ങാട്ട് S.J. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ Positio ദൈവശാസ്ത്രജ്ഞരും കർദ്ദിനാൾമാരും പഠിച്ചതിനു ശേഷം വി. ജോൺ പോൾ പാപ്പ അംഗീകരിച്ച് 1999–ൽ മദറിനെ ധന്യയെന്നു പ്രഖ്യാപിച്ചു.

ഇതിനിടയിൽ 1974–ൽ തൃശ്ശൂർ രൂപതയിലെ അമ്മാടം ഇടവകയിലെ പല്ലിശ്ശേരി മാത്യു എന്ന 14 വയസ്സുകാരന്റെ ഉള്ളിലേക്കു വളഞ്ഞിരുന്ന രണ്ടു കാല്പാദങ്ങളും നിവർന്നത് മദർ മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതമാണെന്നു വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ സ്ഥിരീകരിച്ചതിനാൽ 2000 ഏപ്രിൽ 9–നു വത്തിക്കാനിൽ വച്ചു ജോൺ പോൾ പാപ്പ മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചു.

വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള രണ്ടാമത്തെ അത്ഭുതം നടന്നത് 2009 ഏപ്രിൽ 9–നാണ്. തൃശൂർ അമല ആശുപത്രിയിൽ പെരിഞ്ചേരി ചൂണ്ടൽ ജോഷി–ഷിബി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ക്രിസ്റ്റഫർ ജോഷി പൂർണ്ണവളർച്ചയെത്താതെ ജനിച്ചു. താമസിയാതെതന്നെ Persistant Pulmonary Distress Syndrom എന്ന രോഗം മൂർഛിച്ച് Respiratory failure മൂലം ഗുരുതരാവസ്ഥയിലായി. മരണത്തോടു മല്ലടിച്ചിരുന്ന കുഞ്ഞിനു വേണ്ടി വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും മൂന്നാം ദിവസം തിരുശേഷിപ്പ് കുഞ്ഞിന്റെ മേൽ വച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അരമണിക്കൂറിനു ശേഷം കുഞ്ഞ് അത്ഭുതാവഹമാംവിധം സുഖപ്പെടുകയും ശ്വാസോഛ്വാസം സാധാരണനിലയിലാകുകയും ചെയ്തു. ഇത്തരം രോഗമുള്ള കുഞ്ഞുങ്ങൾക്കു കൊടുക്കേണ്ട മരുന്നോ വെന്റിലേറ്റർ സഹായമോ അന്ന് അവിടെ ലഭ്യമായിരുന്നില്ല. അവ ഇല്ലാതെതന്നെ ദ്രുതഗതിയിലും പൂർണ്ണമായും ലഭിച്ച സുഖപ്രാപ്തി അത്ഭുതമാണ്, വൈദ്യശാസ്ത്രത്തിനു വിവരിക്കാനാവാത്തതാണ് എന്ന് ചികിത്സിച്ചിരുന്ന ഡോക്ടർ ശ്രീനിവാസൻ സ്ഥിരീകരിക്കുകയുണ്ടായി. തൃശൂർ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിയോഗിച്ച ട്രൈബ്യൂണൽ അംഗങ്ങൾ ഈ അത്ഭുതം കൂലംകഷമായി പഠിച്ച് 2013 –ൽ റിപ്പോർട്ടു സമർപ്പിച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ബനഡിക്ട് വടക്കേക്കര O.F.M. Cap. ന്റെ നേതൃത്വത്തിൽ Miracle Positio തയ്യാറാക്കി തിരുസംഘത്തിനു നൽകി. വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ ഘട്ടം ഘട്ടമായി പരിശോധിച്ച് ഐക്യകണ്ഠേന പാസാക്കി Positio പരിശുദ്ധ പിതാവിനു സമർപ്പിച്ചതിനു ശേഷമാണു ജൂലായ് 1–ാം തീയതി കൂടിയ Public Consistory യിൽ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയെ ഒക്ടോബർ 13–നു വിശുദ്ധയായി പ്രഖ്യാപിക്കുമെന്ന തീരുമാനമുണ്ടായത്.

വിശുദ്ധയായ മറിയം ത്രേസ്യ ജനിച്ചത് ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമാ – താണ്ട ദമ്പതികളുടെ മൂന്നാമത്തെ സന്താനമായിട്ടാണ്. “ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ് ഏറെ ക്ലേശിച്ചിരുന്നു” എന്നു പറഞ്ഞാണു മറിയം ത്രേസ്യ തന്റെ ആത്മകഥ തുടങ്ങുന്നത്. ദൈവത്തെ സ്നേഹിക്കാനും ദൈവികപുണ്യങ്ങൾ അഭ്യസിക്കാനും വിശുദ്ധിയിൽ ജീവിക്കാനും ഏറെ ത്യാഗങ്ങളും, സഹനങ്ങളും, പരീക്ഷണങ്ങളും അവൾ ഏറ്റെടുത്തു. തിരുക്കുടുംബം ഒന്നിച്ചും, മാതാവ്, ഉണ്ണീശോ, കുരിശു ചുമക്കുന്ന ഈശോ, യൗസേപ്പിതാവ് എന്നിവർ ഓരോരുത്തരായും പ്രത്യക്ഷപ്പെട്ട് മറിയം ത്രേസ്യയെ സഹനങ്ങളിലും പൈശാചിക പരീക്ഷണങ്ങളിലും ആശ്വസിപ്പിക്കുകയും

സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരുന്നതായി ത്രേസ്യയും മറ്റുള്ളവരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുക്കുടുംബാംഗങ്ങൾ അവളുടെ ജീവിതത്തിൽ സന്തതസഹചാരികളായിരുന്നു.

ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും സാന്മാർഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മധൈര്യം, ആത്മസംയമനം എന്നിവയും മറ്റു നിരവധി പുണ്യങ്ങളും വീരോചിതമായി ജീവിച്ചാണ് അവൾ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കുയർത്തപ്പെട്ടിരിക്കുന്നത്. 'ദൈവം ദൈവമല്ലേ?' 'ദൈവം ദൈവമാണെന്നുള്ള ശരണം മാത്രമാണെനിക്കുള്ളത്,' 'നമ്മുടെ ദൈവം നമ്മുടെ ശരണം' എന്ന പുണ്യവതിയുടെ ആത്മമന്ത്രങ്ങൾ അവളുടെ ആഴമായ വിശ്വാസത്തെയും ശരണത്തെയും സൂചിപ്പിക്കുന്നു.

നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചും ദിവ്യബലിയർപ്പണത്തിനായി പ്രത്യേകവിധത്തിൽ ഒരുങ്ങിയും കാൽവരിനാഥനോടൊപ്പം ബലിയർപ്പിച്ചും ദിവ്യകാരുണ്യത്തോടുള്ള സ്നേഹവും ഭക്തിയും അവൾ സ്വന്തമാക്കി. തനിക്ക് അറിവില്ലാതിരുന്ന സുറിയാനി ഭാഷയിൽ ബലിയർപ്പിച്ചിരുന്ന ആ കാലഘട്ടത്തിൽ ബലിയർപ്പണത്തിന്റെ അന്തഃസത്ത ഗ്രഹിച്ച് ബലിയിൽ സംബന്ധിച്ചിരുന്ന രീതി ആത്മകഥയിൽ എഴുതിയിരിക്കുന്നത് വായിക്കുന്നവരെ അതിശയിപ്പിക്കും. വി. കുർബാനയും ദിവ്യകാരുണ്യവും ജീവസ്രോതസ്സായിരുന്നു ത്രേസ്യയ്ക്ക്. കുരിശിൻ ചുവട്ടിലിരുന്ന് ഈശോയുടെ പീഡാനുഭവം ധ്യാനിച്ചിരുന്ന അവൾ പീഡാനുഭവത്തിൽ പങ്കുചേരാനും ഈശോയുമായി താദാത്മ്യപ്പെടാനും ആഗ്രഹിച്ചതിന് നാഥൻ സമ്മാനമായി നൽകിയ തിരുമുറിവുകൾ അവളെ പഞ്ചക്ഷതം പേറുന്നവളാക്കി. "മതി കർത്താവേ മതി; ഈ കുരിശ് ഞാൻ ചുമന്നുകൊള്ളാം" എന്നുള്ളതു കുരിശും വഹിച്ച് ഈശോ പ്രത്യക്ഷപ്പെട്ടപ്പോഴുള്ള അവളുടെ വാക്കുകളായിരുന്നു. സഹിക്കുന്നവരിലും ത്രേസ്യ കണ്ടത് പീഡ സഹിക്കുന്ന ഈശോയെയാണ്. അതുകൊണ്ടു തന്നെ രോഗികൾ, മരണാസന്നർ, അനാഥർ, പാവപ്പെട്ടവർ, പാപികൾ എന്നിവർ മദർ മറിയം ത്രേസ്യയുടെ സ്നേഹത്തിനും കരുണയ്ക്കും പ്രാർത്ഥനയ്ക്കും അർഹരായി. സ്ത്രീകൾക്ക് പുറത്തിറങ്ങാൻ അനുവാദമില്ലാതിരുന്ന കാലത്ത് ഇവരെ തേടി ത്രേസ്യ കുടുംബങ്ങളിലേക്കു ചെന്നു. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുകയും ശക്തിപ്പെടുത്തുകയും തകർന്ന കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും കൂട്ടിയിണക്കുകയും ചെയ്തിരുന്നു എന്നത് പ്രവാചക ധീരതയോടെയുള്ള ഉപവി പ്രവർത്തനമാണ്. അതു തന്നെയാണ് അവളെ കുടുംബങ്ങളുടെ മദ്ധ്യസ്ഥയും കുടുംബപ്രേഷിതരുടെ മാതൃ

കയുമാക്കിയത്. അവളിലെ ഉപവിയുടെ അലിവ് അറിയാത്തവർ പുത്തൻചിറയിലും പ്രാന്തപ്രദേശങ്ങളിലും വളരെ വിരളമായിരുന്നു.

സാന്മാർഗിക പുണ്യങ്ങളായ വിവേകത്തിന്റെ പൂർണ്ണതയും നീതിയുടെ ശബ്ദവും ആത്മസംയമനത്തിന്റെ കരുത്തും, ആത്മധൈര്യത്തിന്റെ ശക്തിയും മറിയം ത്രേസ്യയുടെ ജീവിതത്തിലും ശുശ്രൂഷാ മേഖലകളിലും പ്രസ്പഷ്ടമായിരുന്നു. വിനയം, വിധേയത്വം, വിട്ടുവീഴ്ചാ മനോഭാവം, തപസ്സ്, പ്രായശ്ചിത്തം, പരിത്യാഗം എന്നിവ അവളുടെ സുകൃതങ്ങളും ജീവിതശൈലിയും ആയിരുന്നു. എളിമയുടെയും അനുസരണത്തിന്റെയും ആൾരൂപമായിരുന്നു അവൾ എന്നാണ് സമകാലീനർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ദൈവൈ ക്യം ലക്ഷ്യമാക്കിയുള്ള തന്റെ ആത്മീയ യാത്രയിൽ തിരുക്കുടുംബവും പാടുപീഢകൾ സഹിച്ച് ക്രൂശിതനായ ഈശോ യും, ദിവ്യകാരുണ്യവുമായിരുന്നു വിശുദ്ധയുടെ ആത്മീയ സ്രോതസ്സുകൾ. ഈ ശക്തിത്രയങ്ങളിലാണ് മദർ മറിയം ത്രേസ്യ തന്റെ ആദ്ധ്യാത്മികത പടുത്തുയർത്തിയത്.

കുടുംബ ശുശ്രൂഷയ്ക്കായി തന്റെ 38–ാമത്തെ വയസ്സിൽ 1914 മെയ് 14–ന് *കോൺഗ്രിഗേഷൻ ഓഫ് ദ ഹോളി ഫാമിലി* എന്ന പേരിൽ ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം കൊടുക്കാനും അനേകം പേരെ അതിലേക്ക് ആകർഷിക്കാനും ദൈവം അനുഗ്രഹമേകി. ഒരാത്മാവുപോലും നഷ്ടപ്പെട്ട് പോകരുത് എന്ന ആഗ്രഹത്താൽ ഹൃദയത്തിൽ ദൈവസ്നേഹാഗ്നിയും കാലിൽ ചിറകുമായി കുടുംബങ്ങളെ രക്ഷയിലേക്കാനയിക്കാൻ മദർ ഓടിനടന്നു. പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ശുദ്ധീകരാത്മാക്കൾക്കായി പ്രാർത്ഥനയും പരിത്യാഗങ്ങളും നടത്താനും സദാ ഉത്സുകയായിരുന്നു. അറിവുപകരാൻ വിദ്യാലയങ്ങൾ സ്ഥാപിച്ചും അഗതികൾക്കായി അനാഥമന്ദിരങ്ങൾ പണിതീർത്തും തന്റെയും സമൂഹത്തിന്റെയും പ്രേഷിതരംഗങ്ങൾ മദർ വിപുലീകരിച്ചു.

സാധാരണ ജനത്തിനു ഗ്രഹിക്കാൻ കഴിയാത്ത തരത്തിലുള്ള മൗതികാനുഭവങ്ങൾ, പഞ്ചക്ഷത –ക്രൂശിതാനുഭവങ്ങൾ, പൈശാചികാക്രമണങ്ങൾ എന്നിവ നിറഞ്ഞതും കാലഘട്ടത്തിനപ്പുറമുള്ള ഉന്നതമായ ചിന്താഗതികളോടെ വെല്ലുവിളികളെ സധൈര്യം ഏറ്റെടുത്തുകൊണ്ടുള്ളതും സംഭവബഹുലവും പ്രശ്നസങ്കുലിതവുമായിരുന്നു 50 വർഷം നീണ്ട ത്രേസ്യയുടെ ജീവിതം. ഈ ജീവിതത്തിൽ 24 വർഷം ത്രേസ്യയ്ക്കു ശക്തിയും പ്രചോദനവുമായി നിലകൊണ്ടതും മാർഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നിർലോഭം നൽകി നയിച്ചതും ആത്മീയപിതാവ് ധന്യൻ ജോസഫ് വിതയത്തിൽ അച്ചനാണ്.

കോൺഗ്രിഗേഷൻ സ്ഥാപിച്ച് 12–ാമത്തെ വർഷത്തിൽ 1926 ജൂൺ 8–ാം തീയതി മദർ പരലോകം പുൽകി. മൂന്നാമത്തെ ഭവനമായ തുമ്പൂർ മഠത്തിന്റെ വെഞ്ചിരിപ്പു വേളയിലുണ്ടായ തിക്കിലും തിരക്കിലും പള്ളിയുടെ ക്രാസിക്കാൽ മറിഞ്ഞുണ്ടായ മുറിവാണ് മരണകാരണമായി മാറിയത്. മദറിന്റെ മരണസമയത്തു തന്നെ മൂന്ന് ഭവനങ്ങളും 55 അംഗങ്ങളും 2 സ്കൂളുകളും 10 കുട്ടികളുള്ള അനാഥാലയവും ഉണ്ടായിരുന്നു എന്നത് ദൈവകൃപ എന്നേ പറയാൻ കഴിയുള്ളൂ. കാരണം 100 വർഷങ്ങൾക്കു മുമ്പ് ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികളുള്ള കാളവണ്ടി യുഗത്തിലാണ് ഈ വളർച്ച എന്നതു തികച്ചും അത്ഭുതാവഹമാണ്.

ഒരോ കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും വ്യത്യസ്തതകളും വെല്ലുവിളികളും അനുസരിച്ച് തങ്ങൾക്കു ലഭിച്ച ദൈവാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിച്ചവരാണ് വിശുദ്ധർ. ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന വഴികളുപയോഗിച്ച് തങ്ങളുടെ ഇച്ഛാശക്തിയെ വരുതിയിലാക്കി ശുദ്ധമനസ്സാക്ഷിയോടെ ദൈവത്തെ പ്രാപിക്കാൻ ശ്രമിച്ചവരാണവർ. അങ്ങനെ അവർ ആത്മീയ യോദ്ധാക്കളായി മാറി. കാരണം, അതിന് ഒരുപാട് അച്ചടക്കപരമായ അഭ്യാസം (asceticism) ആവശ്യമാണ്. അത് സ്നേഹത്തിന്റെ വഴികൂടിയാണ്. സ്നേഹത്തിന്റെ പാതയിൽ വ്യക്തിയുടെ ആത്മാവ് ദൈവാത്മാവുമായി യോജിക്കപ്പെടുന്നു. അത് ചിലപ്പോൾ മറ്റുള്ളവർക്കു ഗ്രഹിക്കാൻ തക്കവണ്ണം പ്രകാശിതമാകുന്നു. അതിന്റെ പ്രതിഫലനമാണ് പഞ്ചക്ഷതവും മറ്റും. ഇക്കാര്യങ്ങൾ മറിയം ത്രേസ്യയിൽ സാക്ഷാത്കരിക്കപ്പെട്ടു എന്നു പറയാം. അതിനാലാണ് അവൾ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെടുവാൻ യോഗ്യയാണെന്ന് സഭ കരുതുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത്. നമ്മൾ അതിൽ സന്തോഷിക്കുകയും ദൈവത്തിന് സ്തുതികളർപ്പിക്കുകയും ചെയ്യുന്നു.

ഗഹനങ്ങളായ ഉദ്ബോധനങ്ങൾ മറിയം ത്രേസ്യയിൽ കാണുന്നില്ല. സാധാരണത്വം നിറഞ്ഞ, അതേസമയം ഏറെ പ്രയോഗികമായ, കാര്യങ്ങളാണവൾ നിർദ്ദേശിക്കുകയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തത്. “നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക;” “തമ്മിൽ തമ്മിൽ സ്നേഹിക്കുക; തമ്മിൽ തമ്മിൽ സഹായിക്കുക” എന്ന് തുടങ്ങിയ വചനങ്ങളിലൂടെ ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിക്കുവാൻ വി. മറിയം ത്രേസ്യ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധയുടെ ജീവിത മാതൃക ഉൾക്കൊണ്ട് വിശുദ്ധ ജീവിതം നയിക്കാൻ നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം. ഒക്ടോബർ 13–ന് റോമിൽവച്ചു നടക്കുന്ന നാമകരണ കർമ്മങ്ങളിലും നവംബർ 16–ന് കുഴിക്കാട്ടുശ്ശേരിയിൽ നടക്കുന്ന

കൃതജ്ഞതാബലിയിലും ആത്മീയമായും നേരിട്ടും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് വിശ്വാസികളേവരെയും ആഹ്വാനം ചെയ്യുന്നു. കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയിലൂടെ ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസപാക്യം**
*പ്രസിഡന്റ്, കെസിബിസി*

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
*വൈസ് പ്രസിഡന്റ്, കെസിബിസി*

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
*സെക്രട്ടറി ജനറൽ, കെസിബിസി*

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ*
*ആസ്ഥാനകാര്യാലയം, കൊച്ചി – 682 025*

---

**N.B.** 2019 ഒക്ടോബർ 6–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി വാർത്തകൾ

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

**ഒക്ടോബർ 2019**

1 : വി. കൊച്ചുത്രേസ്യ
2 : കാവൽ മാലാഖ
4 : ആദ്യവെള്ളി
വി. ഫ്രാൻസിസ് അസ്സീസി
6 : **ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ**
13 : **ഏലിയാ സ്ലീവ മൂശ ആറാം ഞായർ**
15 : ആവിലായിലെ വി. ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
20 : **ഏലിയാ സ്ലീവ മൂശ ഏഴാം ഞായർ**
മിഷൻ ഞായർ
27 : **ഏലിയാ സ്ലീവ മൂശ എട്ടാം ഞായർ**
28 : വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ

**2. ഒക്ടോബർ മാസത്തെ പരിപാടികൾ**

ഒക്ടോബർ 27 : മിഷൻ ഞായർ

**3. വൈദികരുടെ നിയമനം:**

1. ഫാ. ജോൺ ചിറ്റിലപ്പിള്ളി – സഹായി ചേർപ്പ്; സാധുത 2019 ആഗസ്റ്റ് 8 മുതൽ.
2. ഫാ. അനീഷ് പുത്തൻപുരക്കൽ – സഹവികാരി ചേലക്കര; സാധുത 2019 ആഗസ്റ്റ് 8 മുതൽ.
3. ഫാ. ടൈസൻ മണ്ടുംപാൽ – പഠനാവധി, സഹവികാരി ഒല്ലൂർ മേരിമാത ഒഴിവായി; സാധുത 2019 ആഗസ്റ്റ് 16 മുതൽ.



4. ഫാ. പ്രിൻസ് ചിറയിൽ SDV – സഹവികാരി ഒല്ലൂർ മേരിമാത; സാധുത 2019 ആഗസ്റ്റ് 16 മുതൽ.
5. ഫാ. ക്ലമന്റ് വാഴപറമ്പിൽ – ചികിത്സാവധി; സാധുത 2019 ആഗസ്റ്റ് 16 മുതൽ.
6. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ – നടത്തുവികാരി തൊയക്കാവ് കൂടി; സാധുത 2019 ആഗസ്റ്റ് 16 മുതൽ.
7. ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് – പഠനാവധി; സാധുത 2019 സെപ്തംബർ 1 മുതൽ.
8. ഫാ. പോൾ കാട്ടൂക്കാരൻ – നടത്തുവികാരി പൂത്തറക്കൽ കൂടി; സാധുത 2019 സെപ്തംബർ 1 മുതൽ.
9. ഡീ. മാത്യു കുത്തുകല്ലുങ്കൽ MCBS – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2019 ആഗസ്റ്റ് 26 മുതൽ നവംബർ 24 വരെ .

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഒക്ടോബർ മാസത്തെ പരിപാടികൾ

## OCTOBER 2019

| Date | Day | Time | Description |
|---|---|---|---|
| 01-30 | | | Ad Limina Visit, Rome |



**അങ്ങ് എന്റെ ദീപം കൊളുത്തുന്നു.
എന്റെ ദൈവമായ കർത്താവ് എന്റെ
അന്ധകാരം അകറ്റുന്നു.**

*സങ്കീർത്തനം 18: 128*

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഒക്ടോബർ മാസത്തെ പരിപാടികൾ

# OCTOBER 2019

| Date | Day | Time | Description |
|---|---|---|---|
| 1-17 | | | Ad Limina Visit, Rome |
| 18 | Fri | Morning | Curia Meeting |
| | | Afternoon | St. Thomas Collge |
| | | Evening | Mannuthy - Vocationist Sisters Foundation Day |
| 19 | Sat | Morning | Holy Mass - Minor Seminary |
| | | Evening | Baptism at Kuriachira |
| 20 | Sun | Morning | Holy Mass - Chemmannur |
| | | Evening | Arimbur - Festal Mass |
| | | | Perinchery - SVDP Golden Jubilee |
| 21 | Mon | Evening | Baptism at Chengalur |
| 22 | Tue | Morning | Curia Meeting |
| | | Evening | Office Work |
| 23 | Wed | Morning | Engaged |
| | | Evening | Ollur - Kooduthurakkal |
| 24 | Thu | Morning | For Priests & Religious |
| 25 | Fri | Morning | Curia Meeting |
| | | Evening | Visitors' Time |
| 26 | Sat | Morning | Vallam - Festal Mass |
| | | Evening | Attathra - Pastoral Visit |
| 27 | Sun | | Attathra - Pastoral Visit |
| 28 | Mon | Morning | Attathra - Pastoral Visit |
| 29 | Tue | Morning | Curia Meeting |
| | | Evening | Office Work |
| 30 | Wed | | Engaged |
| 31 | Mor | | For Priests & Religious |




## ആഗസ്റ്റ് 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് വരടിയം ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു. വൈകിട്ട് ബൊൻ നത്താലെ 2019ന് ഒരുക്കമായുള്ള മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചക്ക് കനകമലയിൽ മാതൃവേദി സംഗമം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം സോഫ്റ്റ്വെയർ ഡവലപ്പ്മെന്റ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.
2 അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിക്കുകയും പുതുക്കിപണിത ആരാധനപള്ളി വെഞ്ചരിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് കൂർക്കഞ്ചേരിയിൽ സി. വലന്റീന സി.എസ്. സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വിവാഹകോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. ശേഷം സി. റോജർ എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മമ്മിയൂരിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു.

3–4 അഭിവന്ദ്യ താഴത്ത് പിതാവ് ഗ്വാളിയോറിയിൽ പുതിയ മെത്രാനായി നിയമിതനായ ഡോ. ജോസഫ് തൈക്കാട്ടിലിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ആഗസ്റ്റ് 3ന് ബ്ര. പോളി എം. എം.ബി.യുടെ സിൽവർ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് പേരാമംഗലത്ത് അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് കാർമ്മികത്വം വഹിച്ചു.

4. അഭിവന്ദ്യ ടോണി പിതാവ് മരത്തംകോട് ഇടവകയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

5. അഭിവന്ദ്യ പിതാക്കന്മാർ മൈനർ സെമിനാരിയിൽ നടന്ന വിയാനി ഡേ ആഘോഷങ്ങളിലും വൈദികസമ്മേളനത്തിലും പങ്കെടുത്തു.

6–9 അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി.യിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിയിൽ നടന്ന യുവജനസമ്മേളനം – Juventus Christi 2019 – ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ചെമ്പുക്കാവ് മരീന കോൺവെന്റിൽ രാവിലെ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിലെ എം.ഇ.പി.സി. സെമിനാറിൽ പങ്കെടുത്തു.

11–13 അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ., എസ്.സി.എം. മീറ്റിംഗുകളിൽ പങ്കെടുത്തു.

12. അഭിവന്ദ്യ ടോണി പിതാവ് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന കെ.എൽ. എം.ന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് പൂച്ചിന്നിപ്പാടം ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സെമിത്തേരി വെഞ്ചരിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ബിഷപ്സ് ഹൗസിൽ ദേശീയ പതാക ഉയർത്തി. മുണ്ടത്തിക്കോട് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഗുരുവായൂർ ലിസ്യു കോൺവെന്റിൽ സി. എൽജീവ എഫ്. സി.സി. യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് അഭിവന്ദ്യ ടോണി പിതാവ് ഒല്ലൂർ ഇടവകയിലെ യുവജനസംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ മതബോധന മെറിറ്റ് ഡേയിലും എ.സി.സി. കോൺവൊക്കേഷനിലും പങ്കെടുത്തു.

16. അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതിയോഗത്തിലും വൈദികസമിതി യോഗത്തിലും പങ്കെടുത്തു. വൈകിട്ട് അഭിവന്ദ്യ താഴത്ത് പിതാവ് പെർമനന്റ് സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദിൽ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകിട്ട് മൈനർ സെമിനാരിയിൽ ഡിഗ്രി വിദ്യാർത്ഥികളുമായി സംസാരിച്ചു.
17. അഭിവന്ദ്യ താഴത്ത് പിതാവ് 2020ലെ പാസ്റ്ററൽ പ്ലാൻ ചർച്ച ചെയ്യാനായി ഡി.ബി.സി.എൽ.സി. യിൽ നടന്ന വൈദിക–സന്യസ്ത–അത്മായ പ്രതിനിധികളുടെ യോഗം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ഒല്ലൂർ ഇടവകയിലെ ഇടയസന്ദർശനത്തോട് അനുബന്ധിച്ച് മൂന്ന് മേഖല കുടുംബസമ്മേളനങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മൈനർ സെമിനാരിയിൽ രാവിലെ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച വീടുകൾ വെഞ്ചരിച്ചു.
18. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് അരണാട്ടുകരയിൽ വി. എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. മണ്ണുത്തി സി. എച്ച്. എഫ്. ജനറലേറ്റിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകുന്നേരം മുണ്ടത്തിക്കോട് പള്ളി വെഞ്ചരിപ്പിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.
19–30. അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ നടന്ന യുവജനദിനാഘോഷം 2019 ലെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ഒല്ലൂരിലെ സെന്റ് മേരീസ് കോൺവെന്റിൽ വി. എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് ആലുവ ജനറലേറ്റിൽ നിത്യവ്രതവാദ്ഗാന തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
25. അഭിവന്ദ്യ ടോണി പിതാവ് ഡി.ബി.സി.എൽ.സി.യിൽ നടന്ന യുവജനസംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് മണ്ണംപേട്ട ഇടവകയിലെ ഫാ. റാഫി കുറ്റൂക്കാരന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
31. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂക്കര ഇടവകയിൽ പള്ളിപ്പാടൻ ജൊവാക്കിം – ജോസഫിൻ ദമ്പതികളുടെ മക്കൾക്ക് മാമ്മോദീസ

നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പതിനേഴാം ബാച്ച് എം.ബി. ബി.എസ്. വിദ്യാർത്ഥികളുമായി സംവദിച്ചു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ അതിരൂപത മാധ്യമദിനം സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് തലോരിൽ നവീകരിച്ച എഫ്.എസ്.എസ്.എച്ച്. കോൺവെന്റിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ നടന്ന അതിരൂപത മാധ്യമദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ചേർപ്പിലെ പുതിയ വീടിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.



**വിശ്വാസത്തോടെ**

**പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും**

*മത്തായി 21:22*



# സാമ്പത്തിക കാര്യാലയം

1. **തെരട്ട് സമർപ്പിക്കൽ**

   ഇടവകകൾക്ക് തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി 2019 ഓഗസ്റ്റ് 30–ാം തിയ്യതി കഴിഞ്ഞിരിക്കുകയാണ്; എന്നാൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

2. **അതിരൂപത സഹായ ഫണ്ട്**

   1. വിദ്യാഭ്യാസം – 10000 2. ഭവന നിർമ്മാണം – 30000
   3. വിവാഹം – 91000 4. ചികിൽസ – 1102544

3. **ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

   1. വിവാഹം – 5000

4. **കാരുണ്യാ ട്രസ്റ്റ്**

   1. ഭവന നിർമ്മാണം – 10000 2. ചികിൽസ – 59750
   3. വിവാഹം – 92500 4. വിദ്യാഭ്യാസം – 5000

5. **സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

   1. വെങ്ങിണിശ്ശേരി – 94952

6. **പ്രളയദുരിതാശ്വാസ സഹായം**

   1. താമരശ്ശേരി രൂപത – 1000000
   2. മാനന്തവാടി രൂപത – 1000000
   3. പാലക്കാട് രൂപത – 1000000

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| മോൺ. ജോർജ്ജ് അക്കര | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ആന്റണി ഐനിക്കൽ | 08 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. ജോണി ആന്റണി പാറേക്കാട്ട് | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. സൻജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 17 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണ | 22 |
| ഫാ. ജോൺ പോൾ തൈക്കാ | 22 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജേക്കബ് കടവി | 27–10–1828 |
| ഫാ. ഗീവർഗ്ഗീസ് അറക്കൽ | 13–10–1895 |
| ഫാ. പിയൂസ് അക്കര | 31–10–1948 |
| ഫാ. തോമസ് മാളിയേക്കൽ | 18–10–1950 |
| ഫാ. ജോൺ ഊക്കൻ | 13–10–1956 |
| ഫാ. തോമസ് ഇരിമ്പൻ | 28–10–1957 |
| ഫാ. മാത്യു ചെറുനിലം | 13–10–1965 |
| ഫാ. ജോർജ്ജ് വാലിക്കോടത്ത് | 17–10–1968 |
| ഫാ. ജോസഫ് ആട്ടോക്കാരൻ | 29–10–1970 |
| ഫാ. ജോൺ പൊറത്തൂർ | 17–10–1972 |
| ഫാ. തോമസ് കാളാശ്ശേരി | 05–10–1977 |
| ഫാ. പീറ്റർ മണ്ടുംപാല | 09–10–1987 |
| ഫാ. ജോൺ ചെറുവത്തൂർ | 11–10–1990 |
| ഫാ. ഡേവിസ് കാഞ്ഞിരത്തിങ്കൽ | 04–10–1991 |
| ഫാ. പോൾ പെല്ലിശ്ശേരി | 02–10–1997 |
| ഫാ. ജേക്കബ് ചൊവ്വല്ലൂർ | 24–10–1999 |
| ഫാ. തോമസ് പാലത്തിങ്കൽ | 26–10–2004 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19–10–2008 |
| മോൺ. ജോസഫ് വിളങ്ങാടൻ | 09–10–2011 |
| ഫാ. സിജോ ചീരൻ | 13–10–2014 |
| ഫാ. ജോസ് ആലപ്പാട്ട് | 25–10–2015 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 11–10–2016 |

PAROC
Pastoral Animation Research & Outreach Centre

# പറോക്ക്
## ട്രെയിനിങ്ങ് സെന്റർ

## 2019–ൽ വൈദികർക്ക് ഒരുക്കുന്ന കോഴ്സുകൾ

**1. കോഴ്സുകളെക്കുറിച്ച്**

ബഹു. വൈദികരുടെ അജപാലന ശുശ്രൂഷയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ഉപകാരപ്രദവുമായ വിഷയങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പറോക്ക് ട്രെയിനിങ്ങ് സെന്റർ കോഴ്സുകൾ സംഘടിപ്പിക്കുന്നത്. പ്രധാനമായും 3 കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്. ഓരോ കോഴ്സിന്റെ ലക്ഷ്യത്തെക്കുറിച്ചും വിഷയാവതരണത്തെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. On Going Formation പ്രോഗ്രാമിന്റെ Evalutaion list ൽ ബഹു. വൈദികർ തിരഞ്ഞെടുത്ത കോഴ്സിൽ തങ്ങൾളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുമല്ലോ. തിരുപ്പട്ടം സ്വീകരിച്ച് അഞ്ച് വർഷം പൂർത്തിയാക്കാത്ത ബഹു. വൈദികർ നിർദേശിക്കപ്പെട്ട കോഴ്സുകളിൽ ഏതെങ്കിലും ഒരെണ്ണത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കോഴ്സുകളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ പറോക്ക് ട്രെയിനിങ്ങ് സെന്ററുമായി ബന്ധപ്പെടുക.

**2. Meeting Management**

നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലുമെല്ലാം വൈവിദ്ധ്യമാർന്ന സമ്മേളനങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നവരാണ് നാമോരോരുത്തരും. ഇത്തരം സന്ദർഭങ്ങളിൽ സമ്മേളനങ്ങളെ കാര്യക്ഷമമായും ഫലപ്രദമായും നടത്തുവാൻ ബഹു. വൈദികരെ സജ്ജരാക്കുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. സമ്മേളനങ്ങളിൽ പൊതുവെ പുലർത്തേണ്ട മനോഭാവങ്ങൾ – ഒരുക്കങ്ങൾ, മികവുറ്റ അവതരണ ശൈലിയോടെ വ്യത്യസ്ത വിഷയങ്ങളെ അനായാസം കൈകാര്യം ചെയ്യൽ, പ്രതിസന്ധിഘട്ടങ്ങളിൽ ഉചിതവും വിവേകപൂർണ്ണവുമായ തീരുമാനം കൈക്കൊള്ളൽ തുടങ്ങിയ വിഷയങ്ങളാണ് ഈ കോഴ്സിന്റെ ഉള്ളടക്കം. ഏകദേശം 60 പേരടങ്ങുന്ന ഈ കോഴ്സ് ഒക്ടോബർ 17–ാം തീയതി ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ 5 മണി വരെ ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടത്തുന്നു

3. **Affective Maturity and Psycho Sexual Integration in Priestly Life**

വൈദികരിൽ വൈകാരിക സ്ഥിരതയും ആരോഗ്യപരമായ വ്യക്തിബന്ധവും വളർത്തുന്നതിന് സഹായകമാകുന്ന അറിവും പ്രായോഗിക നൈപുണ്യവും രൂപപ്പെടുത്തുന്നതിനുള്ളതാണ് ഈ പരിശീലന പരിപാടി. ബ്രഹ്മചര്യജീവിതത്തിൽ ലൈംഗികതയെ മനസ്സിലാക്കേണ്ടത് എങ്ങനെ എന്നും ലൈംഗികതയുടെ വിശുദ്ധമായ അഗ്നിയെ ആരോഗ്യപരമായ രീതിയിൽ അഭിമുഖരിക്കേണ്ടത് എങ്ങനെ എന്നും ഈ കോഴ്സ് വിശദമായി കൈകാര്യം ചെയ്യും. വൈകാരിക വളർച്ചയ്ക്കും, ബ്രഹ്മചര്യം, ആരോഗ്യപരമായ ബന്ധത്തിലെ പരിധികൾ, മനോലൈംഗിക സമഗ്രത എന്നിവയ്ക്ക് ആവശ്യമായ ചിന്താപരമായ പുനർ ക്രമീകരണവും സ്വഭാവ നവീകരണവും മുഖ്യമായും ഈ പരിപാടിയിലൂടെ നടത്തുക. ഡിസംബർ 2 –ാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ 9 മണി മുതൽ 4–ാം തിയ്യതി ബുധനാഴ്ച്ച 1 മണിവരെ മേരിമാതാ മേജർ സെമിനാരിയിൽ വെച്ച് നടത്തുന്നു. ഈ കോഴ്സിൽ 35 പേർക്ക് പങ്കെടുക്കാൻ സൗകര്യമുണ്ടായിരിക്കും

4. **How to Accompany Youth?**

സഭയുടെ എക്കാലത്തേയും ശക്തി ശ്രോതസായ യുവജനത്തെ അറിയുവാനും അവരെ സഹഗമിക്കുവാനും, യുവജന ശുശ്രൂഷകളെ കൂടുതൽ മികവുറ്റതാക്കാനും ബഹു വൈദികരെ സഹായിക്കുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. എന്തുകൊണ്ട് യുവജനങ്ങളിൽ നിന്ന് നാം അകലം പാലിക്കുന്നു? യുവജനങ്ങളുമായുള്ള ബന്ധത്തിൽ ഉണ്ടാകുന്ന തടസ്സങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും, സഭയിൽ യുവജനങ്ങളുടെ പ്രവർത്തന മേഖലകളും സാധ്യതകളും, വിവിധ ആത്മീയ യുവജന ശുശ്രൂഷകൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിസംബർ 4–ാം തിയ്യതി ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 –ാം തിയ്യതി വെള്ളിയാഴ്ച്ച വൈകിട്ട് 5 മണിവരെ മേരിമാതാ മേജർ സെമിനാരിയിൽ സംഘടിപ്പിക്കുന്ന ഈ കോഴ്സിൽ 35 പേർക്ക് പങ്കെടുക്കാൻ സൗകര്യമുണ്ടായിരിക്കും

**ഫാ. സൈജോ തൈക്കാട്ടിൽ**
*എക്സിക്യൂട്ടിവ് ഡയറക്ടർ*

**മാർ ടോണി നീലങ്കാവിൽ**
*അതിരൂപത സഹായമെത്രാൻ*

**ബുക്കിംങ്ങിനുവേണ്ടി ബന്ധപ്പെടുക:**

ഫാ. മനോജ് കീഴൂരുമുട്ടിക്കൽ (9946707577), (കോഴ്സ് കോർഡിനേറ്റർ)



# ■ സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ – ആഗസ്റ്റ് 2019

### 1. സി.എം.സി.

സി. മേരി ജൂലിറ്റിന്റെ നേതൃത്വത്തിൽ തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വച്ച് നടത്തിയ ദൈവവചന പഠനത്തിന്റെ ആമുഖ ക്ലാസ്സിൽ എഴുപതോളം സിസ്റ്റേഴ്സ് പങ്കെടുത്തു. ആഗസ്റ്റ് 7മുതൽ 9 വരെ തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വച്ച് നടത്തിയ ഗ്രീൻഓഡിറ്റിങ്ങിൽ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും ഭവനങ്ങളിൽ നിന്നും ധാരാളംപേർ പങ്കെടുത്തു. എങ്ങനെ പ്രകൃതി സൗഹൃദരീതികൾ പ്രായോഗികമാക്കാം, ഊർജ്ജസംരക്ഷണം നടത്താം, മാലിന്യസംസ്ക്കരണം, ആരോഗ്യപരിപാലനം, കൃഷി തുടങ്ങിയവ എങ്ങനെ ഫലപ്രദമായി ചെയ്യാം എന്നീ ആശയങ്ങൾ ഈ ക്ലാസ്സിൽ പങ്കുവെച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലിയർപ്പിച്ച് സൗഹൃദം പങ്കിട്ടു. 18ന് സെന്റ് ജോസഫ് ചൂണ്ടൽ ഹോസ്പ്പിറ്റൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ആതുരശ്രൂശുഷാമേഖലയിൽ സേവനമനുഷ്ഠിക്കുന്നവരുടെ സംഗമത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും കൗൺസിലേഴ്സും പങ്കെടുത്തു. വ്യത്യസ്ത തലങ്ങളിൽ മികവുപുലർത്തിയവരെ ഇത്തരുണത്തിൽ ആദരിച്ചു. ഫാ.മാത്യൂ മണിയംപാറയുടെയും സി.സ്റ്റെനി ഗ്രെയ്സിന്റെയും നേതൃത്വത്തിൽ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ മൂന്ന് ദിവസത്തെ Psychological Inner Healing Programmeൽ പതിമൂന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു. 24ന് ആലുവ ജനറലേറ്റിൽ വച്ച് മാർ ടോണി നിലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ വിവിധ പ്രോവിൻസുകളിൽനി

ന്നുമായി 32 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. എവുപ്രാസ്യ മയുടെ ആഘോഷമായ തിരുനാൾ കുർബ്ബാനക്ക് മോൺ. ജോസ് വല്ലൂരാൻ മുഖ്യകാർമ്മികത്വം വഹിക്കുകയും റവ. ഫാ. വിൻസന്റ് ആലപ്പാട്ട് വചനസന്ദേശം നൽകുകയും ചെയ്തു.

**2. എഫ്.സി.സി.**

പഴുവിൽ സെന്റ് ആൻറണീസ് മിഷൻ ഹോസ്പിറ്റലിൽ തുടങ്ങുന്ന ഹോമിയോ വിഭാഗത്തിന്റെയും മെഡിക്കൽ ക്യാമ്പിന്റെയും ഉദ്ഘാടനം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി നിർവ്വഹിച്ചു. ഡി.ബി. സി.എൽ.സി.യിൽ വച്ച് PACT-ന്റെ നേതൃത്വത്തിൽ നടന്ന വൈദീക–സമർപ്പിത–അത്മായ പ്രതിനിധികളുടെ സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി പങ്കെടുത്തു. ആലുവ ചുണങ്ങുംവേലി നിവേദിതയിൽ വെച്ച് നടന്ന KCMS -ന്റെ മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജ്യോതി ഫ്രാൻസീസ് സംബന്ധിച്ചു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ 33 സിസ്റ്റേഴ്സ് പങ്കെടുത്തു. കാക്കനാട് മൗണ്ട് സെൻറ് തോമസിൽ സീറോ മലബാർ സിനഡിനോടനുബന്ധിച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി സംബന്ധിച്ചു. വിദ്യാഭ്യാസ പ്രേഷിതരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ Teaching & Non Teaching സിസ്റ്റേഴ്സ് സ്റ്റാഫിനായി (നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) റവ. ഫാ. ജോ പാച്ചേരി സി.എം.ഐ യുടെ നേതൃത്വത്തിൽ അസ്സീസിയിൽ വെച്ച് നടന്ന ഏകദിനപ്രാർത്ഥനയിൽ ഇരുന്നൂറോളം സിസ്റ്റേഴ്സ് സംബന്ധിച്ചു.

**3. സി.എസ്.എം.**

23ന് സീറോ മലബാർ സഭയുടെ സിനഡിന്റെ ഭാഗമായി സമർപ്പിത സമൂഹങ്ങൾക്ക് വേണ്ടി നടത്തിയ കമ്മീഷനിൽ സുപ്പീരിയർ ജനറൽ മദർ സെബി റോസും അസി.പ്രൊവിൻഷ്യൽ സി. ഫെമിയും പങ്കെടുത്തു. 24 ന് അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ ഗോൾഡൻ ജുബിലി കൃപാഭവൻ ജനറലേററിൽ ആഘോഷിച്ചു. മർത്താസന്യാസിനി സമൂഹ നിയമാവലിയെ ആസ്പദമാക്കി റവ. ഫാ. സിറിയക് കണിച്ചായി സി.എം.ഐ. തയ്യാറാക്കിയ 'ആത്മീയയാത്ര' എന്ന പുസ്തകം അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

**4. സി.എസ്.എസ്.**

മണ്ണൂത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടത്തിയ

സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ 34 സുപ്പീരിയേഴ്സ് പങ്കെടുത്തു. റവ. ഫാദർ ജോർജ്ജ് പാറമേൻ (ഡയറക്ടർ, സഹൃദയ എൻജിനീയറിംഗ് കോളേജ്, കൊടകര) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ബഹു. സി. പ്രൊവിൻഷ്യലും കൗൺസിലർ സി.ബാപ്റ്റിസ്റ്റയും ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിന്റെ വാർഷികാഘോഷപരിപാടികളിൽ പങ്കെടുത്തു. സ്നേഹോദയ പ്രോവിൻസിന്റെ കീഴിലുള്ള പുതിയ മിഷൻ, തെലുങ്കാനയിലുള്ള ടെക്കുമാട്ല എന്ന സ്ഥലത്ത് ആരംഭിച്ചു. ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി പതാക ഉയർത്തിയതിനുശേഷം സ്വാതന്ത്ര്യദിന സന്ദേശമുൾക്കൊള്ളുന്ന സ്റ്റേജ്ഷോയും പരിശീലനത്തിലുള്ളവർക്കായി കലാകായിക മത്സരങ്ങളും നടത്തി. 17.08.2019 ന് ആലുവ നിവേദിതയിൽ വെച്ചും, സിനഡിനോടനുബന്ധിച്ച് 23.08.2019 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ചും നടത്തിയ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ബഹു. ജനറാളമ്മയും പ്രൊവിൻഷ്യാളമ്മയും പങ്കെടുത്തു.

**5. സി.എച്ച്.എഫ്.**

പ്രൊവിൻഷ്യൽ സുപ്പീരിയർ സി.മേഴ്സി പോളിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ നവജ്യോതിപ്രോവിൻസിന്റെ കീഴിലുള്ള സ്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുമാരുടേയും സ്റ്റാഫ് സെക്രട്ടറിമാരുടേയും സംയുക്ത മീറ്റിങ്ങ് നടത്തപ്പെട്ടു. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായുടെ വിശുദ്ധ പ്രഖ്യാപനത്തോടനുബന്ധിച്ച് നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള അധ്യാപകർക്ക് സാഹിത്യരചന മത്സരം നവജ്യോതി ബി.എഡ്. കോളേജിൽ നടത്തപ്പെട്ടു. നവജ്യോതി പ്രോവിൻസിന്റെ കീഴിലുള്ള സ്കൂളുകളിലെയും, കോളേജുകളിലെയും കുട്ടികൾക്ക് കലാസാഹിത്യരചന മത്സരം നവജ്യോതി ബി.എഡ്. കോളേജിൽ നടത്തപ്പെട്ടു. കാക്കനാട് സിനഡിൽ നടത്തപ്പെട്ട കെ.സി.എം.എസ് ജോയിന്റ് മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേഴ്സി പോൾ പങ്കെടുത്തു. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായുടെ വിശുദ്ധ പ്രഖ്യാപനത്തോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിൽ നിന്നും ആൽബം തയ്യാറാക്കുന്നതിനു വേണ്ടി സിസ്റ്റേഴ്സിന് മറിയംത്രേസ്യ ഗാനരചന മത്സരം നടത്തി. ജനറലേറ്റിൽ നടന്ന എഡ്യുക്കേഷൻ അവാർഡ് മീറ്റിങ്ങിൽ നവജ്യോതി പ്രോവിൻസിൽ നിന്നും എഡ്യുക്കേഷൻ കൗൺസിലർ സി. ജെസ്സിൻ തെരേസും എല്ലാ ഹെഡ്മിസ്ട്രസുമാരും പങ്കെടുത്തു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന ഏകദിന ശിൽപ്പശാലയിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.



## അഭിനന്ദനങ്ങൾ!

സിസ്റ്റേഴ്സ് ഓഫ് സെന്റ്
പീറ്റർ ക്ലാവർ
സന്യാസിനീസമൂഹത്തിന്റെ
മദർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട
**സി. സെലിൻ കാരിക്കാട്ടിലിന്**
അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ



**01.08.2019 – എഫ്. സി. സി.** മമ്മിയൂർ ലിറ്റിൽ ഫ്ളവർ വനാംഗമായ ബ. സി. റോജർ എഫ്.സി.സി. നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിസ്റ്ററിന്റെ മൃതദേഹം മമ്മിയൂർ ലിറ്റിൽ ഫ്ളവർ മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**02.08.2019 – സി.എസ്.സി** . കല്ലൂർ സെന്റ് ജോസഫ്സ് വനാംഗമായ സി. വലന്തീന സി.എസ്.സി നിര്യാതയായി. മൃതസംസ്ക്കാരകർമ്മങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.



**03.08.19 – സി.എം.സി**. ഒല്ലൂർ ഫാത്തിമ ഭവനാംഗമായ സി. അന്നക്ലീറ്റസ് സി.എം.സി നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മഠം കല്ലറയിൽ സംസ്ക്കരിച്ചു.



**14.08.2019 – എഫ്.സി.സി.** ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ സി. എൽജീവ എഫ്.സി.സി. നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**18.08.2019 – എഫ്.സി. സി.** പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായ സി. ആൽഫ്രെ എഫ്.സി.സി. നിര്യാതയായി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ പ്രധാന കാർമ്മികത്വത്തിൽ പഴുവിൽ സെന്റ് ആന്റണീസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**27.08.2019 – എഫ്.സി. സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ സി. സാൽവത്തോർ എഫ്.സി.സി. നിര്യാതയായി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# വിശ്വാസ പരിശീലനം

THRISSUR CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

ഒക്ടോബർ മാസത്തെ കുറിച്ച് കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ആദ്യം ഓർമ്മവരുന്നത് എന്താണ്? പള്ളിയിലും വീടുകളിലും ജപമാല ചൊല്ലുന്നതും, ജപമാല റാലി നടത്തുന്നതും മിഷൻ ഞായറിനോടനുബന്ധിച്ച് കവർ പിരിവുനടത്തുന്നതും, ലേലം വിളിയും തുടങ്ങിയതുമല്ലേ? ഒക്ടോബർ മാസം ജപമാലമാസവും പ്രേഷിതമാസവും ആണ്. 2019 ലെ ഒക്ടോബർ മാസത്തെ ഫ്രാൻസീസ് മാർപ്പാപ്പ അസാധാരണ മിഷൻ മാസമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ മാസം യേശു നൽകിയ പ്രേഷിത ദൗത്യത്തെ കുറിച്ച് നമുക്ക് ചിന്തിക്കാം.

ദൈവപുത്രനായ ഈശോ എന്തിനു വേണ്ടിയാണ് മനുഷ്യനായി അവതരിച്ചത്? ഇതിനുള്ള ഉത്തരം യോഹന്നാൻ 3,16 ൽ വായിക്കുന്നതുപോലെ 'ദൈവം മനുഷ്യനെ സ്നേഹിച്ചത് കൊണ്ട്' എന്നാണ്. പിതാവിനാൽ ഈശോ അയക്കപെട്ടതിന്റെ ലക്ഷ്യം ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ അഥവാ പിതാവിന്റെ ഭവനമായ സ്വർഗ്ഗത്തിന് അർഹത ലഭിക്കലാണ് (യോഹ 3:16; 14:1–6). മനുഷ്യനെ രക്ഷിക്കാൻ വേണ്ടി പീഡകൾ സഹിക്കുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്ത യേശു സഭ സ്ഥാപിക്കുകയും കൂദാശകളും തിരുവചനവും നൽകുകയും ചെയ്തു. ഈശോയുടെ ശരീരമായ സഭയാകുന്ന കൂട്ടായ്മയിലേക്ക് എല്ലാവരേയും കൊണ്ട് വരുവാൻ രക്ഷകനായ ഈശോ ആഹ്വാനം ചെയ്യുന്നു. അതിനാൽ യേശു തന്റെ അനുയായികളായ ക്രൈസ്തവർക്ക് നൽകുന്ന ഏറ്റവും വലിയ ദാത്യം "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ. വിശ്വസിക്കു

ന്നവരെ സ്നാനപ്പെടുത്തുവിൻ എന്നതാണ്" (മാർക്കോസ് 16:15–16; മത്തായി 28: 19–20). അതിനാൽ ഓരോ ക്രൈസ്തവനും സ്വഭാവത്താലെ പ്രേഷിതനാണ് അഥവാ മിഷനറിയാണ്.

ഓരോ സഭാംഗത്തിന്റേയും ഈ പ്രേഷിതദൗത്യത്തെ കുറിച്ച് ഓർമ്മപ്പെടുത്തുവാനും ദൗത്യനിർവഹണത്തിൽ കൂടുതൽ കർമ്മനിരതരാകുവാനുമുള്ള ആഹ്വാനമാണ് 'അസാധാരണ പ്രേഷിതമാസം' (ഒക്ടോബർ 2019) കൊണ്ട് ഫ്രാൻസീസ് പാപ്പ ലക്ഷ്യം വയ്ക്കുന്നത്. 'സ്നാനപ്പെട്ട് അയക്കപ്പെട്ടവർ: പ്രേഷിത ദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ' എന്നതാണ് മാർപ്പാപ്പ നൽകുന്ന വിചിന്തനവിഷയം. പ്രിയ കുട്ടികളേ, സുവിശേഷം പ്രഘോഷിക്കുന്ന മിഷനറിമാരാകാനാണ് നമ്മുടെ വിളിയെങ്കിൽ, അത് എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് നമുക്ക് ചിന്തിക്കാം.

നല്ല മിഷനറിമാരാകാൻ ഏതാനും ചില മാർഗ്ഗങ്ങൾ ഞാൻ നിങ്ങൾക്ക് നൽകുകയാണ്:

1. **പ്രാർത്ഥന:** നാം മിഷനുവേണ്ടി പ്രാർത്ഥിക്കുന്നവരാകണം. വി. കൊച്ചുത്രേസ്യ മിഷനറിമാരുടെ മധ്യസ്ഥയായത് (a) പാപികളുടെ മാനസാന്തരത്തിന് വേണ്ടിയും, (b) വൈദികരുടെ വിശുദ്ധീകരണത്തിന് വേണ്ടിയും, (c) മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിന് വേണ്ടിയും തനിക്കുണ്ടായിരുന്ന സഹനങ്ങൾ കാഴ്ചവച്ച് പ്രാർത്ഥിച്ചതുമൂലമാണ്.
2. **സാക്ഷ്യം** (അപ്പ 1:8) : നമ്മുടെ ജീവിതസാക്ഷ്യമാണ് ഏറ്റവും നല്ല മിഷൻ പ്രവർത്തനം. നമ്മുടെ ജീവിത ശൈലികണ്ട് മറ്റുള്ളവർ യേശുവിലേക്ക് ആകർഷിക്കപ്പെടണം. മദർതെരേസയുടെ ജീവിതസാക്ഷ്യം അനേകരെ ഈശോയിലേക്ക് ആകർഷിച്ചിട്ടുണ്ട്. അങ്ങനെ അവൾ ജീവിക്കുന്ന സുവിശേഷമായി.
3. **സുവിശേഷ പ്രഘോഷണം**: നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ഈശോയുടെ സുവിശേഷം പ്രഘോഷിക്കണം. ഉദാഹരണത്തിന്, നമ്മുടെ ക്ലാസിലെ കുട്ടികൾക്ക് ഈശോയെ പരിചയപ്പെടുത്താൻ പരിശ്രമിക്കണം. Whats app, Face book തുടങ്ങിയ നവമാധ്യമങ്ങളെ സുവിശേഷപ്രഘോഷണ വേദികളാക്കണം. ക്രിസ്തീയ മൂല്യങ്ങളുള്ള സംഗീതം, നൃത്തം, സാഹിത്യരചനകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.
4. **മിഷൻ ദൈവവിളി പ്രോത്സാഹനം:** ദൈവത്തിന്റെ വിളി ശ്രവിക്കുന്നവർ മിഷനറിമാരാകാൻ തയ്യാറാകാണം.
5. **കാരുണ്യപ്രവർത്തികൾ:** കാരുണ്യപ്രവർത്തികളാണ് ഈശോയെ കൊടുക്കുവാനുള്ള മറ്റൊരുമാർഗ്ഗം.

6. **സാമ്പത്തികസഹായം:** മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി സാമ്പത്തികമായും മറ്റും സഹായിക്കണം. ക്ലാസടിസ്ഥാനത്തിലും മറ്റും വിവിധ പരിപാടികൾ സംഘടിപ്പിച്ചും, മിഷൻ ഞായർ കവർ പിരിവ്, മിഷൻ ലേലം തുടങ്ങിയവ വഴി മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് പരിശ്രമിക്കാം.

ഫ്രാൻസീസ് മാർപ്പാപ്പ മൂന്ന് മേഖലകളിലുള്ള മിഷൻ പ്രവർത്തനത്തിന് ഊന്നൽ കൊടുക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്. (1) സാധാരണ ക്രൈസ്തവരുടെ ഇടയിൽ വിശ്വാസം ആഴപ്പെടുത്തുവാനുള്ള പ്രവർത്തനം, (2) മാമ്മോദീസ സ്വീകരിച്ചിട്ടുണ്ടെങ്കിലും വിശ്വാസജീവിതം നയിക്കാത്തവരുടേയും വിശ്വാസം ഉപേക്ഷിച്ചവരുടേയും ഇടയിലുള്ള മിഷൻ പ്രവർത്തനം, (3) യേശുവിനേയും സഭയേയും അറിയാത്തവരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനം. നമ്മുടെ മിഷൻ പ്രവർത്തനം ഒന്നാമത്തെ മേഖലയിൽ മാത്രമായി ചുരുങ്ങി പോകാൻ പാടില്ലെന്ന് മാർപ്പാപ്പ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പരി. കന്യകാമറിയമാണ് മിഷനറിമാരുടെ ഏറ്റവും വലിയ മാതൃകയും മധ്യസ്ഥയും. അവൾ ദൈവവചനത്തിലൂടേയും, പരിശുദ്ധാത്മ അഭിഷേകത്തിലൂടേയും, ഈശോയെ സ്വീകരിച്ച്, ജീവിതത്തിൽ സംവഹിച്ച്, മറ്റുള്ളവർക്ക് പ്രദാനം ചെയ്തു. ക്രിസ്തുവിന്റെ കുരിശിന്റെ പിന്നാലെ നടന്നുനീങ്ങിയ അവൾ യേശുവിന്റെ ഉത്ഥാനത്തിനും സഭാസ്ഥാപനത്തിനും സാക്ഷിയായി. ഈ അമ്മയുടെ മധ്യസ്ഥതയിൽ നമുക്ക് മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കാം. ഒക്ടോബർ മാസത്തിൽ നാം ചൊല്ലുന്ന ജപമാലകൾ ഈ പ്രത്യേക നിയോഗത്തിനായി കാഴ്ചവെയ്ക്കാം. സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സുവിശേഷമായ (ലൂക്കാ 2:10) ഈശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**താഴെ പറയുന്ന ചോദ്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത്, നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതിയറിയിക്കുവാൻ താത്പര്യപ്പെടുന്നു.**

1) അസാധാരണ മിഷൻമാസം എന്നാൽ എന്ത്?
2) ഫ്രാൻസീസ് മാർപ്പാപ്പ അസാധാരണ മിഷൻ മാസത്തിന്റെ വിചിന്തന വിഷയമായി തന്ന സന്ദേശം എന്ത്?
3) ക്രിസ്തു തന്റെ അനുയായികൾക്ക് നൽകിയ ഏറ്റവും വലിയ ദൗത്യമെന്ത്? (എങ്ങനെ നമുക്ക് മിഷനറിമാരാകാൻ സാധിക്കുമെന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ ചർച്ച ചെയ്യുക)
4) മാർപ്പാപ്പ മിഷൻ പ്രവർത്തനത്തിന് ഊന്നൽ നൽകാൻ ആവശ്യപ്പെട്ടിട്ടുള്ള മേഖലകൾ ഏവ?
5) ജപമാല മാസത്തിൽ നമുക്ക് എങ്ങനെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാം?

## വിശ്വാസപരിശീലന കേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലനക്ലാസ്സുകളിലൂടെ വിദ്യാർത്ഥികൾക്ക് എത്രമാത്രം അറിവ് ലഭിച്ചിട്ടുണ്ട് എന്ന് വിലയിരുത്താൻ സാധിക്കുന്നതാണല്ലോ പരീക്ഷകൾ. അടുത്തുവരുന്ന അർദ്ധവാർഷിക പരീക്ഷകൾ വിദ്യാർത്ഥികൾക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും അതിനു സഹായകമാകും. വിശ്വാസികളുടെ അജ്ഞതയെ സഭാവിരുദ്ധർ വ്യാപകമായി ചൂഷണംചെയ്യുന്ന തുകൂടി കണക്കിലെടുത്ത് കൂടുതൽ ഉത്സാഹത്തോടെ പഠിക്കാനും പരീക്ഷയെഴുതാനും വിദ്യാർത്ഥികൾക്കാകട്ടെ. പരി. മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ ആവശ്യമാണ്. ഈ ജപമാലമാസത്തിൽ മരിയഭക്തിയിൽ വളരാനും പ്രത്യേകമായി ശ്രദ്ധിക്കാം. സഭയുടെ സാർവ്വത്രിക പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ മിഷൻഞായർ ആചരണവും നല്ല അവസരമാകട്ടെ.

**1. അർദ്ധവാർഷിക പരീക്ഷകൾ**

**ഞായർ വിശ്വാസപരിശീലനം**

സമയം : **02.00 PM - 04.00 PM**

2019 ഒക്ടോബർ 6 : Stds. I, III, V, VII, IX, XI

2019 ഒക്ടോബർ 13 : Stds. II, IV, VI, VIII, X, XII, ACC

പരീക്ഷകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വിശ്വാസപരിശീലന മാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടു

ക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക–വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്.

2. **മൂല്യനിർണ്ണയം:** അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക ഒക്ടോബർ 13–ന് ശേഷം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി നവംബർ 6 ആണെന്ന് ഓർമ്മിപ്പിക്കുന്നു.

3. **പുനഃപരീക്ഷ :** നവംബർ 10 ഞായർ 2 PM - 4 PM (വിശ്വാസപരിശീലന മാർഗ്ഗരേഖ പേജ് നമ്പർ 95, 108 ഖണ്ഡിക 84, 98.4)

   A) ക്ലാസ്സ് 1 മുതൽ 11 വരെ – ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷക്ക് പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേക പരീക്ഷ (Re-examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റു തന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷയുടെ മാർക്കുകൾ റാങ്കിനോ, സ്കോളർഷിപ്പിനോ മറ്റു സമ്മാനങ്ങൾക്കോ പരിഗണിക്കുന്നതല്ല.

   B) ക്ലാസ്സ് XII, ACC - അർദ്ധവാർഷിക പരീക്ഷക്ക് പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേക പരീക്ഷ (Re-examination) നടത്തേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് യൂണിറ്റാണ് നടത്തേണ്ടത്.

   പുനപരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ പേര് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയ്യതി നവംബർ 6 ആണ്.

   പുനഃപരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യേണ്ട അവസാന തിയ്യതി നവംബർ 24 ആണ്.

4. **സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒരുക്കമായി അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസ്സ് പുനഃപരിശോധന** (വിശ്വാസപരിശീലന മാർഗ്ഗരേഖ പേജ് നമ്പർ 97, 98 ഖണ്ഡിക 87)

   അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ (40 ൽ 32 മാർക്ക്)

അതിൽക്കൂടുതലോ മാർക്കു വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തര ക്കടലാസ്സുകൾ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം കവറിലാക്കി, യൂണിറ്റിന്റെ പേരും സീലും വെച്ച്, യൂണിറ്റുകളിൽനിന്ന് വിശ്വാസ പരിശീലനകേന്ദ്രത്തിലേക്ക് നവംബർ 6നു മുമ്പായി എത്തിക്കേണ്ട താണ്. ഉത്തരപേപ്പറുകൾ ഏല്പിക്കുന്നതിന് മുമ്പായി അവയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്തിരിക്കണം. ഇത്തരത്തിൽ അപ്‌ലോഡ് ചെയ്യാത്തവരുടെയും, നിശ്ചിത തിയതി ക്കുമുമ്പ് ലഭിക്കാത്തവരുടെയും ഉത്തരക്കടലാസ്സുകൾ പുനർമൂല്യ നിർണ്ണയം ചെയ്യുന്നതിന് സാധിക്കാതെവരുമെന്നതിനാൽ, അവ പരി ഗണിക്കപ്പെടുന്നതല്ല.

അർദ്ധവാർഷിക പരീക്ഷയുടെയും വാർഷിക പരീക്ഷയുടെയും ഉത്ത രക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ പുനഃപരിശോ ധനയ്ക്ക് വിധേയമാകാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീ ക്ഷയിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കില്ല.

അർദ്ധവാർഷിക പരീക്ഷയിലെയും വാർഷിക പരീക്ഷയിലെയും ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ പുനഃപരി ശോധന ചെയ്ത ശേഷം, രണ്ടിലും കൂടി 90%മോ അതിൽകൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരീ ക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

**5. ഹാജർ**

ജൂൺ മുതൽ നവംബർ 3 വരെയുള്ള വിശ്വാസപരിശീലന ദിവ സങ്ങളിലെ ഹാജറുകൾ നവംബർ 6 ന് മുമ്പായി സോഫ്റ്റ് വെയ റിൽ പൂർത്തീകരിക്കേണ്ടതാണ്. അതിനുശേഷം ഈ ദിവസങ്ങളിലെ ഹാജറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താൻ സാധിക്കുന്നത ല്ല.

**6. Std. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യു ക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix) ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)

3. കഴിഞ്ഞ വർഷം Std. XII വാർഷിക പരീക്ഷയിൽ തോറ്റവർക്കും, വിജയിച്ചെങ്കിലും 40 ൽ താഴെ മാത്രം മാർക്ക് ലഭിച്ചവർക്കും Improvement പരീക്ഷ എഴുതുവാനുള്ള അവസരമുണ്ട്. അവരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം ഡിസംബർ 15. ആദ്യവർഷം ചുരുങ്ങിയത് 20 ഹാജർ ഉള്ളവർക്ക് ഈ വർഷത്തെ ക്ലാസ്സുകളിൽ ഹാജരാകാതെ

Improvement വാർഷിക പരീക്ഷ എഴുതാവുന്നതാണ്. ഹാജർ കുറവായിരുന്നെങ്കിൽ, പരീക്ഷയെഴുതുന്ന അധ്യയനവർഷത്തിൽ 20 ക്ലാസ്സുകളിലെങ്കിലും പങ്കെടുത്തിരിക്കണം. എങ്കിൽ മാത്രമേ Improvement Exam ചെയ്യുന്നതിന് അനുവാദമുള്ളൂ.

**7. Std. XII പ്രതിഭാ പരിശീലനക്യാമ്പ്**

12–ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലനക്യാമ്പ് വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 27–ന് നടത്തുന്നതാണ്. 9.30 AM - 4.30 PM.

**8. സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. കഴിഞ്ഞ വർഷങ്ങളിലെ ഫോമുകൾ പൂരിപ്പിച്ച് അയക്കുകയും വേണ്ട. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ഡിസംബർ 6 നുമുമ്പ് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേണ്ടതാണ്.

**9. പ്രബോധനവിഷയ–പ്രവർത്തനമേഖല സെമിനാർ**

പ്രബോധനവിഷയ–പ്രവർത്തനമേഖലയെ ആസ്പദമാക്കി 12–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി യൂണിറ്റുതലത്തിൽ സെമിനാർ നടത്തേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യം കണക്കിലെടുത്ത് 11, 12, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഒരുമിച്ചുചേർത്ത് ഇത് നടത്താവുന്നതാണ്. സെമിനാറിന് ഈ വർഷത്തെ വിഷയം **'ദൈവാനുഭവവും വിശ്വാസവളർച്ചയും'** എന്നതാണ്. ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്നതിനുള്ള വ്യക്തികളെ വിശ്വാസപരിശീലനകേന്ദ്രത്തിൽ പരിശീലിപ്പിച്ചുകഴിഞ്ഞു. ഇവരുടെ പേരുവിവരങ്ങൾ Blog–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ സഹായത്തോടെ യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിൽ സെമിനാർ നടത്തണം. ഉചിതമായ പരിപാടികളോടെ, ഉദാഹരണത്തിന്, സാമൂഹ്യസേവനപരിപാടികൾ, സ്ഥാപനസന്ദർശനങ്ങൾ, പരിസ്ഥിതിപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി, യൂണിറ്റിന്റെ ഔചിത്യമനുസരിച്ച് അർദ്ധദിന സെമിനാറായോ ഏകദിനസെമിനാറായോ ഇത് നടത്താവുന്നതാണ്. 2019 ഡിസംബറിനുമുമ്പ് എല്ലാ യൂണിറ്റിലും ഈ സെമിനാർ നടത്തേണ്ടതാണ്. നിശ്ചിത ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. യൂണിറ്റിലെ വിശ്വാസപരിശീലന

പ്രവർത്തന റിപ്പോർട്ട് പുസ്തകത്തിൽ സെമിനാറിന്റെ വിവരങ്ങൾ എഴുതിവയ്ക്കണം.

**10. അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും – 2019**

വിശ്വാസവിഷയങ്ങളുടെ പഠനം വിശ്വാസപരിശീലകർക്ക് ഒരു തുടർപ്രക്രിയയാണ്. ഇതിന് അവരെ സഹായിക്കുന്നതിനുള്ളതാണ് ആപ്റ്റിറ്റ്യൂഡ് പഠനം.

അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം

2019 ഒക്ടോബർ 20 ഞായർ – **03.00 PM - 04.30PM**

**NB:** പഠനത്തിനുള്ള പുസ്തകം ***വിശ്വാസവഴിയിലെ സംശയങ്ങൾ*** ചോദ്യോത്തരരൂപത്തിലുള്ളതാകയാൽ വേറെ മാതൃകാ ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല. താഴെപ്പറയുന്ന തരത്തിലുള്ള ചോദ്യങ്ങളുണ്ടായിരിക്കും.

---

1. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക
2. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക
3. അരപേജിൽ കവിയാതെ ഉത്തരമെഴുതുക
4. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക

വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തകം എല്ലാ അധ്യാപകരും (പ്രിൻസിപ്പാൾ ഉൾപ്പെടെ) പഠിക്കുകയും ആപ്റ്റിറ്റ്യൂഡ് പരീക്ഷ എഴുതി വിജയിക്കുകയും വേണം. പരീക്ഷയ്ക്കുവേണ്ടി പഠിക്കുക എന്നതിലുപരി അറിവുനേടാൻ പഠിക്കുകയും എത്രമാത്രം അറിഞ്ഞിട്ടുണ്ട് എന്നു തിരിച്ചറിയുകയും ചെയ്യുന്നതിന് ഈ സംവിധാനം വിശ്വാസപരിശീലകരെ സഹായിക്കുന്നു.

ഈ വർഷത്തെ (2019) യൂണിറ്റ്തല പരീക്ഷയ്ക്കുള്ള പാഠ്യഭാഗം: പേജ് 9 – 115

ഭാഗം 1 വിശുദ്ധഗ്രന്ഥം
ഭാഗം 2 സഭാചരിത്രം – റീത്തുകൾ
ഭാഗം 3 ക്രൈസ്തവസഭയും ഇതരമതങ്ങളും
ഭാഗം 4 മനുഷ്യനും ദൈവവിശ്വാസവും

അതിരൂപതാതല പരീക്ഷയ്ക്കുള്ള അധിക പാഠ്യഭാഗം:

**വി. യോഹന്നാന്റെ ഒന്നാം ലേഖനം.**

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Royson Kollannur**
**Fr. Justin Poozhikunnel**
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

1. **B.A. in Theology and Religious Studies:**
   ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLC-യിലെ Institute of Theology Office-മായി ബന്ധപ്പെടുക.
2. **Correspondence Theology Course:**
   കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLC-യിലെ Institute of Theology Office മായി ബന്ധപ്പെടുക.
   കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഒക്ടോബർ 13, ഒക്ടോബർ 27 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5PM വരെയായിരിക്കും.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

1. **ഓണാഘോഷം 2019**

   സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഉത്സവമായ ഓണം സെപ്റ്റംബർ 3–ാം തിയ്യതി സെമിനാരി കുടുംബം സമുചിതമായി ആഘോഷിച്ചു. ഓണകളികളും പൂക്കളവും വടംവലിയുമെല്ലാം ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഉച്ചക്ക് സെമിനാരി കുടുംബം ഒന്നു ചേർന്ന് ഓണസദ്യ ആസ്വദിച്ചു.

2. **പരീക്ഷാദിനങ്ങൾ**

   2019–2020 അദ്ധ്യയന വർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 5–ാം തിയ്യതി ആരംഭിച്ച് 20–ാം തിയ്യതി സമാപിച്ചു. ഡീക്കന്മാരുടെ Comprehensive written and oral പരീക്ഷകൾ യഥാക്രമം ആറും പതിമൂന്നും തിയ്യതികളിലായി നടന്നു. പഠന മേഖലയിലെ കഴിവും മികവും പ്രകടമാക്കാൻ പരീക്ഷകൾ സഹായിച്ചു.

3. **മാസധ്യാനം**

   എക്സ്പോഷറിനും അവധിക്കും മുൻപായി സെപ്റ്റംബർ 23–ാം തിയ്യതി മാസധ്യാനം ഉണ്ടായിരുന്നു. ഫാ. സിബി ചെറുതോട്ടിൽ ധ്യാനം നയിച്ചു. ക്രൈസ്തവമൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ട് ജനങ്ങളിലേക്ക് ഇറങ്ങിചെന്ന് ക്രിസ്തുവിനെ പ്രഘോഷിക്കാനും ക്രിസ്തു സ്നേഹത്തെ മനസ്സിലാക്കികൊടുക്കാനും സാധിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു.

4. **എക്സ്പോഷർ**

   സാധാരണക്കാരുടെ ജീവിതസാഹചര്യങ്ങളെ അടുത്തറിയാനും അനുകരിക്കാനും അവസരമൊരുക്കി സെപ്തംബർ 22–ാം തിയ്യതി മുതൽ 28–ാം തിയ്യതി വരെയുള്ള ദിവസങ്ങളിൽ എക്സ്പോഷർ പ്രോഗ്രാം നടന്നു. ചെറിയ ഗ്രൂപ്പുകളായാണ് സെമിനാരി വിദ്യാർത്ഥികൾ എക്സ്പോഷർ പ്രോഗ്രാമിൽ സംബന്ധിച്ചത്. ഡീക്കന്മാർ മിഷൻ എക്സ്പോ

ഷറിനായി 14–ാം തിയ്യതി ഉജ്ജെയിനിലേക്ക് പുറപ്പെട്ടു. ഏകദേശം ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന പ്രോഗ്രാമിന് ബഹു. ഡേവിസ് കാവുങ്കലച്ചൻ നേതൃത്വം നൽകുന്നു.

**5. അവധിക്കാലം**

ഇടവകകുടുംബത്തോടും മാതാപിതാക്കളോടും സഹോദരങ്ങളോടും ബന്ധുമിത്രാദികളോടുമൊപ്പം സ്നേഹവും സൗഹൃദവും പങ്കിടുന്നതിനായി ബ്രദേഴ്സ് സെമിനാരിയിൽ നിന്നും 28–ാം തിയ്യതി 13 ദിവസത്തെ അവധിക്കായി വീടുകളിലേക്ക് തിരിച്ചു.

**6. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീമതി ജോളി ജോസ്, W/o ജോസ് കൊള്ളന്നൂർ, കൊള്ളന്നൂർ ഹൗസ്, വില്ലടം.

**Benefactor Membership**

1. ശ്രീ. ജോസ് പോൾ റോബർട്ട്, തേക്കാനത്ത് പണ്ടാരവളപ്പിൽ ഹൗസ്, കുരിയച്ചിറ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




## സെ. മേരീസ് മൈനർ സെമിനാരി

**1. ഓണാഘോഷം**

മൈനർസെമിനാരിയിലെ ഓണാഘോഷപരിപാടികൾ സെപ്തംബർ 7 ന് നടത്തി. അന്ന് ഉച്ചക്ക് ഓണസദ്യയും ഉച്ചകഴിഞ്ഞ് സെമിനാരിയിൽ വിവിധങ്ങളായ മത്സരങ്ങളും നടത്തി. വൈകീട്ട് ഓരോ ബാച്ചും കലാപരിപാടികൾ അവതരിപ്പിക്കുകയും മാവേലിമന്നനെ സ്വീകരിച്ച് ഏവർക്കും ഓണാശംസകൾ നേരുകയും ചെയ്തു.

**2. പുതിയ ടേം**

ഈ അധ്യായന വർഷത്തിലെ രണ്ടാമത്തെ ടേം ഓണാവധിക്കു ശേഷം സെപ്തംബർ 17–ാം തിയതി സമാരംഭിച്ചു.

3. **വാർഷിക ധ്യാനങ്ങൾ**

2019 സെപ്തംബർ 12 മുതൽ 15 വരെ ഡിഗ്രി വിദ്യാർത്ഥികൾക്കായി ഫാ. സനു പുതുശ്ശേരി, സെപ്തംബർ 18 മുതൽ 22 വരെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ഫാ. വിൻസെന്റ് കുണ്ടുകുളം എന്നിവർ വാർഷികധ്യാനം നടത്തി.

4. **അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

സെപ്തംബർ 8, 23 തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

5. **ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. കെ. ജെ. ജോസി, കാക്കശ്ശേരി ഹൗസ്, നെഹ്റുനഗർ
2. ശ്രീമതി മേരി ജോർജ്ജ്, ബ്രഹ്മകുളം ഹൗസ്, തൃശ്ശൂർ.
3. ശ്രീമതി ആൻസി പി.ഐ., ചാഴൂർ തട്ടുപറമ്പിൽ ഹൗസ്, അരിമ്പൂർ
4. ശ്രീമതി സെലീന സി. എ., അരിമ്പൂർ കൊമ്പൻ ഹൗസ്, അരണാട്ടുകര.
5. ശ്രീ. ലാസർ സീ. എ., ചുങ്കത്ത് ഹൗസ്, പാവറട്ടി.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ക്രിക്കറ്റ് ഇതിഹാസം ബ്രെറ്റ് ലീ മിഷനാശുപത്രിയോടൊപ്പം**

കുഞ്ഞുങ്ങളുടെ ശ്രവണവൈകല്യങ്ങൾക്ക് പരിഹാരമേകാൻ പൊതുജനങ്ങളിൽ അതിനെക്കുറിച്ച് അവബോധം ഉണ്ടാക്കുക എന്ന

ലക്ഷ്യമായി ജൂബിലിയോടൊപ്പം ശ്രവണവൈകല്യ നിർമ്മാർജ്ജനത്തിന്റെ അന്താരാഷ്ട്ര അംബാസിഡറായ ഓസ്ട്രേലിയൻ ക്രിക്കറ്റ് ഇതിഹാസതാരം ബ്രെറ്റ് ലീ ചേരുന്നു.

ജനിതക വൈകല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യൻ സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത് 10,000–ത്തിൽ 30 കുട്ടികളെ ശ്രവണ വൈകല്യം ബാധിക്കുന്നു എന്നാണ്. പൊതുസമൂഹത്തിൽ ജനിക്കുന്ന ആയിരം കുട്ടികളിൽ ഒന്നോ രണ്ടോ കുട്ടികളിൽ ഈ വൈകല്യം കണ്ടുവരുന്നു. ചികിത്സയ്ക്കായി നിയോനേറ്റൽ ഇന്റൻസീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിക്കുന്ന നവജാതശിശുക്കളിൽ 24 ശതമാനം മുതൽ 46 ശതമാനം വരെ ശ്രവണ വൈകല്യമുള്ള കുട്ടികളാണ്.

അക്കാദമി ഓഫ് പീഡിയാട്രിക്സും, നാഷണൽ നിയോനേറ്റൽ ഫോറവും നടത്തിയ വിശദമായ പഠനങ്ങൾ കാണിക്കുന്നത് ആദ്യ സ്ക്രീനിങ്ങ് നവജാതശിശു ആശുപത്രി വിടുന്നതിന് മുമ്പേ ചെയ്യണം എന്നാണ്. സ്ക്രീനിങ്ങ് ടെസ്റ്റ് കേൾവിക്കുറവ് കാണിക്കുന്നുണ്ടെങ്കിൽ നാല് ആഴ്ച്ചയ്ക്ക് ശേഷമോ, ആദ്യ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്ന സമയത്തോ ചെയ്യേണ്ടതാണ്. വീണ്ടും ശ്രവണവൈകല്യം കാണുന്നുണ്ടെങ്കിൽ ഓഡിറ്ററി ബ്രെയിൻ സ്റ്റെം റെസ്പോൺസ് എന്ന പരിശോധന ചെയ്യേണ്ടതാണ്. ഇന്റൻസീവ് കെയർ യൂണിറ്റിൽ അഡ്മിറ്റാകുന്ന എല്ലാ നവജാതശിശുക്കൾക്കും ഈ പരിശോധന നടത്തേണ്ടതാണ്. എ.ബി.ആർ. പരിശോധനയിൽ കേൾവിക്കുറവ് കണ്ടെത്തുകയാണെങ്കിൽ ആ കുട്ടികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയരാക്കുകയും, 6 മാസത്തിനുള്ളിൽ കേൾവിസഹായി ഘടിപ്പിക്കുകയോ മറ്റ് ചികിത്സകൾ ചെയ്ത് കേൾവി വീണ്ടെടുക്കുകയോ ചെയ്യേണ്ടതാണ്. കുഞ്ഞ് ജനിച്ച് 1 മാസത്തിനുള്ളിൽ സ്ക്രീനിങ്ങ് ടെസ്റ്റ് നടത്തുകയും 3 മാസത്തിനുള്ളിൽ ശ്രവണവൈകല്യമുണ്ടെങ്കിൽ തിരിച്ചറിയുകയും, 6 മാസത്തിനുള്ളിൽ വേണ്ട ചികിത്സാക്രമങ്ങൾ ആരംഭിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ജൂബിലിയിൽ 1969 സെപ്റ്റംബറിൽ ആരംഭിച്ച ശിശുരോഗവിഭാഗം സുവർണ്ണജൂബിലി ആഘോഷിക്കുന്നു. ആരംഭം മുതൽ ശിശുരോഗ വിഭാഗത്തിൽ ശുശ്രൂഷ ചെയ്യുന്ന ഡോ. സണ്ണി ജോർജ്ജ് ഇന്നും സേവനം അനുഷ്ഠിക്കുന്നു. പ്രതിവർഷം മൂവ്വായിരത്തിലധികം പ്രസവം നടക്കുന്ന വിരലിലെണ്ണാവുന്ന അപൂർവ്വം സ്വകാര്യ ആശുപത്രികളി ലൊന്നാണ് 'ജൂബിലി മിഷൻ ആശുപത്രി'. മുഴുവൻ

കുഞ്ഞുങ്ങൾക്കും ശ്രവണവൈകല്യ സ്ക്രീനിങ്ങ് നാം നൽകുന്നുമുണ്ട്.

ജൂബിലി മിഷൻ ആശുപത്രിയിലെ നിയോനേറ്റൽ, പിഡിയാട്രിക്സ്, ഇ.എൻ.ടി എന്നീ ഡിപ്പാർട്ടുമെന്റുകളുമായും മറ്റു ഡോക്ടേഴ്സ്, മെഡിക്കൽ സ്റ്റുഡൻസ്, നേഴ്സിങ്ങ് സ്റ്റുഡൻസ് എന്നിവരുമായി ബ്രെറ്റ് ലീ സംവാദം നടത്തി. ഈ പരിപാടിക്ക് സഹായകമായി കോക്ലിയാർ (ഹിയറിങ്ങ് ലോസ് ഇൻപ്ലാന്റ് നിർമ്മിക്കുന്ന ഗ്രൂപ്പ്), നിയോനേറ്റൽ ഫോറം, ഇന്ത്യൻ അക്കാദമി ഓഫ് പിഡിയാട്രിക്സ്, എഫാത്ത മിഷൻ എന്നിവരും ഉണ്ടായിരുന്നു. ഈ കൂട്ടായ പ്രയത്നത്തിന് ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കരയും നേതൃത്വം നൽകി.

**2. ഫോക്കസ്: മെഡിക്കൽ വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടി**

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 14–ാം വർഷത്തിലെത്തിനിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാന പരിപാടികളുടെ ഒന്നം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു. അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുത്ത ഈ പഞ്ചദിന പരിപാടി നടത്തിയത് ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവരടങ്ങുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്. ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ള ശിൽപശാലയിൽ ഭാരതത്തിലെ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ എടുത്തു. ഈ ശിൽപശാലയിൽ രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും, നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്തു. ക്ലാസുകൾ തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. യതീഷ് ചന്ദ്ര ഉദ്ഘാടനം ചെയ്തു.

**3. എം.ബി.ബി.എസ്. റിസർച്ച്**

2016–2018 കാലയളവിൽ ഡെങ്കിപ്പനി, എലിപ്പനി എന്നിവയുടെ കാലാവസ്ഥ ഭൂപ്രദേശ പരസ്പര ബന്ധത്തെക്കുറിച്ച് ഗവേഷണ പഠനം നടത്തി. എം. ബി.ബി.എസ്. വിദ്യാർത്ഥികൾ, ജില്ലാ മെഡിക്കൽ ഓഫീസിൽ ഐ.ഡി.എസ്.പി. പ്രോഗ്രാം ഓഫീസർമാരുടെ മുമ്പിൽ അവതരിപ്പിച്ചു. 15–ാം ബാച്ചിലെ വിദ്യാർത്ഥികളായ മേരി ആൻ, മരിയ തോമസ്, മേഘ്ന മെർലിൻ, മെർലിൻ മാർട്ടിൻ, ലിസ് അലക്സ്, മീനാക്ഷി എസ്. കുമാർ എന്നിവരാണ് അസിസ്റ്റന്റ് പ്രൊഫസർ ഡോ പൊന്നു ജോസിന്റെ

(കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം) മാർഗ്ഗനിർദ്ദേശത്തിൽ പഠനം നടത്തിയത്.

- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, ഡി സോൺ ടേബിൾ ടെന്നീസ് മത്സരം ജൂബിലി മിഷൻ ആശുപത്രിയിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര ഉദ്ഘാടനം ചെയ്തു.
- ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് പൂർവ്വവിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് നടത്തിയ ശില്പശാല ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.
- ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് 2019 ൽ പാസായ വിദ്യാർത്ഥികളുടെ കോൺവൊക്കേഷനും പുതിയ ബാച്ചിന്റെ സ്വാഗതവും സംയുക്തമായി ആഘോഷിച്ചു.
- ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അൽഷിമേഴ്സ് & റിലേറ്റഡ് സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി ഡിമെൻഷ്യ കെയർ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു. ഉദ്ഘാടനം ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു.

**4. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- ഡോ. അനു തോമസ് & ഡോ. ജെനി ജോജു ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ & ഇമ്മ്യൂണോ ഹെമറ്റോളജി നടത്തിയ സംസ്ഥാന ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.
- CMAI നടത്തിയ ഡിപ്ലോമ ഇൻ അനസ്തേഷ്യ & ക്രിട്ടിക്കൽ കെയർ ടെക്നോളജി കോഴ്സ് ദേശീയ തല പരീക്ഷയിൽ ലിയ ജോയ് രണ്ടാം റാങ്കും, അമൃത ഉണ്ണികൃഷ്ണൻ മൂന്നാം റാങ്കും നേടി.
- സോണോ ചക്രവ്യൂഹ് ദേശീയ ഫോക്കസ് മത്സരത്തിൽ എമർജൻസി വിഭാഗം പി. ജി. വിദ്യാർത്ഥികളായ ഡോ. എറിൻ എലീസാ സണ്ണിയും, ഡോ. വിജയ് ചഞ്ചലും മൂന്നാം സ്ഥാനം നേടി.
- ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് അദ്ധ്യാപകർക്കായി സംഘടിപ്പിച്ച രണ്ടുദിന ശില്പശാല ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.
- സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ നോർത്ത് ഈസ്റ്റ് സോൺ സംഘടിപ്പിച്ച അത്‌ലറ്റ് മീറ്റിൽ ജൂബിലി മിഷൻ കോളേജിലെ നാലാം വർഷ വിദ്യാർത്ഥികൾ മാർച്ച് പാസ്റ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആൺകുട്ടികളുടെ വിഭാഗത്തിൽ

ജെറാർഡ് ജോണി 800 മീറ്ററിന് മൂന്നാം സ്ഥാനവും പെൺകുട്ടികളുടെ വിഭാഗം ഓട്ടമത്സരത്തിൽ ലിബിത മൂന്നാം സ്ഥാനവും നേടി.

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി അന്നമ്മ, കുറ്റിക്കാട്ട് ഹൗസ്, പൂവ്വത്തൂർ പി. ഒ., തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീ. മോഹൻ കാട്ടൂക്കാരൻ, കാട്ടൂക്കാരൻ ഹൗസ്, തൃശ്ശൂർ (14 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (285 ഡയാലിസിസ്)
- മൊണാർക്ക് കുറീസ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീമതി ഫിലോ തോമസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (14 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ജോസഫ്, മണിക്കുറ്റിയിൽ ഹൗസ്, മൈലിപ്പാടം
- സ്റ്റെഫി തിമോത്തി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
- ആദം ജോസഫ്, തൃശ്ശൂർ

**7. കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ക്ലൻസി ലിൻസൺ, കോക്കാട്ട് ഹൗസ്, വെണ്ടൂർ, തൃശ്ശൂർ

**ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ഓണാഘോഷം:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഓണാഘോഷം അസി. മാനേജരും സെക്രട്ടറിയുമായ ഫാ. റോയ് ജോസഫ് വടക്കൻ ചെണ്ട കൊട്ടി ഉദ്ഘാടനം ചെയ്തു. വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, കോളേജ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

2. **സിവിൽ എഞ്ചിനീയറിംഗ് അസ്സോസിയേഷൻ:** കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് അസ്സോസിയേഷന്റെ ഉദ്ഘാടനം കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ പൗളി പീറ്റർ നിർവഹിച്ചു. സിവിൽ മേധാവി ആർ. രതീഷ് അധ്യക്ഷനായിരുന്നു. മോഡിഫൈഡ് ഇൻ ടേക്സ് ഇൻ ഡീപ്പ് റിസർവോയർ ഫോർ വാട്ടർ ക്വാളിറ്റി മാനേജ്മെന്റ് എന്ന വിഷയത്തെ ആസ്പദമാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയർ ക്ലാസ്സെടുത്തു.
3. **കമ്പ്യൂട്ടർ എഞ്ചിനയറിംഗ് അസ്സോസിയേഷൻ:** കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് സ്റ്റുഡൻസ് അസ്സോസിയേഷന്റെ ഉദ്ഘാടനം നിൻട്രിവ ടെക്നോളജി സൊല്യൂഷൻ കോ–ഫൗണ്ടർ & സി. ഇ. ഒ. ശ്രീ. ബിമൽ എസ്. പാറയിൽ നിർവഹിക്കുകയും How to start from Scrath to Entrepreneur എന്ന വിഷയത്തിൽ സെമിനാർ നയിക്കുകയും ചെയ്തു.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ



## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **ശുചീകരണ പ്രവർത്തനങ്ങളുമായി വിദ്യാർത്ഥികൾ**
പ്രളയകെടുതിയിൽ മലിനമാക്കപ്പെട്ട മുള്ളൂർക്കര പഞ്ചായത്തിലെ കിണറുകളും പരിസര പ്രദേശങ്ങളും ശുചീകരിച്ച് മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ മാതൃകയായി. പഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിൽ 2019 ഓഗസ്റ്റ് 16–ാം തിയ്യതിയാണ് വിദ്യാർത്ഥികൾ കിണറുകൾ ക്ലോറിനേറ്റ് ചെയ്ത് ശുചിയാക്കിയത്.
2. **സംവാദം സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ആഗസ്റ്റ് 21–ാം തിയ്യതി ബി.എഡ് ട്രെയിനിംഗ് കോളേജിലെ

വിദ്യാർത്ഥികൾക്ക് സാരി വേണമോ, വേണ്ടയോ എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം സംഘടിപ്പിച്ചു. പെൺകുട്ടികൾക്ക് ധരിക്കാൻ സൗകര്യവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നതുമായ വസ്ത്രം ചുരിദാർ ആണെന്ന വാദം ഉയർന്നു വന്നു. വിദ്യാർത്ഥികൾ അവരുടെ അഭിപ്രായങ്ങൾ ഉന്നയിച്ചുകൊണ്ട് സംവാദം സജീവമാക്കി.

**3. യൂണിയൻ ഭാരവാഹികളെ തിരഞ്ഞെടുത്തു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2019-2021 അദ്ധ്യയന വർഷത്തെ യൂണിയൻ തെരഞ്ഞെടുപ്പ് 22-08-2019 വ്യാഴാഴ്ച നടന്നു. കോളേജ് ചെയർപേഴ്സണായി ഫെമിന വിൻസണും, വൈസ് ചെയർപേഴ്സണായി എ.ആർ.ശരണ്യയും, ജനറൽ സെക്രട്ടറിയായി ഹാനിഷ്.പി.ടിയും, ഫൈനാർട്സ് സെക്രട്ടറിയായി മെറിൻ അഗസ്റ്റ്യനും, മാഗസിൻ എഡിറ്ററായി ജിത ഗോപാലനും, സ്പോർട്സ് സെക്രട്ടറിയായി ബബിത് വിൽസണും, യു.യു.സിയായി മുഹമ്മദ് ഉവൈസും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടു. വിജയികളായവർക്ക് കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മലും അദ്ധ്യാപകരും വിദ്യാർത്ഥികളും ആശംസകളർപ്പിച്ചു.

**4. ടൈംസ് ഓഫ് ഇന്ത്യ വരിക്കാരായി**

ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് വിദ്യാർത്ഥികൾ 'ടൈംസ് ഓഫ് ഇന്ത്യ' വരിക്കാരായി. ടൈംസ് ഓഫ് ഇന്ത്യ പ്രവർത്തക ശ്രീ.റോബിൻ ഡേവിഡും ശ്രീ.ഗുരുശരണും 22-08-2019ന് കോളേജിൽ വരികയും പത്രവായനയുടെ നേട്ടങ്ങളെക്കുറിച്ചും ടൈംസ് ഓഫ് ഇന്ത്യയുടെ വിവിധ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**5. കൾച്ചറൽ പ്രോഗ്രാം സംഘടിപ്പിച്ചു**

വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പിക്കുക, വളർത്തുക എന്നീ ഉദ്ദേശത്തോടെ 20 മിനിറ്റ് നീളുന്ന കൾച്ചറൽ പ്രോഗ്രാമുകൾ വിവിധ ഓപ്ഷനുകളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. 22 ആഗസ്റ്റ് 2019ന് നടത്തിയ പരിപാടിയിൽ അസി.ബർസർ ഫാ.ബാബു അപ്പാടനും സന്നിഹിതനായിരുന്നു.

**6. പ്രളയ ബാധിതർക്ക് സഹായ ഹസ്തവുമായി വിദ്യാർത്ഥികൾ**

ജലപ്രളയം ഏറ്റവുമധികം നാശം വിതച്ച കവളപ്പാറയിലെ ജനങ്ങൾക്ക് സഹായ ഹസ്തവുമായി മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ മുന്നോട്ടു വന്നു.

വിദ്യാർത്ഥികൾ ശേഖരിച്ച വിവിധ വസ്തുക്കൾ കോളേജ് അസി.ബർസർ റവ.ഫാ.ബാബു അപ്പാടന്റെ നേതൃത്വത്തിൽ കവളപ്പാറയിൽ ദുരിതമനുഭവിക്കുന്നവർക്ക് എത്തിച്ചു നൽകി.

**7. 18–ാമത് കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 18–ാമത് കോളേജ് യൂണിയൻ ഉദ്ഘാടനം 2019 ആഗസ്റ്റ് 29–ാം തിയ്യതി 11 മണിക്ക് പെരുമ്പിലാവ് മാർ ഒസ്താതിയോസ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പാൾ ഡോ.ലിംസി ജോൺ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നിർവ്വഹിച്ചു. തദവസരത്തിൽ ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടന കർമ്മം തിരക്കഥാകൃത്തും നേവലിസ്റ്റുമായ ശ്രീ.സഞ്ജയൻ ഇളനാടിന്റെയും മറ്റ് വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനകർമ്മം അസി.ബർസാർ റവ.ഫാ.ബാബു അപ്പാടന്റെയും നേതൃത്വത്തിൽ നടന്നു. അദ്ധ്യക്ഷത വഹിച്ച കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

**8. അദ്ധ്യാപക ദിനവും ഓണാഘോഷവും സംയുക്തമായി ആഘോഷിച്ചു**

ദേശീയ അദ്ധ്യാപകദിനത്തോടനുബന്ധിച്ച് മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2019 സെപ്റ്റംബർ 5–ാം തിയ്യതി അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അദ്ധ്യാപകദിനവും ഓണാഘോഷവും സംയുക്തമായി ആഘോഷിച്ചു.

| | |
|---|---|
| **ഫാ. ബാബു അപ്പാടൻ** | **ഫാ. ചാക്കോ ചിറമ്മൽ** |
| അസി. മാനേജർ | പ്രിൻസിപ്പാൾ |




**1. എക്സൽ അക്കാദമി – ഓണാഘോഷം**

എക്സൽ അക്കാദമിയുടെ ഓണാഘോഷം ഉത്രാടദിവസം, എക്സൽ അക്കാദമി അവിണിശ്ശേരി കാമ്പസിൽ വെച്ച് നടന്നു. ഡയറക്ടർ ഫാ. ഡേവിസ് തെക്കേക്കരയുടെ സാന്നിധ്യത്തിൽ, പൂക്കളമത്സരം, ഓണ ക്കളികൾ, ഓണസദ്യ എന്നിവ സംഘടിപ്പിച്ചിരുന്നു.

**2. എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം**

സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പഠിപ്പ് തുടർന്നു കൊണ്ടുപോകാൻ വിഷമിക്കുന്ന, മിടുക്കരായ കുട്ടികളുടെ പഠനസഹായത്തിനായി, തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ എക്സൽ അക്കാദമി, ഈ വർഷം, ആരംഭിച്ചിട്ടുള്ള എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം, അതിരൂപതയിലെ ഇടവകകൾ, ഇടവകവികാരിമാർ, മറ്റു മഹത്വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണംകൊണ്ട്, ആ, സംരംഭം വിജയിച്ചുകൊണ്ടിരിക്കുകയാണ്. 50,000/–, 25000/– എന്നീ സംഖ്യകൾ സംഭാവനയായി തരുന്ന സ്പോൺസർമാർക്ക്, ഒരു വർഷം മൂന്ന് കുട്ടികളെവരെ, എക്സൽ അക്കാദമിയുടെ മെഡിക്കൽ, എഞ്ചിനീയറിങ്ങ് എൻട്രൻസ് കോച്ചിങ്ങ്, സിവിൽ സർവീസ് കോച്ചിങ്ങ്, ഓറിയെന്റേഷൻ, ഫൗണ്ടേഷൻ കോഴ്സുകൾ എന്നിവയിൽ സൗജന്യമായി പഠിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : 9846905210, 9744941585, 9847276657

**3. Excel K - TET Class**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ K-TET ഏഴാമത്തെ ബാച്ചിന്റെ ക്ലാസുകൾ, ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ ഒക്ടോബർ 15–ാം തിയതി ആരംഭിക്കും.

Contact: 9744941585, 9847276657

**4. Excel IAS Academy**

എക്സൽ സിവിൽ സർവീസ് അക്കാദമിയുടെ നേതൃത്വത്തിൽ, അവിണിശ്ശേരി സിവിൽ സർവീസ് അക്കാദമി, Daily Batch, Saturday/Sunday Batch ക്ലാസുകൾ നടന്നുകൊണ്ടിരിക്കുന്നു. KAS (Kerala Administrative Service)ന്റെ നവംബർ – ഡിസംബർ മാസങ്ങളിൽ നടക്കുന്ന KASന്റെ ആദ്യപരീക്ഷക്കുള്ള ക്രാഷ് കോഴ്സ്, എക്സൽ അവിണിശ്ശേരി കാമ്പസിൽ ആരംഭിക്കുന്നു.

Contact: 9188592400, 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേകര**
ഡയറക്ടർ

# സാന്ത്വനം

1. **പ്രളയ ബാധിതർക്കൊപ്പം സാന്ത്വനവും**

ഈ വർഷത്തെ പ്രളയത്തോടനുബന്ധിച്ച് സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെനേതൃത്വത്തിൽ ബിഷപ്പ് ഹൗസിൽ കളക്ഷൻ സെന്റർ ആരംഭിച്ചു. വിവിധ ഇടവകകളിൽ നിന്നും പള്ളികളിൽ നിന്നും അവശ്യസാധനങ്ങൾ, വസ്ത്രങ്ങൾ, ക്ലീനിങ്ങ് വസ്തുക്കൾ എന്നിവ ശേഖരിക്കുകയും ആവശ്യമുള്ള ക്യാമ്പുകളിലേക്കും വീടുകളിലേക്കും അവ വിതരണം ചെയുകയും ചെയ്തു. ഈ വർഷം അതിരൂപതയുടെ അതിർത്തിക്കുള്ളിൽ 159 ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത്. അതിരൂപത പാസ്റ്ററൽ കൗൺസിൽ, കെ.സി.വൈ.എം., കത്തോലിക്ക കോൺഗ്രസ്, സി.എൽ.സി. എന്നിവർ സാന്ത്വനത്തോട് ഒന്നുചേർന്ന് കളക്ഷൻ സെന്റർ പ്രവർത്തനങ്ങൾക്ക് സഹകരിച്ചിരുന്നു. സാധനങ്ങൾ നൽകിയും സാമ്പത്തികമായും സഹകരിച്ച ഇടവകകൾ, സന്യാസഭവനങ്ങൾ, ഭക്ത സംഘടനകൾ, വ്യക്തികൾ, വളണ്ടിയേഴ്സ് എന്നിവർക്ക് സാന്ത്വനത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

2. **സേവ് തൃശ്ശൂരിന്റെ നേതൃത്വത്തിൽ സഹായം നൽകി**

സാന്ത്വനം വഴി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അതിരൂപതാ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ സേവ് തൃശ്ശൂരിന്റെ നേതൃത്വത്തിൽ പ്രളയത്തിലും മറ്റു പ്രകൃതി ദുരന്തത്തിലും അകപ്പെട്ട ജനങ്ങളുടെ പുനരദ്ധാരണവുമായി ബന്ധപ്പെട്ട്, മാനന്തവാടി, താമരശ്ശേരി, പാലക്കാട് രൂപതകൾ നടപ്പിലാക്കുന്ന അതിജീവന പ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ, 10 ലക്ഷം രൂപ വീതം 3 രൂപതകൾക്കും നൽകി. അതിരൂപതയിൽ നിന്നുള്ള പ്രതിനിധികൾ, സാന്ത്വനം ടീം, വളണ്ടിയേഴ്സ് എന്നിവരങ്ങുന്ന ദുരിതാശ്വാസ സഹായ സംഘം ഓരോ രൂപതാകേന്ദ്രങ്ങളും സന്ദർശിക്കുകയും, അതിരൂപതയ്ക്കുവേണ്ടി വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ സഹായം കൈമാറുകയും ചെയ്തു. അതോടൊപ്പം വയനാട്, കുറുവ, പിച്ചിലിത്തോട്, കവളപ്പാറ എന്നീ ദുരന്തഭൂമികൾ സന്ദർശിക്കുകയും ജന

ങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു. സഹകരിച്ച എല്ലാവർക്കും അതിരൂപതയുടെ കൃതജ്ഞതയർപ്പിക്കുന്നു.

**3. ഭവനങ്ങൾ ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ സേവ് തൃശ്ശൂർ പദ്ധതിയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഭവനങ്ങളിൽ 13 ഭവനങ്ങൾ ആശീർവദിച്ചു. മണലൂർ, കാരമുക്ക്, കഞ്ഞാണി, ചാഴൂർ, പഴുവിൽ, പുള്ള്, തൊറവ്, വേലൂപ്പാടം എന്നീ ഇടവകകളിലുള്ള ജാതിഭേദമെന്യേ അർഹതയുള്ള ഗുണഭോക്താക്കൾക്കാണ് ഭവനം നിർമ്മിച്ച് ആശീർവദിച്ച് കൈമാറിയത്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മാർ ടോണി നീലങ്കാവിൽ പിതാവ്, മോൺ. തോമസ് കാക്കശ്ശേരി, മോൺ. ജോസ് വല്ലൂരാൻ എന്നിവർ ആശീർവാദ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

**4. ജൈവരീതിയിലുള്ള കോഴി വളർത്തൽ**

ജൈവരീതിയിലുള്ള കോഴി വളർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടതുക ഓരോ വ്യക്തിക്കും വിതരണം ചെയ്തു. അരിമ്പൂർ, പൊറത്തൂർ, കല്ലൂർ ഈസ്റ്റ് എന്നീ സ്ഥലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിധവൾക്ക് വരുമാന വർദ്ധക സംരഭമായിട്ടാണ്, ജൈവരീതിയിലുള്ള കോഴി വളർത്തൽ എന്ന പദ്ധതി, കേരള സോഷ്യൽ സർവ്വീസ് ഫോറം വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

**5. സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ**

അടാട്ട്, അത്താണി, ആർത്താറ്റ്, എരനെല്ലൂർ, വരാക്കര സൗത്ത്, പനമുക്ക്,ആമ്പക്കാട്, ചേറ്റുപുഴ, പറപ്പൂർ, ചിറനെല്ലൂർ എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗങ്ങൾ, പാരിഷ് ഹാളിൽ നടന്നു. വികാരിമാരായ ഫാ. ജോബി പുത്തൂർ, ഫാ. ഫ്രാൻസീസ് നീലങ്കാവിൽ, ഫാ. ജോഷി പാറോക്കാരൻ, ഫാ.ജോസഫ് മുരിങ്ങാത്തേരി, ഫാ. ജോയി മുരിങ്ങാത്തേരി, ഫാ. ജെയിംസ് വടക്കൂട്ട്, ഫാ. ബിജു ആലപ്പാട്ട്, ഫാ. ബോബി തറക്കുന്നേൽ, ഫാ. ജോൺസൻ അന്തിക്കാടൻ, ഫാ. നിബിൻ തളിയത്ത് എന്നിവരുടെ സാന്നിധ്യത്തിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ യോഗങ്ങൾ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ, C A ഓഡിറ്റ് ചെയ്ത കണക്കുകളും റിപ്പോർട്ടുകളും വായിച്ചു പാസ്സാക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

6. **ബേസിക് ആക്ഷൻ ടീം മീറ്റിംഗ്**

സ്വയം സഹായ സംഘങ്ങളുടെ BAT മീറ്റിംഗുകൾ പെരിഞ്ചേരി, കല്ലൂർ ഈസ്റ്റ്, കണ്ണാറ, പുത്തൂർ, വെള്ളാനിക്കോട് എന്നീ സ്ഥലങ്ങളിൽ വച്ച് നടന്നു. സാന്ത്വനം, മൈക്രോ ക്രെഡിറ്റ് വഴി നൽകുന്ന വായ്പകൾ ലഭിക്കുന്നതിനെപ്പറ്റിയും ചർച്ചകൾ നടന്നു.

7. **സേവ് എ ഫാമിലി**

ഉപകാരികൾക്കുള്ള കത്തുകൾ അയക്കുകയും, DDMS.SAFP Site സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുകയും ചെയ്തു. 45 ഗുണഭോക്തൃ കുടുംബങ്ങൾക്കുള്ള കത്തുകൾ തീർക്കുകയും DDMS software upload ചെയ്യുകയും ചെയ്തു. മക്കളുടെ പഠനപുരോഗമനം, സ്വയംതൊഴിലിലൂടെ ലഭിച്ച ലാഭവും, വീട് നിർമ്മാണം, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് റിവ്യൂ റിപ്പോർട്ട് അയക്കുകയും ചെയ്തു.

8. **പുതിയ കുടുംബങ്ങളെ തെരെഞ്ഞെടുത്തു**

SAFP-FDP ഭാഗമായി പുതിയ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സെലഷൻ നടത്തി. വേലൂർ, തിരുത്തിപറമ്പ് ഭാഗങ്ങളിൽ നിന്നും 2 ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തി. SAFP FDP പദ്ധതിയുടെ സമഗ്രമായ വിശദീകരണം കോഡിനേറ്റർ, ആനിമേറ്റർ കുടുംബങ്ങളെ അറിയിക്കുകയും ചെയ്തു. ഗുണഭോക്തൃ കുടുംബങ്ങൾക്ക് ചികിത്സാസഹായം നൽകി.

9. **സേവ് എ ഫാമിലി സഹായം**

അടാട്ട് -Rs.1,000/-, വെട്ടുക്കാട് -Rs.7,000/-, ഇരവിമംഗലം -Rs.6,000/-, കല്ലൂർ -Rs.15,000/-, മുണ്ടൂർ-Rs.17,000/-, കോലഴി -Rs.15,000/-, കൂട്ടാല -Rs.7,000/-, പുത്തൂർ-Rs.10,000/-, നെല്ലിക്കുന്ന്-Rs.39,000/-, കാച്ചേരി-Rs.8,000/-, കണ്ണാറ -Rs. 6,000/-, പാലയൂർ-Rs.5,000/-, ചേറൂർ -Rs.20,000/-, പാലായി -Rs.12,000/-, വേലൂർ -Rs.9,000/-, ആമ്പക്കാട് -Rs.10,000/-, മനക്കൊടി -Rs.10,000/-, പീച്ചി -Rs.-5,500/-.

10. **സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതി**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതിയിൽ ഇതുവരെ 342 അംഗങ്ങൾക്കായി, 1815890/– രൂപ കരുതൽ സഹായധനമായി നൽകി. 217 പേർക്ക് വിവാഹസഹായവും 103 പേർക്ക് ചികിത്സസഹായവും 22 പേർക്ക് മരണാനന്തര സഹായവും നൽകി.

11. **സെൻട്രൽ മീറ്റിങ്ങുകൾ നടത്തി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലെ ഗുണഭോക്താക്കൾക്കുവേണ്ടി പടവരാട്, ചിറ്റിശ്ശേരി എന്നീ സെന്ററുകളിൽ ഗുണഭോക്താക്കൾ

ക്കായുള്ള സെന്ററൽ മീറ്റിങ്ങ് നടത്തി. കോർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ, ആനിമേറ്റർമാർ എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. അതിനുശേഷം ഈ സെന്ററുകളിലെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**12. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

അരിമ്പൂർ-Rs.18,000/-, വെങ്ങാനെല്ലൂർ-Rs.17,000/-, പങ്ങാരപ്പിള്ളി-Rs.41,176/-, കല്ലൂർ-Rs.8,5000/-, അടാട്ട്-Rs.9,000/-, നാട്ടിൻചിറ-Rs.25,000/-, ചേലക്കര-Rs.10,000/-, പൂച്ചിന്നിപ്പാടം-Rs.10,000/-.

**13. പുതിയ SHGകൾ രൂപീകരിച്ചു**

സാന്ത്വനത്തിന്റെ കീഴിൽ പുതിയ 2 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചു. വെണ്ടോർ കേന്ദ്രീകരിച്ച് ഒരു സംഘവും പനമുക്ക് കേന്ദ്രീകരിച്ച് ഒരു സംഘവും പ്രവർത്തനമാരംഭിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും സംഘത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും കോർഡിനേറ്റർ സംഘാംഗങ്ങൾക്ക് നിർദേശം നൽകി.

**14. നവജീവൻ പ്രോജക്ട് പദ്ധതി പ്രദേശങ്ങൾ തെരെഞ്ഞെടുത്തു**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ, പ്രകൃതി ദുരന്ത നിവാരണത്തിന്റെ ഭാഗമായി, കേരളത്തിലെ 32 രൂപതകളിലും,അതാതു സ്ഥലത്തെ രൂപതാ സോഷ്യൽ അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവജീവൻ പദ്ധതിയുടെ തൃശ്ശൂർ രൂപതയുടെ പദ്ധതി പ്രദേശം തെരെഞ്ഞെടുത്തു. ചാഴൂർ പഞ്ചായത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിലാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. ഇതിനോടനുബന്ധിച്ച് നവജീവൻ പ്രോജക്ടിന്റെ കേരളത്തിലുള്ള ഔദ്യോഗിക ഉദ്ഘാടന ചടങ്ങ് എറണാകുളം പി.ഒ.സിയിൽ വെച്ച് നടത്തപ്പെട്ടു. പ്രസ്തുത ചടങ്ങിൽ സാന്ത്വനത്തിൽ നിന്നും 14 പേരടങ്ങുന്ന ടീം പങ്കെടുത്തു. ഈ പദ്ധതിയ്ക്ക് മുന്നോടിയായി താമരശ്ശേരിയിൽ വെച്ച് നടന്ന മേഖലതല ഏകദിന പരിശീലന പരിപാടിയ്ക്ക് കോർഡിനേറ്റർ ശ്രീ.നെൽസൺ തോമസ് പങ്കെടുത്തിരുന്നു.

**15. നിലമ്പൂരിലേക്ക് സാന്ത്വനവുമായി**

പ്രളയവും ഉരുൾപ്പൊട്ടലും ഏറ്റവുമധികം ബാധിച്ച നിലമ്പൂരിന്റെ മണ്ണിലേക്ക് സാന്ത്വനവുമായി സാന്ത്വന ടീം കടന്നുചെന്നു. സഹായം തീരെ എത്തിച്ചേരാത്ത സ്ഥലങ്ങളിലേക്ക് സഹായം നൽകുന്നതിനുവേണ്ടി അരി, പലചരക്ക് സാധനങ്ങൾ, മറ്റു ഭക്ഷണപദാർത്ഥങ്ങൾ, വസ്ത്രങ്ങൾ, ക്ലീനിങ്ങ് മെറ്റീരിയൽസ്, കുടിവെള്ളം, ഗൃഹോപകരണങ്ങൾ എന്നിവ പുളിക്കലോടിയിലെ ബഥനി സിസ്റ്റേഴ്സിനെ

ഏൽപ്പിച്ചു.തുടർന്ന് ദുരന്തം ഏറ്റവും കുടുതൽ നാശം വിതച്ച ഭൂദാനം, പാതാർ എന്നീ സ്ഥലങ്ങൾ സാന്ത്വനം ടീമംഗങ്ങൾ സന്ദർശിച്ചു.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ




## സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

1. 13–08– ൽ സ്ലംസർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽചെന്നയിലേക്ക് 42 അയൽക്കൂട്ട അംഗങ്ങൾ ചേർന്ന് ടൂർ നടത്തി. ചെന്നയിലേക്ക് വിമാനത്തിലും, തിരിച്ച് ട്രെയിനിലും ആയിരുന്നു. ചിന്നമലയിൽ വി. തോമാശ്ലീഹ കുത്തേറ്റ് മരിച്ച സ്ഥലം, മൈലാപ്പൂരിലെ സെന്റ് തോമസ് മൗണ്ട് പള്ളി, മെറീന ബീച്ച് എന്നിവ സന്ദർശിച്ചു. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, കോർഡിനേറ്റർ ജാൻസി ജോൺസൻ എന്നിവർ വിനോദയാത്രക്ക് നേതൃത്വം നൽകി.
2. 23–08–ൽ പടവരാട് പുതിയ എ. ഡി. എസ്. രൂപീകരിച്ചു. എല്ലാ മേഖലകളിലും എ. ഡി. എസ്. മീറ്റിങ്ങുകൾ നടന്നു.
3. 29–8–ൽ SSC എക്സിക്യൂട്ടീവ് കമ്മറ്റി അംഗം തങ്കമ്മ പോൾ നിര്യാതയായി. 30–08–ൽ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം കൂടുകയും, ഡയറക്ടർ ഫാ. സിന്റോ തൊറയൻ, അസോ. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, സ്റ്റാഫ് എന്നിവർ പരേതയുടെ വസതിയിൽ ചെന്ന് റീത്ത് സമർപ്പിക്കുകയും, പ്രാർത്ഥിക്കുകയും, സംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ

FAMILY APOSTOLATE CENTRE THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

1. **വിഭാര്യകൂട്ടായ്മ**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ഭാര്യയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്നവരുടെ അർദ്ധ ദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഒക്ടോബർ 12–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ കൂടുന്നതാണ്. ഈ വിഭാര്യ കൂട്ടായ്മയിലേക്ക് ഭാര്യ മരിച്ചുപോയ എല്ലാ ഭർത്താക്കന്മാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2. **നവദമ്പതിസംഗമം**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ പതിമൂന്നാമത്തെ കൂട്ടായ്മയാണ് ഒക്ടോബർ 13–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2019 മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

3. **അനുഗ്രഹ മാരിജ് ബ്യൂറോ**

2018 ൽ നടന്ന നമ്മുടെ അതിരൂപത അസംബ്ലിയിൽ പങ്കെടുത്തവർ ശക്തമായ പറഞ്ഞ ഒരു കാര്യമാണ് അതിരൂപതയിൽ വിവാഹ പ്രായമായിട്ട് വിവാഹന്തസ്സിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്നവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് . അതിരൂപതയിൽ അനൗദ്യോഗിക കണക്കനുസരിച്ച് ഏകദേശം ആറായിരത്തോളം ആൺകുട്ടികൾ മുപ്പത് വയസ്സിന് മുകളിൽ പ്രായമായി

വിവാഹനന്തസ്സിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്നു. അതുപോലെ ഇരുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമായ കുറച്ച് പെൺകുട്ടികളും വിവാഹ മോചിതരായവരും നിൽപ്പുണ്ട്. ഇവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന അനുഗ്രഹ മാരിജ് ബ്യൂറോയിൽ ഫ്രീയായി രജിസ്ട്രേഷൻ നടത്തി കൊടുക്കുന്നു. ആയതുകൊണ്ട് 30 വയസ്സിനു മേലെ പ്രായമായ ആൺകുട്ടികളും 25 വയസ്സിനു മേലെ പ്രായമായ പെൺകുട്ടികളും വിവാഹമോചിതരും ആയവർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വന്ന് ഫ്രീയായി രജിസ്ട്രേഷൻ ചെയ്യാവുന്നതും ഫയലുകൾ കാണാവുന്നതുമാണ്.

**4. സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ ചേലക്കര, ചെമ്മണ്ണൂർ, ഏങ്ങണ്ടിയൂർ, എരവിമംഗലം, കാവീട്, കുരിയച്ചിറ എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

**1. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തീർത്ഥയാത്ര**

അതിരൂപത കുടുംബകൂട്ടായ്മക്ക് മൂന്ന് വർഷം സുസ്ത്യർഹമായി സേവനത്തിന് നേതൃത്വം കൊടുത്ത അതിരൂപത കുടുംബ കൂട്ടായ്മ

ഭാരവാഹികളും ഫൊറോന കൺവീനർമാരും ഇവരുടെ കുടുംബ ങ്ങളും ഫൊറോന കുടുംബകൂട്ടായ്മ ആനിമേറ്റർ അച്ചന്മാരും ചേർന്നുള്ള തീർത്ഥയാത്ര ഒക്ടോബർ 7–ാം തിയ്യതി തിങ്ക ളാഴ്ചയാണ്. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2. ചർച്ചാപഠനപരിശീലന ക്യാമ്പ്**

നവംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷ യത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഒക്ടോബർ 26–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അ പ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാ സ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞ യക്കുമല്ലോ.

**3. കൊന്തമാസ ആചരണം**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ കൊന്തമാസ ആചരണം ഒക്ടോബർ 26–ാം തിയ്യതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ചാപ്പലിൽ നടത്തുന്നതായി രിക്കും. ഈ കൊന്തമാസ ആചരണത്തിലേക്ക് അതിരൂപത, ഫൊറോന ഭാരവാഹികളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**4. കുടുംബകൂട്ടായ്മ ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഫൊറോന തല തിരഞ്ഞെടുപ്പ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടത്തേ ണ്ടതാണ്. ഫൊറോന ഇലക്ഷൻ പൂർത്തിയാക്കിയ ഫൊറോനകൾ ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയതമായ ഫോമിൽ പൂരിപ്പിച്ച് ഏൽപിക്കേ ണ്ടതാണ്.

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**ഫാ. സീജൻ ചക്കാലക്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# മാതൃവേദി

1. **പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിന മാണ് ഒക്ടോബർ 10–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊ ലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാ ദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായി രിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

2. **സങ്കീർത്തന ഗാനാലാപന മത്സരം വിജയികൾ**

മാതൃവേദി അംഗങ്ങൾക്കായി അതിരൂപത തലത്തിൽ നടത്തിയ സങ്കീർത്തന ഗാനാലാപന മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥ മാക്കിയത് പൂത്തറക്കൽ ഇടവക, രണ്ടാം സമ്മാനം പട്ടിക്കാട് ഇടവ ക, മൂന്നാം സമ്മാനം ഗുരുവായൂർ ഇടവക, പ്രോത്സാഹന സമ്മാന ങ്ങൾ പറപ്പൂർ, പുതുക്കാട്, വടക്കേ കാരമുക്ക്, വടൂക്കര, കുമ്പള ങ്ങാട്, ചെരനെല്ലൂർ, നടത്തറ എന്നീ ഇടവകകളാണ്. പങ്കെടുത്ത വർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

3. **കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്ക ളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഒക്ടോബർ മാസത്തിൽ നടത്തേണ്ടത് പഴുവിൽ, പറപ്പൂർ എന്നീ ഫൊറോന കളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

4. **സെമിനാർ – ജീവന്റെ മൂല്യം**

ജീവനെ സ്നേഹിക്കുക ജീവനെ പ്രോത്സാഹിപ്പിക്കുക ജീവനെ സംരക്ഷിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗ ങ്ങൾക്കായുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ

വച്ച് 2019 ഒക്ടോബർ 10–ാം തിയ്യതി, വ്യാഴാഴ്ച്ച രാവിലെ 11 മുതൽ 1 മണി വരെ ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**5. ആദരിക്കൽ**

നമ്മുടെ വാർഷിക പദ്ധതിയിൽ നേരത്തെ അറിയിച്ചതുപോലെ 2019 ൽ മാതൃവേദി സംഘടനയിലേക്ക് കൂടുതൽ അംഗങ്ങളെ ചേർത്തിയ യൂണിറ്റുക്കാർക്കുള്ള സമ്മാന വിതരണം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് 2019 ഒക്ടോബർ 10–ാം തിയ്യതി, വ്യാഴാഴ്ച്ച ഉണ്ടായിരിക്കുന്നതാണ്. 2019 ൽ ചേർത്തിയ അംഗങ്ങളുടെ ലിസ്റ്റും എണ്ണവും എഴുതി വികാരിയച്ചന്റെ സാക്ഷ്യ പത്രത്തോടുകൂടെ ലിസ്റ്റ് നൽകേണ്ടതാണ്.ഇതിൽ നിന്ന് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തിയ യൂണിറ്റുക്കാർക്ക് സമ്മാനം നൽകുന്നതാണ്. ലിസ്റ്റ് ഒക്ടോബർ 10 നുള്ളിൽ മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

| **മേരി വിൻസെന്റ്** | **ഫാ. അനീഷ് കൂത്തൂർ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**1. ഒത്തിരി നന്ദി**

ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടി പ്രോലൈഫിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പഠന പ്രാർത്ഥന അഭിഷേക ശുശ്രൂഷ വളരെ നന്നായിരുന്നു. പങ്കെടുത്തവർക്കും നയിച്ചവർക്കും ഒത്തിരി നന്ദി.

**2. തിരുമണിക്കൂർ ആരാധന – ഒക്ടോബർ 7 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**3. ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**


ജപമാല മാസമായ ഒക്ടോബർ മാസം സമാഗതമാകുകയാണല്ലോ. ഈ മാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥി ക്കാനാണ് നാം അഭിലഷിക്കുന്നത്.

ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകട ങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനു കളും നമ്മെ അക്ഷരാർത്ഥത്തിൽ അംമ്പരിപ്പിക്കുന്നു. യുദ്ധമേഖല കളിലും ആഭ്യന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാ പിക്കപ്പെടാൻ ഈഅവസരത്തിൽ പ്രാർത്ഥിക്കണം.

ഉള്ളുരുകി ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥി ക്കുന്നത് എത്രയോ അഭികാമ്യമാണ്. ഈ ഒക്ടോബർ മാസത്തിൽ ഒരു കോടി ജപമാല ചൊല്ലി പിതാവായ ദൈവത്തിന്റെ സന്നിധി യിൽ സമർപ്പിക്കാൻ നാം അഭിലഷിക്കുന്നു. നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗത്തിനുവേണ്ടിയായി രിക്കാൻ താൽപര്യപ്പെടുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



## സി.എൽ.സി.

**1. മരിയോത്സവം ലോഗോ പ്രകാശനം**

തൃശൂർ അതിരൂപത സി എൽ സി , അതിരൂപതയിലെ യുവജ നങ്ങളുടെ കലാ സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്ന തിനായി സംഘടിപ്പിക്കുന്ന മരിയോത്സവം 2019 ലോഗോ പ്ര കാശനം ഷംഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ നിർവഹിച്ചു.

**2. അഞ്ചാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ്**

തൃശൂർ അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ, 44 ടീമുകളുമായി ഈ വർഷം നടക്കുന്ന അഞ്ചാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ് തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

**3. മരിയോത്സവം സാഹിത്യ മത്സരം 2019**

ഓഗസ്റ്റ് 23 വെള്ളിയാഴ്ച്ച തൃശൂർ സെന്റ് തോമസ് കോളേജിൽ ഈ വർഷത്തെ അതിരൂപത സാഹിത്യമത്സരങ്ങൾ നടന്നു . തൃശൂർ അതിരൂപതയിലെ വിവിധ ഇടവക യൂണിറ്റുകളിൽ നിന്നായി മുന്നൂറോളം മത്സരാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

**4. മരിയോത്സവം കലാമത്സരം 2019**

ഈ വർഷത്തെ മരിയോത്സവം കലാമത്സരങ്ങൾ ഒക്ടോബർ 2 നു ദേവമാതാ സി. എം. ഐ. പബ്ലിക് സ്കൂളിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപെടുക
മരിയോത്സവം കൺവീനർ : ജെസ്വിൻ സാജു 9747729143

**5. തിരുശേഷിപ്പ് പ്രയാണം**

തൃശൂർ അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ ഒക്ടോബർ 13 നു വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന മറിയം ത്രേസ്യയുടെ തിരുശേഷിപ്പ് പ്രയാണം ഒക്ടോബർ 19, 20 തിയ്യതികളിൽ ആയി ആഘോഷപൂർവം സങ്കടിപ്പിക്കുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. ഡയറക്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്




**1. യുവജന ദിനാഘോഷം നടത്തി**

KCYM സംഘടനയുടെ നേതൃത്വത്തിൽ അതിരൂപതയിലെ യുവജ നങ്ങളെ കോർത്തിണക്കിക്കൊണ്ട് യുവജന ദിനാഘോഷം തൃശൂർ DBCLC യിൽവെച്ച് ആഗസ്റ്റ് 25 ഞായറാഴ്ച രാവിലെ 9 മുതൽ ഉച്ച തിരിഞ്ഞ് 5.30 വരെ നടത്തുകയുണ്ടായി. അതിരൂപത വികാരി ജന റാൾ മോൺ. ജോസ് വല്ലൂരാൻ പതാക ഉയർത്തി യുവജന ദിനാ ഘോഷം ആരംഭിച്ചു. യുവജന ദിവ്യബലിക്ക് അതി രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോയ് മൂക്കൻ നേതൃത്വം നൽകി. പ്രതിനിധി സമ്മേളനം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനം അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. "യുവജനങ്ങൾ നാളെയുടെ വാഗ്ദാനങ്ങളല്ല; ഇന്നിന്റെ വാഗ്ദാനങ്ങ ളാണ്" എന്ന് പിതാവ് സന്ദേശത്തിൽ പറഞ്ഞു. അതിരൂപത ഡയറ ക്ടർ ഫാ. ഡിറ്റോ കൂള ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന KCYM പ്രസിഡന്റ് ശ്രീ. സിറയക് ചാഴിക്കാടൻ യുവജന സന്ദേശം നൽകി. ആലത്തൂർ MP കുമാരി രമ്യ ഹരിദാസ് മുഖ്യാതിഥിയായിരു ന്നു. "ഇനി ഈ രാജ്യം ഭയക്കേണ്ടതില്ല; ഈ യുവാക്കളുടെ കയ്യിൽ ഇന്ത്യ ഭദ്രമാണ്" എന്നും "KCYM യുവജന സംഘടന അതിനു മുന്നിൽത്തന്നെ ഉണ്ടാകും" എന്നും രമ്യ ഹരിദാസ് അഭിപ്രായപ്പെ ട്ടു. അവർകളെയും, 2017–2018 KCYM അതിരൂപത സമിതിയെയും, ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യസാധനങ്ങൾ ശേഖരിച്ചു നൽകിയ KCYM യൂണിറ്റുകളെയും ആദരിച്ചു. വിവിധ യൂണിറ്റുക ളുടെ കലാപരിപാടികളും ഫ്ളാഷ് മോബുകളും ഉണ്ടായിരുന്നു. രണ്ടാ യിരത്തോളം യുവജനങ്ങൾ അതിരൂപതയിലെ വിവിധ ഇടവകക ളിൽനിന്ന് പങ്കെടുത്തു. തുടർന്ന് DBCLC യിൽനിന്ന് കോർപ്പറേഷൻ ഓഫീസിനു മുന്നിലേക്ക് യുവജന റാലി നടത്തി. യുവജന ദിനാ

ഘോഷത്തിന്റെ തലേദിവസം ആഗസ്റ്റ് 24–ാം തിയ്യതി ചേലക്കര, പാല യൂർ, വേലൂർ, ലൂർദ്ദ്, ഒല്ലൂർ, ചേരുംകുഴി എന്നീ മേഖലകളിൽ നിന്നും വിവിധ പ്രയാണങ്ങൾ സമ്മേളനവേദിയിൽ എത്തിച്ചേരുകയുണ്ടായി.

2. **പരി. മറിയത്തിന്റെ ജനന തിരുന്നാളും, വി. മദർ തെരേസ അനുസ്മരണവും**

KCYM തൃശൂർ അതിരൂപതയുടെയും, KCYM എരുമപ്പെട്ടി ഫൊറോനയുടെയും നേതൃത്വത്തിൽ സെപ്തംബർ 8, ഞായറാഴ്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുന്നാളും, വി. മദർ തെരേസ അനുസ്മരണവും പോപ്പ് പോൾ മേഴ്സി ഹോമിൽവെച്ചു നടത്തി. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ലിതിൻ ലോറൻസ് യോഗത്തിന് സ്വാഗതം പറഞ്ഞു. പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ ഫാ. ജോൺസൻ അന്തിക്കാട് ആമുഖപ്രഭാഷണം നടത്തി.

3. **ദുരിതകയത്തിൽ അകപ്പെട്ടുപോയ മലബാർ മേഖലയ്ക്ക് കൈത്താങ്ങുമായി തൃശൂർ അതിരൂപത KCYM**

പ്രളയവും ഉരുൾപ്പൊട്ടലും കൂടുതൽ നാശം വിതച്ച മലബാറിലെ വയനാട് ജില്ലയിലെ കുറുമണി പ്രദേശത്ത് അവശ്യസാധനങ്ങൾ തൃശൂർ അതിരൂപത KCYM നൽകി. തൃശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്ന് ശേഖരിച്ച അവശ്യസാധനങ്ങൾ സമാഹരിച്ചാണ് ഈ ഉദ്യമം നടത്തിയത്. തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അവശ്യസാധനങ്ങളുമായി പോകുന്ന വാഹനത്തിന് ഫ്ളാഗ് ഓഫ് ചെയ്തു. ഷംസാബാദ് മെത്രാപ്പൊലീത്ത മാർ റാഫേൽ തട്ടിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, അതിരൂപത KCYM ഭാരവാഹികൾ, വിവിധ ഫൊറോന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

4. **ഡോളോഴ്സ് ഫൊറോന ജനറൽ ബോഡി യോഗം നടത്തി**

ഡോളേഴ്സ് ഫൊറോനയുടെ ജനറൽ ബോഡി യോഗം ചേറ്റുപ്പുഴ കർമ്മലമാതാ ദൈവാലയത്തിൽവെച്ച് സെപ്തംബർ 15, ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടത്തി. ഫൊറോന പ്രസിഡന്റ് ഡിക്സൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ചേറ്റുപ്പുഴ യൂണിറ്റ് കൗൺസിലർ അക്ഷയ് സ്വാഗതം നൽകി. ഡോളേഴ്സ് ഫൊറോന ഡയറക്ടർ

ഫാ. ജോഷി ആളൂർ ആമുഖപ്രഭാഷണം നടത്തി. ഇടവക വികാരി ഫാ. ബോബി തറക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് യുവജനസന്ദേശം നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **ഫാ. ഫെബിൻ കൂത്തൂർ** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




# ചിൽഡ്രൻസ് മിനിസ്ട്രി

1. **ആനിമേറ്റേഴ്സ് സെമിനാർ**

   തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. സംഘടനകളിലെ ആനിമേറേഴ്സിനായി അർദ്ധദിന സെമിനാർ **ഒക്ടോബർ 12** ശനിയാഴ്ച ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണി വരെ നടത്തുന്നു.

2. **ബൈബിൾ പൂക്കളേഴ്സ് 2019**

   ഓണാഘോഷത്തോടനുബന്ധിച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി, ജൂനിയർ സി. എൽ. സി. യുടെ നേതൃത്വത്തിൽ കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ ഹയർ സെക്കഡറി സ്കൂളിൽ വച്ച് നടത്തിയ **ബൈബിൾ പൂക്കളേഴ്സ് 2019 പൂക്കള മത്സര**ത്തിൽ 30 ഇടവകകൾ പങ്കെടുത്തു. പൊങ്ങണംകാട് സെന്റ് മേരീസ് ഇടവക ഒന്നാം സ്ഥാനവും, കുണ്ടൂക്കാട് സെന്റ് ജോസഫ് ഇടവക രണ്ടാം സ്ഥാനവും, വില്ലടം സെന്റ് തോമസ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വേലൂപ്പാടം, മുക്കാട്ടുകര, പാറേംപാടം, മരിയപുരം, ചൊവ്വൂർ, ചിയ്യാരം, നെല്ലങ്കര, കാവീട്, കണ്ടശാംകടവ്, ചെങ്ങാലൂർ, എന്നീ ഇടവകകൾ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി. രാവിലെ 9 മണിക്ക് ആരംഭിച്ച പൂക്കള മത്സരം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേലിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും, മുതിർന്നവർക്കും വിവിധങ്ങളായ കളികൾ സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ കുട്ടികളെ സന്ദർശിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വിജയികൾക്കുള്ള സമ്മാനദാനം

റവ. ഫാ. തോമസ് ചൂണ്ടൽ നിർവ്വഹിച്ചു. പൂക്കള മത്സരത്തിന്റെ വിജയത്തിനായി സഹകരിച്ച ബ്രദേഴ്സിനും, ആനിമേറ്റേഴ്സിനും, ലീഡേഴ്സിനും നന്ദി.

3. **കലാമത്സരങ്ങൾ 2019**

**അതിരൂപതാ മത്സരങ്ങൾ:** തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തുന്നു. ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയവർ മാത്രം അതിരൂപതാ തല മത്സരം **നവംബർ 9 ശനിയാഴ്ച** നടത്തുന്നതായിരിക്കും.

അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചിരിക്കുന്നു. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു. ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ ചെയ്യാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോന തല മത്സരം ഒക്ടോബർ മാസം രണ്ടാമത്തെ ആഴ്ച വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറേഴ്സും ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങേണ്ടതാണ്.

4. **സെയിന്റ്സ് ക്വിസ്സ് 2019**

ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ്സ് **ഒക്ടോബർ 27ന്** നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ കാറ്റക്കിസം ഹെഡ്മാസ്റ്ററുടെവശം കൊടുത്തുവിടുന്നതാണ്. വൈദികരോ, ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അവർ നിയമിക്കുന്ന ടീച്ചർമാർ വന്ന് ചിൽഡ്രസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപറ്റേണ്ടതാണ്. സെയിന്റ്സ് ക്വിസ്സ് 2019 പഠന സഹായി ചിൽഡ്രസ് മിനിസ്ട്രി ഓഫീസിലും, അതിരൂപതാ ബുക്ക് സ്റ്റാളിലും, ലഭ്യമായിരുക്കും. 15 രൂപയ്ക്കാണ് പഠനസഹായി വില്ക്കപ്പെടുക. ഫൊറോന തലം **നവംബർ 24** ഞായറാഴ്ച ഫൊറോന കേന്ദ്രത്തിലും, **അതിരൂപതാ തലം 2020 ജനുവരി 11,** ശനിയാഴ്ച ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

5. **തിരുബാലസംഖ്യം**

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചരിക്കേണ്ടതാണ്. അന്ന് പതാകദിനമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ കൊന്ത ചൊല്ലാനും

വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

6. **ജൂനിയർ സി എൽ സി**

ഒകടോബർ മാസം ജൂനിയർ സി എൽ സി അംഗങ്ങൾ കൊന്തമാസം ആചരിക്കേണ്ടതാണ്. വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കുകയും, ചെറിയ ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന കളക്ഷൻ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 20 ന് മുമ്പായി എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

7. **അൾത്താരസംഘം**

ഒക്ടോബർ 1 – ാം തിയ്യതി മുതൽ 31 –ാം തിയ്യതി വരെ കൊന്ത മാസം ആചരണമാണല്ലോ. അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. വൃദ്ധരായ രോഗികൾക്കും, അനാഥരായ കുഞ്ഞുങ്ങൾക്കുവേണ്ടിയും പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന തുകയും (Prayer Friend Collection), ക്രിസ്മസ് കാർഡും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 20 ന് മുമ്പായി എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

8. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** നമുക്കു നമ്മുടെ വഴികൾ സൂഷ്മമായി പരിശോധിക്കുകയും കർത്താവിങ്കലേക്ക് തിരിയുകയും ചെയ്യാം. (വിലാ. 3: 40)

**സുകൃതജപം:** എന്റെ അമ്മേ, എനിക്കുവേണ്ടി മാധ്യസ്ഥം വഹിക്കേണമേ.

**പ്രാർത്ഥനാ നിയോഗം:** സുവിശേഷപ്രഘോഷണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. കൊച്ചുത്രേസ്യ (ഒക്ടോബർ 1)

**പ്രവർത്തനം:** ഈശോയെകുറിച്ച് മറ്റുള്ളവരോട് സംസാരിക്കാൻ ശ്രമിക്കുക.

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ



# കത്തോലിക്ക കോൺഗ്രസ്

1. **കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ മീറ്റ്**
   കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സെപ്റ്റംബർ 29,30 തിയതികളിലായി ദുബായിൽ വെച്ച് സംഘടിപ്പിച്ചു. അതിരൂപത പ്രതിനിധികൾ മീറ്റിൽ പങ്കെടുത്തു സംസാരിച്ചു.
2. **അത്മായ നേതൃസംഗമം**
   യൂണിറ്റ്, ഫൊറോന, രൂപത നേതൃനിരക്കുള്ള നേതൃസംഗമം 21ന് ഫാമിലി അപ്പസ്തോലെറ്റ് സെന്ററിൽ വെച്ച് സംഘടിപ്പിച്ചു. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. റവ. ഫാ. നോബിൾ പാറക്കൽ ക്ലാസ്സ് നയിച്ചു. അനുമോദനങ്ങളും വരുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ചർച്ചകളും സംഘടിപ്പിച്ചു.
3. **ന്യൂനപക്ഷ അവകാശവേദി രൂപീകരിച്ചു**
   കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിരൂപതതല ന്യൂനപക്ഷ അവകാശവേദി രൂപീകരിച്ചു. ഡോ. ഇഗ്നേഷ്യസ് ആന്റണി കൺവീനറും, ശ്രീ റോണി അഗസ്റ്റിൻ സെക്രട്ടറിയായും നിയോഗിച്ചു. സെപ്റ്റംബർ 7ന് നടന്ന ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്ങിൽ 4 സെഗ് മന്റുകളായി കാര്യങ്ങൾ അവതരിപ്പിച്ചു.
4. **യൂണിറ്റ് രൂപീകരണം തുടരുന്നു**
   വിവിധ ഫൊറോനകളിലെ യൂണിറ്റുകൾ ഇല്ലാത്ത ഇടവകകൾ കേന്ദ്രീകരിച്ചുള്ള യൂണിറ്റു രൂപീകരണ ദൗത്യം വിജയപ്രദമായി തുടരുന്നു.

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സെൻട്രൽ കൗൺസിൽ വാർത്തകൾ**

കോൺഫ്രൻസ് ഭാരവാഹികൾക്കുവേണ്ടി മേഖലാ തലത്തിൽ ജൂൺ 9, 16, 23, 30 തീയതികളിലായി പരിശീലന ക്ലാസ്സുകൾ വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ച് നടത്തി. ബ്ര. കെ.കെ. പോൾസൺ, ബ്ര. പി.ഐ. ജോസഫ്, ബ്ര. ബേബി തെക്കൻ എന്നിവർ ക്ലാസ്സെടുത്തു. സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിൻസെൻഷ്യൻ യുവജന ദിനത്തോടനുബന്ധിച്ച് സന്നദ്ധ രക്തദാന ക്യാമ്പും, സൗജന്യ ഫലവൃക്ഷതൈ വിതരണവും നടത്തി. പ്രസ്തുത പരിപാടികൾ സി. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കൻ ഉദ്ഘാടനവും, സി. സി. പ്രസിഡണ്ട് കെ. എ. ഷിബു അദ്ധ്യക്ഷതയും, നാഷണൽ കൗൺസിൽ യൂത്ത് പ്രതിനിധി ബ്ര. അബിൽ മൈക്കിൾ സന്ദേശവും, ബ്ര. ജിനോ ജോസ്, ബ്ര. അരുൺ സൈമൺ സി, ബ്ര. എം. ഒ. സിബിൻ എന്നിവർ നേതൃത്വവും നൽകി. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി രണ്ടാംഘട്ട പ്രൊജക്ടുകൾ നാഷണൽ കൗൺസിലിന് സമർപ്പിച്ചു. മാർ. ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാളിൽ സെൻട്രൽ കൗൺസിൽ ഭാരവാഹികൾ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

ചേർപ്പ് കോൺഫ്രൻസ് അംഗം ബ്ര. വി. വി. വിൽസന്റെ നിര്യാണത്തിൽ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. തൃശൂർ സെൻട്രൽ കൗൺസിലിന്റെ 71-ാം വാർഷികാഘോഷം 06-10-2019 ഞായറാഴ്ച രാവിലെ 9 മുതൽ വെണ്ടോർ സെന്റ്. മേരീസ് ദൈവാലയത്തിൽവെച്ച് നടത്തുന്നതാണ്. പ്രസ്തുത ആഘോഷപരിപാടികളിലേക്ക് ബഹു. ആദ്ധ്യാത്മികോപദേഷ്ടാക്കളേയും, സി. സി. അംഗങ്ങളേയും, എ.സി. ഭാരവാഹികളേയും, കോൺ ഫ്രൻസ് പ്രസിഡണ്ടുമാരേയും ക്ഷണിക്കുന്നു. സെപ്തംബർ 27-ാം തീയതി ഇടവകയിൽ വി. വിൻസന്റ് ഡി പോളിന്റേയും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസ്സാനാമിന്റേയും, തിരു

നാളാഘോഷിക്കുകയും, സെപ്തംബർ മാസം അംഗത്വ മാസമായി ആചരിച്ച് കോൺഫ്രൻസുകളിൽ പുതിയ അംഗങ്ങളെ ചേർക്കേണ്ട താണ്. അവിണിശ്ശേരി കോൺഫ്രൻസിനും, ആർത്താറ്റ് വനിത കോൺഫ്രൻസിനും, അഗ്രിഗേഷൻ ലഭിച്ചിരിക്കുന്നു. മതബോധനം 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ വിൻസെൻഷ്യൻ ക്വിസ് മത്സരത്തിൽ താഴെപറയുന്നവർ സമ്മാനി തരായി.

1st ഹന്ന ജോജു – മണ്ണംപേട്ട ഇടവക–പുതുക്കാട് ഫൊറോന.

2nd ജീന ട്രിസ പി.കെ–ഏങ്ങണ്ടിയൂർ ഇടവക–കണ്ടശ്ശാംകടവ് ഫൊറോന.

3rd മെൽഗ ജോയ്–മരോട്ടിച്ചാൽ ഇടവക–പുത്തൂർ ഫൊറോന.

**ഫാ. റോയ് മൂക്കൻ**

ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. എ. ഷിബു** — പ്രസിഡണ്ട്

**കെ. കെ. പോൾസൺ** — സെക്രട്ടറി




1. **കലോത്സവം ഒക്ടോബർ 2 ന്**

KCSL അതിരൂപതാ കലോത്സവം ഒക്ടോബർ 2ന് കാലത്ത് 9.30 തൃശൂർ സെന്റ് തോമസ് കോളേജിലും സെന്റ് തോമസ് കോളേജ് HSS ലുമായി നടക്കുന്നു. മത്സരത്തിന് സമയത്തുതന്നെ എത്തിച്ചേ രാൻ ശ്രമിക്കുക. അന്നുതന്നെ സമ്മാനങ്ങളും വിതരണം ചെയ്യുന്നു. മറക്കാതെ അവ വാങ്ങി കൊണ്ടുപോകാൻ ശ്രദ്ധിക്കുക.

2. **ക്രിസ്ത്യൻ ഹെറിറ്റേജ് കലോത്സവം ഒക്ടോബർ 12 ന്**

KCSL അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് നടത്തുന്ന ക്രിസ്ത്യൻ ഹെറിറ്റേജ് കലോത്സവം ഒക്ടോബർ 12 ന് തൃശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കണ്ടറി സ്കൂളിൽ നടക്കുന്നു.

**മത്സര ഇനങ്ങൾ:**

1. മാർഗ്ഗംകളി (പെൺകുട്ടികൾക്കു മാത്രം)

2. ചവിട്ടുനാടകം

3. പുത്തൻപാന സംഘഗാനാലാപനം

പേരു നൽകിയവർ കൃത്യസമയത്തു തന്നെ സ്റ്റേജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(മത്സരസമയ ക്രമം ബ്ലോഗിൽ കൊടുത്തിട്ടുണ്ട്)

**3. ചാരിറ്റി കൂപ്പൺ മെമ്പർഷിപ്പ് തുക, പുസ്തകവില**

ചാരിറ്റി കൂപ്പൺ മെമ്പർഷിപ്പ് തുക, പുസ്തകവില തുടങ്ങിയവ കൊടുത്തു തീർക്കാത്തവർ വേഗംതന്നെ അവ ട്രഷററെ ഏല്പിക്കേണ്ടതാണ്. അവ സെന്റ് തോമസ് കോളേജ് HSS ൽ വാങ്ങിക്കുന്നതല്ല. (ട്രഷറർ 9447671428, കൂപ്പൺ കൺവീനർ 9496346282)

**4. സ്കോളർഷിപ്പ് വിതരണം ശതാബ്ദി സമാപന സമ്മേളനത്തിൽ**

ഈ വർഷത്തെ വിവിധ സ്കോളർഷിപ്പുകൾ ജനുവരിയിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തിൽവെച്ച് വിതരണം ചെയ്യുന്നു. ഡിസംബർ മാസത്തിൽ അർഹരായവരുടെ പേരുകൾ ബ്ലോഗിൽ കൊടുക്കുന്നതാണ്.

**5. ഒക്ടോബർ 16 വി. അൽഫോൻസദിനം**

ഒക്ടോബർ 16ന് വി. അൽഫോൻസദിനം സമുചിതമായി സ്കൂളുകളിൽ ആഘോഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രസംഗ ഉപന്യാസ മത്സരങ്ങൾ യൂണിറ്റുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**6. ശതാബ്ദി ഇവന്റ്**

ശതാബ്ദി ഇവന്റുകൾ സംഘടിപ്പിക്കാത്ത സ്കൂളുകൾ അവ സംഘടിപ്പിച്ച് അതിരൂപതയെ അറിയിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

## മദ്യ വിരുദ്ധ സമിതി KCBC

**1. ക്വിറ്റ് ലിക്വർ ഡേ ആചരണം**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോട് 'കടക്കു പുറത്ത്' എന്നു പ്രഖ്യാപിച്ച ദിവസമാണ് ഓഗസ്റ്റ് 9 – ക്വിറ്റിന്ത്യാ ഡേ. ലോകം കണ്ട ഏറ്റവും വലിയ മദ്യനിരോധനവാദിയായ അദ്ദേഹം എന്നുമെപ്പോഴുമെവി

ടെയും ആവശ്യപ്പെട്ടിരുന്നു, ആക്രോശിച്ചിരുന്നു, മദ്യപ്പിശാചിനെ ആട്ടിയോടിക്കണമെന്ന്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ മദ്യവിരുദ്ധസമിതി ആഹ്വാനം ചെയ്യുന്നതും മറ്റൊന്നല്ല. മദ്യമയക്കുമരുന്നുകളിൽ നിന്ന് വിമുക്തമായ ഒരു സഭയും സമൂഹവും, വ്യക്തികളും കുടുംബങ്ങളും ഇവിടെ സംജാതമാകണം. ഈ സാഹചര്യത്തിലാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഓഗസ്റ്റ് 9 ക്വിറ്റ് ലിക്വർ ഡേ ആയി ആചരിച്ചത്. കൽദായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ **മാർ അപ്രേം മെത്രാപ്പോലീത്ത ഓഗസ്റ്റ് 9 ന് കാലത്ത് 9 മണിക്ക്** അദ്ദേഹത്തിന്റെ അരമന അങ്കണത്തിൽ ഈ ബോധവൽക്കരണ പ്രയാണം ഉദ്ഘാടനം ചെയ്തു. തൃശൂർ, വടക്കാഞ്ചേരി, വേലൂർ, എരുമപ്പെട്ടി, കുന്ദംകുളം തുടങ്ങിയ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ദൈവാലയ – വിദ്യാലയങ്ങളിൽ ഉൾപ്പെടെ പര്യടനം നടത്തുകയും സ്വീകരണങ്ങൾ സംഘടിപ്പിച്ച് ബോധവൽക്കരണം നൽകുകയുമാണ് ചെയ്തത്. ചെമ്മണ്ണൂർ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വൈകീട്ട് 6.30 ന് യാത്ര സമംഗളം സമാപിച്ചു. ജാഥാ ക്യാപ്റ്റൻ ശ്രീ ജോൺസൺ കുന്നംപ്പിള്ളി, വികാരി ഫാ. ആന്റോസ്, സംഘടന ഭാരവാഹികൾ തുടങ്ങിയവർക്കെല്ലാം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ.

**2. 22–ാം വാർഷികാഘോഷം**

നമ്മുടെ പ്രസ്ഥാനത്തിന്റെ വാർഷികാഘോഷം ഒക്ടോബർ 2 ന് രാവിലെ 9.45 ന് പതാക ഉയർത്തിക്കൊണ്ട് വാ. മാറ്റ് ടാൽബോത്ത് നഗറിൽ–തൃശ്ശൂർ പുത്തൻപള്ളി ബേസ്മെന്റ് ഹാളിൽ–സമാരംഭിക്കുന്നു. ബഹു. എം.പി. ടി.എൻ. പ്രതാപൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രസിഡണ്ട് ശ്രീ. എം.കെ. ബാബു അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോൺ അരീക്കൻ അനുഗ്രഹപ്രഭാഷണം നടത്തും. മദ്യ നിരോധനസമിതി സംസ്ഥാന പ്രസിഡണ്ട് ബഹു. ഫാ. വർഗീസ് മുഴുത്തേറ്റ് ആയിരിക്കും മുഖ്യ പ്രഭാഷകൻ. മോൺ. ജോസ് വള്ളൂരാൻ, ശ്രീ. ഇസാബീൻ അബ്ദുൾ കരീം, ഡോ. മേരി റജീന, ശ്രീ. ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ ആശംസകൾ അർപ്പിക്കുന്നതാണ്. മുഴുവൻ പരിപാടികളിലേക്കും ഏവരേയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു. പരിപാടിയുടെ വിജയത്തിന് ശ്രീ. സി.പി. ഡേവീസ് കൺവീനറായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

**3. പുതിയ യൂണിറ്റുകൾ**

ഒല്ലൂക്കര, പറവട്ടാനി, ചെമ്മണ്ണൂർ, തുടങ്ങിയ ഇടവകകളിൽ മദ്യവി

രുദ്ധ സമിതിയുടെ പുതിയ യൂണിറ്റുകൾ നിലവിൽ വന്നു. പുതിയ ഭാരവാഹികൾക്ക് വിജയാശംസകൾ. സഹകരിച്ച വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി. യൂണിറ്റുകൾ സംഘടിപ്പിക്കുന്നതിന് ഉത്സാഹിച്ച ശ്രീ. എം.കെ.ബാബു, ശ്രീ. ഫ്രാൻസിസ്, ശ്രീ. ജോസ് ചെമ്പിശ്ശേരി, ശ്രീ. ജോൺസൺ കുന്നംപ്പിള്ളി, ശ്രീ. ഫ്രാൻസിസ് നെല്ലങ്കര, റവ. സി. റോസിലിൻ എഫ്.സി.സി. തുടങ്ങിയവരുടെ സേവനങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 698-ാമതും തൃശൂർ കൂരിയായുടെ 749-ാമതും സമ്മേളനം 2019 സെപ്റ്റംബർ 1 ഞായറാഴ്ച പാസ്റ്ററൽ സെന്ററിലുള്ള മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ ഹാളിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ അച്ചന്റെ സാന്നിദ്ധ്യത്തിലും കൂടുകയുണ്ടായി. വൈസ് പ്രസിഡന്റ് സി. എൽസി ജോണി പ്രാരംഭ പ്രാർത്ഥനയും ജപമാലയും നടത്തി.

**ഉദ്യോഗസ്ഥ സെമിനാർ**

കമ്മീസിയത്തിന് കീഴിലുള്ള എല്ലാ പ്രസീദിയങ്ങളിലേയും കൂരിയകളിലേയും അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികൾ ആഗസ്റ്റ് മാസം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. പുതിയ ഭാരവാഹികൾക്ക് ലീജിയൻ ഓഫ് മേരി സംഘടനയുടെ പ്രവർത്തനത്തെകുറിച്ച് പഠിക്കുന്നതിനും ഭാരവാഹികളുടെ ചുമതലയെക്കുറിച്ചും മറ്റും മനസ്സിലാക്കുന്നതിനായി ഒരുക്കിയ അർദ്ധദിന ഉദ്യോഗസ്ഥ സെമിനാർ മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ ഹാളിൽ വെച്ച് ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ ഉദ്ഘാടനം ചെയ്തു. കമ്മീസിയം പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബ്ര. ജേക്കബ് പാല

യൂർ – മുല്ലശ്ശേരി, പി.എ ജോഷി – കണ്ടശ്ശാങ്കടവ്, കെ.പി. ജോയ് – ഒല്ലൂർ, പി.സി. കുരിയപ്പൻ – പറവട്ടാനി എന്നിവർ ക്ലാസ്സ് നയിച്ചു. 200 ഓളം മരിയ സൈനീകർ പങ്കെടുത്ത സമ്മേളനത്തിൽ ലീജിയൻ ഓഫ് മേരി സംഘടനയുടെ 100–ാം വാർഷീകം 2021 ൽ ആഘോഷിക്കുന്നതിനെകുറിച്ച് സെക്രട്ടറി ഓർമ്മിപ്പിച്ചു. ഒക്ടോബർ മാസം കമ്മീസിയം സമ്മേളനത്തിൽ വെച്ച് കമ്മീസിയം ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതിന് നോമിനേഷൻ കമ്മറ്റിയെ നിയമിച്ചു. ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദി പറഞ്ഞു. അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ,

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ.പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |



# തൃശ്ശൂർ അതിരൂപത കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **സബ്സോൺ നേതൃത്വ പുനഃക്രമീകരണങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സബ്സോൺ (ഫൊറോന) തല നേതൃത്വത്തിന്റെ പുനഃക്രമീകരണങ്ങൾ താഴെ പറയുന്ന തീയതികളിൽ നടത്തുന്നു.

തീയതി

ഫൊറോന/സബ്സോൺ

1. സെപ്റ്റംബർ 28 ശനി രാവിലെ 9.30 മുതൽ 12.30 വരെ കൊട്ടേക്കാട്
2. സെപ്റ്റംബർ 28 ശനി ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 വരെ പറപ്പൂർ
3. സെപ്റ്റംബർ 29 ഞായർ ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 വരെ പാലയൂർ
4. ഒക്ടോബർ 4 വെള്ളി ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ചേലക്കര
5. ഒക്ടോബർ 5 ശനി രാവിലെ 9.30 മുതൽ 12.30 വരെ വടക്കാഞ്ചേരി
6. ഒക്ടോബർ 5 ശനി ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ എരുമപ്പെട്ടി

7. ഒക്ടോബർ 6 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ഒല്ലൂർ
8. ഒക്ടോബർ 11 വെള്ളി 2 മുതൽ 5 മുതൽ വരെ പട്ടിക്കാട്
9. ഒക്ടോബർ 12 ശനി രാവിലെ 9.30 മുതൽ 12.30 വരെ മറ്റം
10. ഒക്ടോബർ 12 ശനി ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ വേലൂർ
11. ഒക്ടോബർ 13 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ബസിലിക്ക
12. ഒക്ടോബർ 19 ശനി രാവിലെ 9.30 മുതൽ 12.30 വരെ പുതുക്കാട്
13. ഒക്ടോബർ 19 ശനി ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ലൂർദ്ദ്
14. ഒക്ടോബർ 20 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ പുത്തൂർ
15. ഒക്ടോബർ 26 ശനി രാവിലെ 9.30 മുതൽ 12.30 വരെ കണ്ടശാംകടവ്
16. ഒക്ടോബർ 26 ശനി ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ പഴുവിൽ

**2. സബ്സോൺ സർവീസ് ടീമിനുള്ള നേതൃ പരിശീലന പരിപാടി**

സബ്സോൺ സർവീസ് ടീം അംഗങ്ങൾക്കുവേണ്ടിയുള്ള നേതൃത്വ പരിശീലനം രണ്ട് ബാച്ചുകളിലായി ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നു.


ബാച്ച് 1 – നവംബർ 8 വെള്ളി വൈകീട്ട് 5 മണി മുതൽ നവംബർ 9 ശനി വൈകീട്ട് 5 മണി വരെ

ബാച്ച് 2 – നവംബർ 15 വെള്ളി വൈകീട്ട് 5 മണി മുതൽ നവംബർ 16 ശനി വൈകീട്ട് 5 മണി വരെ

3. **കരിസ്മാറ്റിക് നേതൃസംഗമം**

കരിസ്മാറ്റിക് നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന സബ്സോൺ, മിനിസ്ട്രി സർവീസ് ടീമുകൾ, പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ് എന്നിവരുടെ കൂട്ടായ്മ സെപ്റ്റംബർ 7 ന് ആബാറിന്യൂവൽ സെന്ററിൽ നടന്നു. ഡയറക്ടർ റവ.ഫാ. സജീവ് ഇമ്മട്ടിയുടെ കാർമികത്വത്തിൽ ദിവ്യബലിയും ദിവ്യകാരുണ്യാരാധനയും അഭിഷേകപ്രാർത്ഥനയും നടത്തി. കേരള കരിസ്മാറ്റിക് സർവീസ് ടീം സെക്രട്ടറി പ്രൊഫ. കൊച്ചുറാണി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. മുൻ പ്രാർത്ഥനാഗ്രൂപ്പ് ലീഡർമാരെ ഉപഹാരം നൽകി ആദരിച്ചു. സോണൽ കോ–ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ്, സെക്രട്ടറി എം.എ.ബാബു, ട്രഷറർ ഇ.ടി. ജോൺസൺ, സർവീസ് ടീം അംഗങ്ങളായ വിജു പൊന്നൂക്കര, റോയ് ടി.ഒ, ബൈജു കല്ലൂക്കാരൻ, റീന റാഫേൽ, ജയ ജോയ് എന്നവർ നേതൃത്വം നൽകി.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ



# അതിരൂപത ഗായകസംഘം

തൃശ്ശൂർ അതിരൂപത ഗായകസംഘം സംഘടിപ്പിക്കുന്ന കരോൾ ഗാനമത്സരം ‘ആഞ്ചലിക് കാരൾ’ ഇത്തവണ ഇടവകതലത്തിൽ ആണ് നടത്തുന്നത്. ഫൊറോന ഭാരവാഹികൾ അവരുടെ ഫൊറോനയിൽ നിന്ന് എത്ര യൂണിറ്റുകൾ പങ്കെടുക്കുന്നുണ്ടെന്ന് അതിരൂപതയിൽ എത്രയും വേഗം അറിയിക്കണം. ഒക്ടോബർ മാസത്തിൽ ഓഡീഷൻ നടത്തി ടീമുകളെ തെരഞ്ഞെടുക്കും. ഫൈനൽ മത്സരം 2019 ഡിസംബർ 14ന് നടത്തപ്പെടും. കോറസ് സിംഗിനാണ് മുൻഗണന. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ടോമി പന്ത്രണ്ടേൽ**
പ്രസിഡന്റ്

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

# ജീസസ്സ് യൂത്ത്

തൃശ്ശൂർ അതിരൂപത ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിലും വിവിധ ഫൊറോനകളിലെ ജീസസ്സ് യൂത്ത് കൂട്ടായ്മകളുടെ നേതൃത്വത്തിലും ഇടവക തലത്തിൽ നല്ല നേതൃത്വങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ധ്യാനം, ലീഡേഴ്സ് ട്രെയിനിങ് തുടങ്ങിയവയോടൊപ്പം മറ്റു പ്രോഗ്രാമുകളും സെപ്റ്റംബർ 11 മുതൽ 14 വരെയുള്ള ദിവസങ്ങളിലായി നടന്നു.

1. **ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമുകൾ**
   ലൂർദ്ദ് : ‘PLF’ പാരിഷ് ലീഡേഴ്സ് ഫെസ്റ്റ്, സ്നേഹാശ്രമം വെട്ടുകാട്, 25 യുവജനങ്ങൾ പങ്കെടുത്തു

ഒല്ലൂർ : 'APOSTHALS' ഗലീലി റിന്യൂവൽ സെന്റർ ചിയ്യാരം, 20 യുവജനങ്ങൾ പങ്കെടുത്തു

വേലൂർ : 'Jeremiah the Prophet' ലിസ്യു ഭവൻ വേലൂർ. 55 യുവജനങ്ങൾ പങ്കെടുത്തു

ടീൻസ് മിനിസ്ട്രി : 'IGNITE' സിയോൺ സെന്റർ കുറ്റൂർ. 12 പേര് പങ്കെടുത്തു

**2. പ്രാരംഭധ്യാനങ്ങൾ**

മറ്റം : 'VAITHOS', ഡി പോൾ സ്ക്കൂൾ ചൂണ്ടൽ. 50 യുവജനങ്ങൾ പങ്കെടുത്തു

കിഡ്സ് മിനിസ്ട്രി : 'KFC' (കിഡ്സ് ഫോർ ക്രൈസ്റ്റ്), ലിറ്റിൽ ഫ്ളവർ സ്ക്കൂൾ ഒളരി. 90 കുട്ടികൾ പങ്കെടുത്തു.

കൊട്ടേക്കാട് : 'RUACH' നിർമൽ ജ്യോതി സെൻട്രൽ സ്ക്കൂൾ മുണ്ടൂർ, 127 യുവജനങ്ങൾ പങ്കെടുത്തു

**3. മറ്റുപ്രോഗ്രാമുകൾ**

എരുമപ്പെട്ടി : 'LILLIES' ഗേൾസ് ഗാദറിംങ്, സെന്റ് ആൻസ് എഫ്. സി കോൺവെന്റ്, മങ്ങാട്. 30 പേർ പങ്കെടുത്തു.

ഫാമിലി സ്ട്രീം : 'FSG' (ഫ്രൈഡേ സ്പിരിചൽ ഗാദറിംങ്), ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ വച്ച് 13 ന് വൈകീട്ട് 6.30 മുതൽ 10.30 വരെ നടന്നു. 50 കുടുംബങ്ങൾ പങ്കെടുത്തു

ഇന്റർ സെഷൻ മിനിസ്ട്രി : കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ, സെപ്റ്റംബർ 14 നു ഫാമിലി അപ്പസസതോലേറ്റിൽ വച്ചു നടന്നു. 50 പേർ പങ്കെടുത്തു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
**ഡയറക്ടർ**

**1. ജോർജ് നെല്ലായി അനുസ്മരണം**

തൃശൂർ കലാസദന്റെ ആഭിമുഖ്യത്തിൽ പ്രശസ്ത നോവലിസ്റ്റ് ജോർജ് നെല്ലായിയുടെ 23–ാം ചമരവാർഷികദിന അനുസ്മരണവും പുഷ്പാർച്ചനയും നടത്തി. പ്രൊഫ. ജോർജ് മേനാച്ചേരി ഉദ്ഘാടനം

ചെയ്തു. *ജോർജ് നെല്ലായിയുടെ തെരഞ്ഞെടുത്ത നോവലുകൾ സാഹിത്യ അക്കാദമി ഏറ്റെടുത്ത് പ്രസിദ്ധീകരിക്കണമെന്നും അക്കാദമി അംഗം കൂടിയായിരുന്ന ജോർജ് നെല്ലായിയുടെ ചിത്രം അക്കാദമിയിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.* പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ഡോ. ദേവസി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി. ബേബി മൂക്കൻ, ഫാ. ഫിജോ ആലപ്പാടൻ, ബ്രദർ ജെയിംസ് കാരിക്കാട്ട്. പി.എം. എം. ഷെരീഫ് ജെയ്ക്കബ് ചെങ്ങലായ്, ഡോ. സുനിൽ സണ്ണി എന്നിവർ പ്രസംഗിച്ചു.

**2. കലാസദൻ തേൻതുള്ളികൾ**

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി ഏറെ ജനകീയമായ സംഗീത പരമ്പര 'കലാസദൻ തേൻതുള്ളി'കളുടെ മൂന്നാം പാദത്തിലെ ആദ്യ സംഗീതവിരുന്ന് **'സുവർണ്ണഗീതങ്ങൾ'** 2019 സെപ്റ്റംബർ 29 ന് ഞായറാഴ്ച വൈകീട്ട് 6 മണിക്ക് DBCLC A/C ഓഡിറ്റോറിയത്തിൽ അരങ്ങേറി

മലയാള ചലച്ചിത്രഗാനശാഖയിൽ അര നൂറ്റാണ്ട് പിന്നിട്ടിട്ടും ആസ്വാദകർ കൊതിയോടെ നെഞ്ചോട് ചേർത്ത് താലോലിക്കുന്ന അനശ്വര ഗാനങ്ങളാണ് ഈ വിരുന്നിൽ ഒരുക്കിയിരുന്നത്.

**3. കലാസദൻ നൃത്ത അരങ്ങേറ്റ സംഗമം**

നൃത്തം അഭ്യസിക്കുന്നവർക്കായി തൃശ്ശൂർ കലാസദൻ അരങ്ങേറ്റത്തിന് വേദിയൊരുക്കുന്നു. തൃശ്ശൂർ രൂപതയുടെ കലാസാംസ്ക്കാരിക സംഘടനയായ കലാസദന്റെ നേതൃത്വത്തിൽ നൃത്ത വിദ്യാർത്ഥികൾക്കായി 2019 ഒക്ടോബർ 12 ന് തൃശ്ശൂർ ഫാമിലി അപ്പോസ്തലൈറ്റിൽ വേദിയൊരുക്കുന്നു. പങ്കെടുക്കുന്ന കലാകാരന്മാർക്ക് കലാസദന്റെ സർട്ടിഫിക്കറ്റ് നല്ക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരമുള്ളത്. ഒക്ടോബർ 2 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രഷൻ ഫീ ഒരാൾക്ക് 500 രൂപയാണ്. ഗ്രൂപ്പായും അരങ്ങേറ്റം നടത്താവുന്നതാണ്. ക്രിസ്ത്യൻ തീം തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡന്റ്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി



# പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**1. അതിരൂപത മാധ്യമദിനം**

തൃശ്ശൂർ അതിരൂപത മാധ്യമദിനം സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് സീനിയർ സൗണ്ട് മിക്സിംഗ് എഞ്ചിനീയർ ശ്രീ. ജസ്റ്റിൻ ജോസിന് സമർപ്പിച്ചു. പതിനായിരത്തിയൊന്ന് രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് അവാർഡ്.

ഫാ. ജോസ് കണ്ണമ്പുഴ മുഖ്യപ്രഭാഷണം നടത്തി. അവാർഡ് ജേതാവ് ജസ്റ്റിൻ ജോസ്, മോൺ. ജോസ് വല്ലൂരാൻ, ഫാ. നൈസൻ ഏലന്താനത്ത്, ഫാ. ജോസ് ചാലക്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, ജോർജ്ജ് ചിറമ്മൽ, ജോഷി വടക്കൻ, ജോയ് മണ്ണൂർ, ഫ്രാങ്കോ ലൂവീസ്, ബാബു ചിറ്റിലപ്പിള്ളി, ഷിന്റോ മാത്യു തുടങ്ങിയവർ സംസാരിച്ചു. പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കും കഥ, കവിത, ലേഖനം, ഫീച്ചർ, എഡിറ്റോറിയൽ, മുഖചിത്രം, വികാരിയച്ചന്റെ പംക്തി തുടങ്ങി മറ്റു മത്സര വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**2. ബുള്ളറ്റിനുകൾ, ഫോട്ടോസ്**

മത്സരത്തിനായി സമർപ്പിച്ച ബുള്ളറ്റിനുകളും സമ്മാനാർഹരായ വരുടെ ഫോട്ടോസും ആർച്ച്ബിഷപ്സ് ഹൗസ് എൻക്വയറി കൗണ്ടറിൽ നിന്നും ലഭിക്കും.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്

**ഫാ. നൈസൻ ഏലന്താനത്ത്**
ഡയറക്ടർ






# അതിരൂപത
# മാധ്യമദിനം
**2019 ആഗസ്റ്റ് 31**

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.09.2019
**October- 2019**



**പരി. ജപമാല രാജ്ഞി...**
**ഞങ്ങൾക്കുവേണ്ടി**
**പ്രാർഥിക്കണേ...**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor